P.R.O. cl IV A. class text

GEOGRAPHY
OF
THE MADRAS PRESIDENCY

By

P. R. HARIHARA IYER, B. A., L. T. GEOG.,

Geography Assistant,

Govt. Training Institution, Ramavarmapuram.

1124

 [Price 0—7—10

PREFACE


I have attempted in this Book to present the varied life lived by the people of the province of Madras, with the physical region as its background. The treatment of the subject is, in the main, psychological and descriptive, and the idea of Natural region and of life therein as determined and shaped largely by its characteristics, is developed by proceeding from facts to their explanation sequentially. I have tried to draw attention to major factors both under the physical and human aspects, eliminating minor, intricate details. My aim is to develop the conceptional process, in relation to the geographic sequence, as applied to the study of the Geography of the Madras Presidency.

Each map or diagram is to be read before the distribution concerned is done, in detail, in the class, and attention may be drawn to the prior map to get the explanation for the particular distribution taught. Through the maps, running revisions of the subject easily become possible also.

I have tried to suit the style of the book to the linguistic capacity of the class which can have had only three years' training in language work.

THE AUTHOR.

വിഷയവിവരം



മദ്രാസ്സ് സംസ്ഥാനം

ഒന്നാം ഖണ്ഡം

അദ്ധ്യായം 1.

സൌരമണ്ഡലം.

നിങ്ങൾ ഈ പുസ്തകത്തിൽ പഠിക്കുവാൻ പോകുന്നതു് മദ്രാസ്സ് സംസ്ഥാനത്തിലെ ജനങ്ങളേയും, അവർ താമസിക്കുന്ന ഭൂഭാഗത്തിൻെറ പ്രകൃതിവിശേഷങ്ങളേയും, ഈ പ്രകൃതിസ്വഭാവങ്ങളെ അടിസ്ഥാനപ്പെടുത്തി അവർ ചെയ്തുവരുന്ന ജോലികളേയും, തൊഴിലുകളുടെ അഭിവൃദ്ധിക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള ഗതാഗതസൌകര്യങ്ങളേയും, അവരുടെ ഭരണരീതിയെയും പററിയാണു്. ഈ സംഗതികൾ എല്ലാം മനസ്സിലാക്കുന്നതിനുമുമ്പു സൌരമണ്ഡലത്തെപ്പററിയും, ഭൂഗോളത്തെസ്സംബന്ധിച്ചും ചിലതെല്ലാം നിങ്ങൾക്കു് ഗ്രഹിപ്പാനുണ്ടു്. അതുകൊണ്ടു് അവയെപ്പററി പ്രഥമമായി പറയാം.

നാം നിവസിക്കുന്ന ഭൂമി പരന്നുകിടക്കുന്നതും നാലു ഭാഗങ്ങളിലും ആകാശം തൊട്ടുകിടക്കുന്നതും ആയി നമ്മുടെ കണ്ണിന്നു തോന്നുന്നു. പകൽ അതിശോഭയുള്ള ആദിത്യനേയും, രാത്രി മഴക്കാറില്ലെങ്കിൽ തിളങ്ങുന്ന നക്ഷത്രങ്ങളേയും, സ്ഥിരമായ ചില ഭേദങ്ങളോടുകൂടി ചന്ദ്രനേയും നാം കാണുന്നുണ്ടു്.

പ്രഭാതത്തിന്നുമുമ്പ് എഴുന്നേററു നിങ്ങൾ ആകാശത്തേയ്ക്കു നോക്കിയാൽ അസംഖ്യം നക്ഷത്രങ്ങൾ ഭംഗിയോടെ മിന്നിക്കൊണ്ടിരിക്കുന്നതു കാണാം. സൂര്യോദയത്തോടുകൂടി ഇരുട്ട് അകലുമ്പോൾ നക്ഷത്രങ്ങൾ കാണാതേയും ആകുന്നു. ആദിത്യൻെറ അത്യുഗ്രമായ തേജസ്സ് നക്ഷത്രജാലങ്ങളുടെ വെളിച്ചത്തെ ഇല്ലാതാക്കുന്നു. രാത്രിയിലെന്നല്ല, പകലും ആകാശത്തിൽ എണ്ണമില്ലാത്ത നക്ഷത്രങ്ങളുണ്ട്.

കാർമേഘങ്ങളില്ലാത്ത ഒരു രാത്രിയിൽ നക്ഷത്രങ്ങളെ സൂക്ഷിച്ചുനോക്കിയാൽ ചില വ്യത്യാസങ്ങൾ കാണാം. ചിലതു വലുതായും, ചിലതു നന്നെ ചെറുതായും ഇരിക്കുന്നു. ചുരുക്കം ചിലതു സ്ഥിരമായി ശോഭിക്കയും ചെയ്യുന്നു. കുറെ ദിവസം ഇടവിടാതെ നോക്കിയാൽ ഇവയുടെ സ്ഥാനത്തിന്നു വ്യത്യാസം കാണാം. എന്നാൽ നക്ഷത്രങ്ങൾക്ക് അല്പനേരത്തിന്നുള്ളിൽ ശോഭ കുറഞ്ഞും കൂടിയും വരുന്നു. ആകാശത്തിൽ ഇവയുടെ സ്ഥാനത്തിന്നു യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല. യഥാർത്ഥത്തിൽ നക്ഷത്രങ്ങളെല്ലാം ആദിത്യനെപ്പോലെ തേജോമയമായ ഗോളങ്ങളാണെന്നും അവ അസംഖ്യംകോടി നാഴിക ദൂരെ സ്ഥിതിചെയ്യുന്നതുകൊണ്ടു് പൊട്ടുകൾപോലെ ചെറുതായി കാണുന്നുവെന്നും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അശ്വിന്യാദി 27 നക്ഷത്രങ്ങളും അവയിൽ പെട്ടതാണ്.

ആകാശത്തിൽ സ്ഥാനഭേദം വരുന്ന ഗോളങ്ങൾ ചിലതുണ്ടെന്നു പറഞ്ഞുവല്ലോ. അവ സൂര്യനോ

ട്ട് ആകൎഷണശക്തികൊണ്ടു ബന്ധിച്ചാണു് ഇരിക്കു ന്നതു്. അവയും ഭൂമിയും സൂൎയ്യനെ സദാ പരിവൎത്ത നം ചെയ്തുകൊണ്ടിരിക്കുന്നു. ഇവയ്ക്കെല്ലാം ആകാശ ത്തിൽ പ്രത്യേകം ഗമനമാൎഗ്ഗങ്ങൾ ഉണ്ടു്. ഇവ സ്വ യം പ്രകാശമില്ലാത്തവയും ആദിത്യന്റെ വെളിച്ച ത്തെ ഒരു കണ്ണാടിപോലെ പ്രതിഫലിപ്പിക്കുന്നതു കൊണ്ടു ശോഭയുള്ളവയായി തോന്നുന്നവയും ആകു ന്നു. ഈ ഗോളങ്ങളെയാണു് ഗ്രഹങ്ങൾ എന്നു പറ യുന്നതു്. (ആദിത്യനോടു് ഏററവും അടുപ്പം ബു ധൻ എന്ന ഗ്രഹത്തിനാണു്.) പിന്നെ ശുക്രനാ ണു്. ഭൂമി ശുക്രനും ചൊവ്വയ്ക്കും ഇടയിലാണു്. ആ ദിത്യനിൽനിന്നു 9,30,00,000 നാഴിക അകലെയാ ണു് ഭൂമിയുടെ സ്ഥിതി. (ഏററവും അകലെയുള്ള ഗ്രഹം പ്ലൂട്ടോ എന്നതും,) ഏററവും വലുപ്പമുള്ളതു വ്യാഴവും ആകുന്നു. (ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ, പ്ലൂട്ടോ) എന്നീ ഗ്രഹങ്ങളെല്ലാം സൂൎയ്യന്റെ ആകൎഷണശക്തി കൊണ്ടു ബന്ധിതമായി, അതിനെ ആശ്രയിച്ചു പ രിവൎത്തനം ചെയ്തുകൊണ്ടിരിക്കുന്നു. ഗ്രഹങ്ങൾക്കെ ല്ലാം അവയെ ആശ്രയിച്ചു പരിവൎത്തനം ചെയ്യുന്ന ഉപഗ്രഹങ്ങളുണ്ടു്. ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം വെയ്ക്കുന്ന ഒരു ഉപഗ്രഹമാണു്. (മദ്ധ്യസ്ഥിതനായ സൂൎയ്യനും സൂൎയ്യാശ്രിതഗ്രഹങ്ങൾക്കും അവയെ ആശ്ര യിച്ചുനിൽക്കുന്ന ഉപഗ്രഹങ്ങൾക്കും എല്ലാംകൂടിയാ ണു്, സൌരമണ്ഡലം എന്നു പറയുന്നതു്.)

പകൽ ചൂടും വെളിച്ചവും ഉണ്ടു്; രാത്രി ഇരുട്ടും

ങ്ങൾപ്പം ആകുന്നു. ഈ വ്യത്യാസത്തിന്നു കാരണം ആദിത്യനാണ്. വെറും കണ്ണുകൊണ്ടു സൂൎയ്യനെ നോക്കുവാനോ, നട്ടുച്ചയ്ക്കു കുറെനേരം വെയിലത്തു നില്പാനൊ നമുക്കു സാധിക്കാതെ വരുന്നു. ആദിത്യൻ നിസ്തുല്യതേജോമയവും, ആഗ്നേയവുമായ ഒരു മഹാഗോളമാണ്. സൂൎയ്യന്റെ തേജസ്സും, ചൂടും പകൽ ഭൂമിയിലേയ്ക്കു തട്ടുന്നു. ഭൂമിയിൽ കാണുന്ന സൎവ്വ ജീവജാലങ്ങളും ഈ തേജസ്സും ചൂടുംകൊണ്ടാണ് ഉണ്ടാകുന്നതു്. ഭൂമിക്കു ചുററുമുള്ള വായു ക്ഷോഭിച്ചു കാററുകളായി വീശുന്നതും, സമുദ്രങ്ങളിലെ ജലം മേഘമായിവൎഷിക്കുന്നതും, സസ്യാദികൾ ഭൂമിയിൽ ഉണ്ടാകുന്നതും, സസ്യങ്ങളെ ആശ്രയിച്ചു മററു പ്രാണികൾ ഉണ്ടാകുന്നതും ആദിത്യന്റെ ചൂടും തേജസ്സും കാരണത്താലാണ്. ചുരുക്കിപ്പറയുന്നതായാൽ സൂൎയ്യപ്രഭയും ചൂടും ഭൂമിക്കു കിട്ടുന്നില്ലെങ്കിൽ അതു് ഇരുട്ടടഞ്ഞു ജീവജാലശൂന്യമായ ഒരു ഗോളമായിത്തീരും.


—— * ——

അദ്ധ്യായം 2.

ഭൂമിയുടെ ആകൃതിയും, വലുപ്പവും.

ബ്രഹ്മാണ്ഡത്തിൽ നില്ക്കുന്ന ആദിത്യമണ്ഡലത്തിൽ ഭൂമിയുടെ സ്ഥിതിയെപ്പററി പറഞ്ഞുവല്ലോ. ഇനി ഭൂമിയുടെ ആകൃതി, വലുപ്പം, ചലനങ്ങൾ, ജലസ്ഥലവിഭാഗങ്ങൾ എന്നിവയെ സംബന്ധിച്ചു ഭൂമിശാസ്ത്രപഠനത്തിന്നു് ആവശ്യമായ ചില പ്രധാന

സംഗതികൾ മനസ്സിലാക്കേണ്ടതുണ്ടു്. (കാഴ്ചക്കു പരന്നിരിക്കുന്ന ഭൂമി യഥാൎത്ഥത്തിൽ ഒരു ഗോളാകൃതിയിലാണു്.) അതിന്നു വളരെ വലുപ്പമുള്ളതുകൊണ്ടാണു് നമ്മുടെ ദൃഷ്ടിക്കു വളവു തോന്നാത്തതു്. ഭൂമിയിലുള്ള അത്യുന്നതങ്ങളായ പൎവ്വതങ്ങൾപോലും വളരെ അകലെനിന്നു ദൂരദൎശിനികൊണ്ടുനോക്കിയാൽക്കൂടി കാണുന്നില്ല. എന്നാൽ അതിദൂരെയുള്ള നക്ഷ



ത്രങ്ങളും അങ്ങിനെനോക്കിയാൽ തെളിഞ്ഞുകാണുന്നതും ഉണ്ടു്. ഇതിൽനിന്നു ഭൂമിയുടെ വളവാണു് മലകളെ ദൃഷ്ടിയിൽനിന്നു മറയ്ക്കുന്നതു് എന്നു വെളിപ്പെടുന്നു. (സമുദ്രക്കരയിൽനിന്നു് അകലേയ്ക്കു പോകുന്ന

കപ്പലിൻെറ അടിഭാഗം ആദ്യവും, പാമരം ഒടുവും കാണാതെവരുന്നു. നേരെമറിച്ച്, അകലേനിന്നു കരയ്ക്കടുക്കുന്ന കപ്പലിൻെറ പാമരം ആദ്യവും, അടിഭാഗം ഒടുവും കാണാറായിവരുന്നു. ഭൂമി ഉരുണ്ടിരിക്കുന്നതുകൊണ്ടാകുന്നു ഇങ്ങിനെ കാണുന്നതു് എന്നു സ്പഷ്ടമാണല്ലോ. വടക്കെ അററവും തെക്കെ അററവുംകൊണ്ടു ഭൂമി അല്പം പരന്നുമാണു് ഇരിക്കുന്നതു്.

ഭൂമിയുടെ ഏററവും ഉത്തരഭാഗത്തിന്നും ദക്ഷിണഭാഗത്തിന്നും ധ്രുവങ്ങൾ എന്നു പറയുന്നു. ഉത്തരധ്രുവത്തിന്നും ദക്ഷിണധ്രുവത്തിന്നും ഇടയിലുള്ള ഭൂമിയുടെ അന്തർഭാഗത്തിന്നു് അക്ഷദണ്ഡം അല്ലെങ്കിൽ അച്ചുതണ്ടു് എന്നാണു് പറയുന്നതു്. ഇതു ഒരു സങ്കല്പം മാത്രമാണു്. ഈ അച്ചുതണ്ടു നേരെ ചെങ്കുത്തായിട്ടല്ല, അല്പം ഒന്നു ചരിഞ്ഞിട്ടാണു്. ഈ ചരിവു എല്ലായ്പോഴും ഒരു ദിക്കിന്നു് അഭിമുഖമായിരിക്കുകയും ചെയ്യുന്നു. വടക്കെ ധ്രുവത്തിന്നും തെക്കെ ധ്രുവത്തിന്നും സമദൂരമായി ഭൂമിയുടെ ചുററും മദ്ധ്യത്തിൽക്കൂടി ഒരു രേഖ സങ്കല്പിച്ചിട്ടുണ്ടു്. അതിന്നു മദ്ധ്യരേഖ എന്നു പറയുന്നു. ഭൂഗോളച്ഛായയിൽ നിന്നു ഈ രേഖ കണ്ടുപിടിക്കുക. വൃത്തമായ ഈ രേഖയുടെ സ്ഥാനത്തു ഭൂമിയുടെ ചുററളവു് 25,000 നാഴികയാണു്. ഭൂമിയുടെ അക്ഷത്തിന്നു് 8,000 നാഴികയോളം നീളമുണ്ടു്. ഇത്രയും വലിയ ഒരു ഗോളമാണു് നാം അധിവസിക്കുന്ന ഭൂമി.

മദ്ധ്യരേഖയിൽനിന്നു് വടക്കെധ്രുവംവരെയുള്ള

ട്ടരത്തെ തൊണ്ണൂറു ഭാഗമാക്കി ഓരോ ഭാഗത്തേയും സൂചിപ്പിപ്പാൻ ഓരോ വര ഭൂഗോളച്ഛായയുടെ ചുററും വരച്ചിട്ടുണ്ട്. ഈ വരകളെല്ലാം വൃത്താകാരവും സമാന്തരവും ആണ്. മദ്ധ്യരേഖയിൽനിന്ന് ഉത്തരധ്രുവംവരെ ഇങ്ങനെ 90 രേഖകൾ ഉണ്ട്. മദ്ധ്യരേഖ വിട്ടാൽ മറേറാരോ രേഖയുടേയും വൃത്തം ക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങി വടക്കെ ധ്രുവത്തിൽ ഒരു കുത്തു മാത്രമായിത്തീരുന്നു. ഇതേപ്രകാരംതന്നെ മദ്ധ്യരേഖയിൽനിന്നു ദക്ഷിണധ്രുവംവരേയ്ക്കും 90 രേഖകൾ വരച്ചിട്ടുണ്ട്. ഈ രേഖകളാണ് അക്ഷരേഖകൾ. മദ്ധ്യരേഖയിൽനിന്നു വടക്കുഭാഗത്തുള്ള രേഖകൾക്കു വടക്കെ അക്ഷരേഖകൾ എന്നും തെക്കുള്ളതിനു തെക്കെ അക്ഷരേഖകൾ എന്നും വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

ഭൂഗോളത്തിൽ മേൽ വിവരിച്ച വരകളെ മുറിച്ചു ധ്രുവങ്ങൾ തമ്മിൽ യോജിപ്പിക്കുന്ന വരകളേയും നോക്കുക. ഇവയിൽ അടിസ്ഥാനമായതു് ഇംഗ്ലണ്ടിൽ ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി വരച്ചിട്ടുള്ള രേഖയാണ്. ഈ രേഖയിൽനിന്നു കിഴക്കും, പടിഞ്ഞാറും മററു രേഖകളുടെ എണ്ണം ക്രമമായി പോയി ഭൂഗോളച്ഛായയുടെ മറുവശത്തു 180_ൽ അവസാനിക്കുന്നു. ഭൂമിയുടെ ചുററളവിനെ മദ്ധ്യരേഖാസ്ഥാനത്തുവെച്ചു 360 ഭാഗങ്ങളാക്കി ഓരോ ഭാഗത്തേയും സൂചിപ്പിപ്പാൻ ധ്രുവങ്ങൾ യോജിപ്പിച്ച് ഓരോ വര വരച്ചിട്ടുണ്ട്. ഈ രേഖകൾ ആണ് ധ്രുവരേഖകൾ. സർവ്വസമ്മതമായി ഗ്രീനിച്ചിൽകൂടി വരച്ചിട്ടുള്ള ധ്രുവരേഖ

യാണ് മററു രേഖകളുടെ ക്രമമായ എണ്ണത്തിനു് ആസ്പദമായിട്ടുള്ളതു്,

മേൽവിവരിച്ച രണ്ടുതരം രേഖകൾകൊണ്ടും എന്താണ് ഉപയോഗം? മദ്ധ്യരേഖയിൽനിന്നു വടക്കോട്ടു 90ഡിഗ്രിയും, തെക്കെ ധ്രുവത്തിലേക്കു 90 ഡിഗ്രിയും, ഗ്രീനിച്ചു ധ്രുവരേഖയിൽനിന്നു കിഴക്കും പടിഞ്ഞാറും ഭൂഗോളത്തിന്റെ മറുഭാഗത്തേക്കു 180 ഡിഗ്രിയും ആണ്. ഓരോ രേഖ ഓരോ ഡിഗ്രിയെ ആണ് കാണിക്കുന്നതു്. ഭൂമിയിലുള്ള ചെറിയതും വലിയതും ആയ ജലസ്ഥലങ്ങളുടെ സ്ഥാനവും വിസ്തീർണ്ണവും നിർണ്ണയിപ്പാൻ നാഴികക്കല്ലുപോലെ ഈ രേഖകൾ സഹായിക്കുന്നു. പ്രത്യേകിച്ചു ധ്രുവരേഖകൾ സ്ഥലങ്ങൾ തമ്മിലുള്ള സമയവ്യത്യാസവും, അക്ഷരേഖകൾ ഉഷ്ണശൈത്യാദിവ്യത്യാസവും അറിയുവാൻ ഉപകരിക്കുന്നു.

അദ്ധ്യായം 3.

ദിനരാത്രിചലനവും, വാഷികചലനവും

സൂൎയ്യൻ കിഴക്കുദിച്ചു പടിഞ്ഞാറ് അസ്തമിക്കുന്നതായി നമുക്കു തോന്നുന്നു. വാസ്തവത്തിൽ ആദിത്യൻ ഭൂമിയെ ചുററുന്നില്ല. ഭൂമിയാണ് അതിന്റെ അച്ചുതണ്ടിന്മേൽ സദാ ഭ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഓടുന്ന ഒരു തീവണ്ടിയിൽ ഇരിക്കുമ്പോൾ ഇരുഭാഗത്തുമുള്ള ഭൂമി നമ്മുടെ പുറകോട്ട് അതിവേഗം ഗമിക്കുംപോലെയും, വണ്ടി ഇളകാതെ ഇരിക്കുന്നതുപോലെ

യും നമുക്കു മിഥ്യയായ ഒരു തോന്നൽ ഉണ്ടാകുന്നു. അതുപോലെതന്നെ അതിവേഗം തന്റെ അച്ചുതണ്ടിന്മേൽ പമ്പരംപോലെ പടിഞ്ഞാറുനിന്നു കിഴക്കോട്ടു തിരിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമി നിശ്ചലമായി നില്ക്കുന്നതായും, ആദിത്യൻ അതിനെ ചുററുന്നതായും നമുക്കു തോന്നുന്നുണ്ടു്. (ഭൂമി ഒരു ഉരുണ്ട വസ്തുവായതുകൊണ്ടു് അതിന്റെ ഒരർദ്ധം മാത്രമെ സൂര്യന്നു് അഭിമുഖമായി ഏതുസമയത്തും വരുവാൻ തരമുള്ളു. ആദിത്യന്നു നേരെ വരുന്ന ഭാഗത്തിൽ വെളിച്ചവും ചൂടും തട്ടുന്നു. ആ ഭാഗത്തിന്നു പകലും മറുഭാഗത്തിന്നു രാത്രിയും ആണു്.) ആദിത്യന്നു നേരെ, വടക്കുമുതൽ തെക്കുവരെ ഒരുഭാഗം അടുക്കുമ്പോൾ അവിടെ സൂര്യൻ ഉദിക്കുന്നതായും, ആ ഭാഗം ഭൂമിയിൽ തട്ടുന്ന വെളിച്ചത്തിന്റെ നടുവിലാകുമ്പോൾ ആദിത്യനെ ഉച്ചിയിലായും, ആ ഭാഗം ഭൂമിയുടെ പ്രകാശാർദ്ധത്തിൽനിന്നു മറയുമ്പോൾ ആദിത്യൻ അസ്തമിക്കുന്നതായും കാണപ്പെടുന്നു. ഇങ്ങിനെയാണു് ദിനരാത്രികൾ ഉണ്ടാകുന്നതു്.

(ഭൂമിക്കു് ഒരിക്കൽ തന്റെ അച്ചുതണ്ടിന്മേൽ പൂർണ്ണമായി തിരിയുവാൻ 24 മണിക്കൂർ അല്ലെങ്കിൽ 60 നാഴിക വേണം.) മദ്ധ്യരേഖയിലുള്ള സ്ഥലങ്ങളിലെല്ലാം എന്നും രാത്രിയും പകലും ഒരേ ദീർഘമാണു്. മദ്ധ്യരേഖയിൽനിന്നു ധ്രുവങ്ങളിലേക്കു് അടുക്കുംതോറും ദിനരാത്രികളുടെ ദൈർഘ്യത്തിന്നു കൂടുതലും കുറവും ഉണ്ടാകുന്നു. ഇതിന്നു ഒരു വിശേഷമുണ്ടു്. ഭൂമിയുടെ വടക്കെ അർദ്ധത്തിൽ രാത്രി അധികരിക്കു

മ്പോൾ തെക്കെ പകുതിയിൽ അതേ തോതിൽ പകൽസമയം വൎദ്ധിക്കുന്നു. നേരേമറിച്ച്, വടക്കുഭാഗത്തു പകൽ വൎദ്ധിക്കുമ്പോൾ തെക്കെ ഖണ്ഡത്തിൽ രാത്രി ദീൎഘമായിത്തീരുന്നു. വടക്കും തെക്കും ഉള്ള ഒരേ അക്ഷരേഖയിലെ സ്ഥലങ്ങൾക്കു രാപ്പകലുകളുടെ വിപരീതമായ വ്യത്യാസം ഒരേവിധമാണ്. ധ്രുവങ്ങളിൽ 6 മാസം രാത്രിയും 6 മാസം പകലുമാണ്. ഉത്തരധ്രുവത്തിൽ പകലാണെങ്കിൽ ദക്ഷിണധ്രുവത്തിൽ രാത്രിയും, അതുപോലെ നേരെ മറിച്ചും സംഭവിക്കുന്നു.

കത്തുന്ന ഒരു വിളക്കു സൂൎയ്യനാണെന്നു സങ്കല്പിച്ച് ഭൂഗോളച്ഛായയെ അതിന്നരികിൽ കുറെ സമയം തിരിച്ചുകൊണ്ടിരിക്കുക. ഒരൎദ്ധത്തിൽ വെളിച്ചവും, മറുഭാഗത്ത് ഇരുട്ടും ആയിക്കാണുന്നു. ഇതുപോലെയാണ് തിരിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമിയുടെ ഒരു പകുതിക്ക് ആദിത്യന്റെ ചൂടും വെളിച്ചവും തട്ടി, പിന്നെ ഇരുട്ടിലേക്കു മറഞ്ഞു വീണ്ടും വെളിച്ചത്തേക്കു വരുന്നത്. ഭൂമിക്കു ദിനരാത്രിചലനം ഇല്ലാത്തപക്ഷം അതിന്റെ ഒരു ഭാഗത്തിന്ന് എന്നും പകലും മറുഭാഗത്തിന്ന് എപ്പോഴും രാത്രിയുമായിരിക്കുകയും ഭൂമി ജീവജാലങ്ങൾക്ക് അധിവാസയോഗ്യമല്ലാതായിത്തീരുകയും ചെയ്യും.

ഭൂമി മററു ഗ്രഹങ്ങളെപ്പോലെ ഒരു പ്രത്യേക പഥത്തിൽക്കൂടെ ആദിത്യനെ സദാ പ്രദക്ഷിണംവെക്കുന്നതിന്നു വാൎഷികചലനം എന്നു പറയുന്നു. ദിനചലനവും, വാൎഷികചലനവും ഏകകാലത്തിൽ അ

നവരതം നടന്നുകൊണ്ടാണ് ഇരിക്കുന്നതു്. സ്വന്തം അക്ഷദണ്ഡത്തിന്മേലോ പ്രദക്ഷിണവഴിയിലോ യാതൊരു തരത്തിലുള്ള താമസവും, വിശ്രമവും ഭൂമിക്ക് ഉണ്ടാകുന്നില്ല. (സൂൎയ്യനു ചുററം ഒരു പ്രദക്ഷിണം പരിപൂൎത്തിയാകുമ്പോഠ ഭൂമി തൻെറ സ്വന്തം അച്ചുതണ്ടിന്മേൽ 365¼ പ്രാവശ്യം തിരിഞ്ഞു കഴിയുന്നു.) ഒരു പ്രദക്ഷിണകാലത്തെ ഒരു സംവത്സരമെന്നും പറയുന്നു. ഓരോ കൊല്ലവും ഉള്ള കാൽദിവസം വേർതിരിപ്പാനുള്ള ബുദ്ധിമുട്ടുകൊണ്ടു നന്നാലു സംവത്സരം കഴിയുമ്പോഠഫെബ്രുവരിമാസത്തിന്നു ഒരു ദിവസംവീതം കൂട്ടുന്നു. അതുകൊണ്ടു് സാധാരണ വൎഷത്തിന്നു 365 ദിവസവും, അധിവൎഷത്തിന്നു (leap year) 366 ദിവസവും ആണ്.

അദ്ധ്യായം 4.

നാലു കാലങ്ങളും, മേഖലകളും

ഭൂമിയുടെ പഥം ശരിക്കു വൃത്തമല്ല, ഏതാണ്ടു് ഒരു അണ്ഡാകൃതിയിലാണ്. ഇതുകാരണം ഭൂമിക്കും സൂൎയ്യനു തമ്മിലുള്ള അകൽച്ച ഒരു വാൎഷികചലനകാലം മുഴുവനും ഒരുപോലെയല്ല. ചില സ്ഥലങ്ങളിൽ കൂടിയും, ചിലതിൽ കുറഞ്ഞും ഇരിക്കുന്നു. അഗ്നിയോടടുക്കുമ്പോഠ ചൂടു കൂടുന്നതും അകന്നുപോകുമ്പോഠ ചൂടു കുറയുന്നതും നമുക്ക് അനുഭവസിദ്ധമാണല്ലൊ. ഇതുപോലെ സൂൎയ്യനുമായുള്ള ദൂരം കുറയുമ്പോഠ, ഭൂമിയുടെ അധികഭാഗത്തിൽ ചൂടും വെളി


ച്ചവും തട്ടുകയും, അകലം അധികമാകുമ്പോൾ, അവ കുറയുകയും ചെയ്യുന്നു. ഇതാണ് വസന്തം, വേനൽ, ശരത്, ശീതം എന്ന നാലു കാലങ്ങൾ ഉണ്ടാവാൻ കാരണം.

ഭൂമിയുടെ അക്ഷദണ്ഡം അല്പം ചരിഞ്ഞതാണെന്നും, ആ ചരിവു് എല്ലാ സമയത്തും ഒരു ദിക്കിന്നു് അഭിമുഖമാണെന്നും പറഞ്ഞുവല്ലൊ. തണുപ്പുകാലത്തു് ആദിത്യനെ വളരെ തെക്കോട്ടു നീങ്ങിയും, വേനൽക്കാലത്തു കുറെ വടക്കോട്ടു മാറിയും നാം ദൃഷ്ടാന്തത്തിൽ കാണുന്നു. തെക്കുനിന്നു വടക്കുഭാഗത്തേക്കുള്ള ഗമനകാലത്തെ ഉത്തരായണം എന്നും, തെക്കുഭാഗത്തേക്കുള്ള പ്രത്യാഗമനകാലത്തെ ദക്ഷിണായനമെന്നും പറയുന്നു. ഭൂമിയുടെ ദിനരാത്രിചലനത്തെ നാം നക്ഷത്രാദികളുടെ ഉദയാസ്തമനമായി കാണുന്നു. അതുപോലെതന്നെ ഭൂമിയുടെ അക്ഷദണ്ഡത്തിൻെറ ചരിവിനെ നാം സൂൎയ്യൻെറ അയനചലനങ്ങളായി കാണുന്നു. അയനചലനങ്ങൾ ചരിവുള്ള അക്ഷദണ്ഡത്തിൻെറ ഒരു വിദ്യ മാത്രമാണ്.

നാലു കാലങ്ങൾ.

പടം നോക്കുക. മാൎച്ച്മാസം 21-ാംനു- ഭൂമിയുടെ ധ്രുവങ്ങൾ രണ്ടും ആദിത്യനിൽനിന്നു സമദൂരെയാണ്. സൂൎയ്യരശ്മികൾ ചെങ്കുത്തായി മദ്ധ്യരേഖയിൽ വീഴുന്നു. ഈ ദിവസം ഭൂമിയിൽ എല്ലാസ്ഥലങ്ങളിലും രാപ്പകൽ സമമാണ്. ഈ സ്ഥാനത്തിൽനിന്നു പ്രദക്ഷിണപഥത്തിൻെറ കാൽഭാഗം ഭൂമി സഞ്ചരിച്ചുകഴിയുമ്പോൾ ജൂൺ 21-ാംനു-ആകുന്നു. ഇ

ല്പോം ഉത്തരധ്രുവം സൂര്യന്നു മററു സമയങ്ങളേ
ക്കാൾ ഏററവും അടുത്തും ദക്ഷിണധ്രുവം വളരെ അ




കന്നും ആകുന്നു. മദ്ധ്യരേഖയിൽനിന്നു 23½ ഡിഗ്രി
വടക്കുള്ള ഉത്തരായനരേഖയിലാണു് ചെങ്കുത്തായ

രശ്മികൾ വീഴുന്നതു്. ഭൂമിയുടെ വടക്കെ അററത്തിനു തെക്കേതിനേക്കാൾ വെളിച്ചവും, ചൂടും അധികസമയത്തേക്കും, അധികം അടുത്തുനിന്നും തട്ടുന്നു. അധികം ചൂടു തട്ടുന്നതുകൊണ്ടു് അവിടെ വേനലും, അധികനേരം അവിടെ വെളിച്ചം കിട്ടുന്നതുകൊണ്ടു പകൽ കൂടുതലുമാണു്. എന്നാൽ തെക്കെ അൎദ്ധത്തിനു് ഈ കാലത്തിൽ ദൂരത്തിന്റെ ആധിക്യത്താൽ ചൂടു കുറഞ്ഞും തണുപ്പുകാലമായും, വെളിച്ചംകിട്ടുന്ന സമയം കുറവാകയാൽ രാത്രി കൂടിയും ഇരിക്കുന്നു.

പിന്നേയും കാൽപഥത്തിന്റെ ദൂരം ഭൂമിചലിച്ചുകഴിയുന്ന ദിവസം സപ്തെമ്പർ 22-ാംനു- മാൎച്ച് 21-ാംനു-യിലെന്നപോലെ ധ്രുവങ്ങൾ സമദൂരവും ചെങ്കുത്തായ ആദിത്യരശ്മികൾ മദ്ധ്യരേഖയിലും, രാപ്പകൽ എല്ലായിടത്തും ഒരുപോലെയുമാണു്. ഭൂമിയുടെ ചലനം കാൽപഥംകൂടി കഴിയുമ്പോൾ ഡിസമ്പർ 22-ാംനു-ആകുന്നു. ഇപ്പോൾ ദക്ഷിണധ്രുവം ആണ്ടിൽ മററു സമയങ്ങളേക്കാൾ ആദിത്യനോടു ഏററവും അടുത്തും, ഉത്തരധ്രുവം അകന്നും ആകുന്നു. ഈ ദിവസം ആദിത്യനെ തെക്കോട്ടു ഏററവും നീങ്ങിക്കാണുന്നു. ചെങ്കുത്തായ രശ്മികൾ 23½ ഡിഗ്രി തെക്കുള്ള ദക്ഷിണായനരേഖയിൽ പതിക്കുന്നു. ഭൂമിയുടെ തെക്കേ അൎദ്ധത്തിൽ അധികം നേരവും അധികം അടുത്തുനിന്നും ചൂടും വെളിച്ചവും തട്ടുന്നു. അവിടെ ഇപ്പോൾ വേനലും ദീൎഘദിനങ്ങളും ആണു്. ഈ സമയത്തു് ഉത്തരാൎദ്ധത്തിൽ തണുപ്പുകാലവും ഹ്രസ്വദിനങ്ങളും ആണു്.

തണുപ്പുകുറഞ്ഞു ഉഷ്ണംതുടങ്ങുമ്പോൾ വസന്തവും, ഉഷ്ണം ഏററവും അധികമാകുമ്പോൾ വേനലും, വീണ്ടും ഉഷ്ണം കുറഞ്ഞുതുടങ്ങുമ്പോൾ ശരത്തും, ഉഷ്ണം ഏററവും കുറഞ്ഞു തണുപ്പു തുലോം വർദ്ധിക്കുമ്പോൾ ശീതകാലവുമാണു്. ഇങ്ങിനെ അക്ഷദണ്ഡത്തിൻെറ ചരിവുകൊണ്ടും പഥം സമാന്തരമല്ലാത്തതുകൊണ്ടുമാണു് ഭൂമിയിൽ നാലു കാലങ്ങൾ ഉണ്ടാകുന്നതു്. ഭൂമദ്ധ്യരേഖയിൽ കാലങ്ങളുടെ വ്യത്യാസം ലഘുവാ

മേഖലകൾ.



ണു. ധ്രുവങ്ങൾ അടുക്കുംതോറും ഇവയുടെ വ്യത്യാസം തുലോം വർദ്ധിച്ചും വരുന്നു.

ഉത്തരായണ ദക്ഷിണായന രേഖകളിൽ ആ

ണ്ടിൽ ഓരോ സമയവും, ഇടയ്ക്കുള്ള ഭാഗങ്ങളിൽ ക്രമമായി രണ്ടു സമയങ്ങളിലും ആദിത്യൻെറ ചെങ്കുത്തായ രശ്മികൾ പതിക്കുന്നു. ബാലാക്കനേക്കാൾ ഉച്ചിയിലുള്ള ആദിത്യന്നു ചൂടു വളരെ കൂടുതലാണല്ലൊ. അതുപോലെ ചെങ്കുത്തായ രശ്മികൾക്കു ചരിവായ രശ്മികളേക്കാൾ ഉഷ്ണം അധികമാണു്. അതുകൊണ്ടു് അയനരേഖകൾക്കിടയിലുള്ള ഭൂഭാഗത്തിൽ മററുള്ള ഭാഗങ്ങളേക്കാൾ ചൂടു് അധികമാണു്. ഈ ഭാഗത്തെ "ഉഷ്ണമേഖല" എന്നു പറയുന്നു.

ഇതിന്നു വടക്കും, തെക്കും ഉള്ള ഭൂഭാഗങ്ങളിൽ എല്ലായ്പോഴും ചരിഞ്ഞ രശ്മികളേ വീഴുന്നുള്ളു. അതിനാൽ ഈ ഭാഗങ്ങളിൽ തണുപ്പും ചൂടും മിതമാണു്. എന്നാൽ വടക്കും തെക്കും 66½ ഡിഗ്രിയിലുള്ള പ്രദേശങ്ങളിൽ ആണ്ടിൽ ഓരോ ദിവസം മുഴുവനും 24 മണിക്കൂർ പകലും 24 മണിക്കൂർ രാത്രിയും ആണു്. ഈ പ്രദേശങ്ങളിൽകൂടി ഭൂഗോളത്തിന്നു ചുററും സങ്കല്പരേഖകൾ ഉണ്ടു്. ഇവയിൽ വടക്കേതു് ആർട്ടിക്ക് വളയവും, തെക്കേതു് അൻറാർട്ടിക്ക് വളയവും ആണു്. ഇവയ്ക്കപ്പുറം അതി തണുപ്പാണു്. അതുകൊണ്ടു വടക്കെ ശീതോഷ്ണമേഖല ആർട്ടിക്ക് വളയംവരേയും, തെക്കെ ശീതോഷ്ണമേഖല അൻറാർട്ടിക്ക് വളയംവരേയുമാണു്.

ആർട്ടിക്ക് വളയത്തിൻെറ വടക്കു ഉത്തരധ്രുവംവരെ ആദിത്യരശ്മികൾ അധികമധികം ചരിഞ്ഞു വീഴുന്നു. അവിടെ ശൈത്യാധിക്യം എല്ലായ്പോഴും ഉണ്ടു്. ഈ ഭാഗമാണു് വടക്കെ ശീതമേഖല. അ

ളപോലെ അൻറാർട്ടിക്ക് വളയത്തിൻെറ തെക്ക് ദക്ഷിണധ്രുവംവരെ ശൈത്യാധിക്യം കാരണം ഈ ഭാഗത്തിന്നു തെക്കെ ശീതമേഖല എന്നും പറയുന്നു.

ഇങ്ങിനെ ശീതോഷ്ണസ്ഥിതിയെ അടിസ്ഥാനമാക്കി ഭൂമിയെ അഞ്ചു മേഖലകളായി തിരിച്ചിട്ടുണ്ട്. ഒരു രാജ്യത്തിൻെറ കാലാവസ്ഥ മേഖലയെ ഏതാണ്ട് അനുസരിച്ചിരിക്കും.

———

അദ്ധ്യായം 5


അൎദ്ധഗോളങ്ങളും ജലസ്ഥലവിഭാഗങ്ങളും.

മദ്ധ്യരേഖയുടെ വടക്കുള്ള ഭൂഭാഗത്തെ ഉത്തരാൎദ്ധഗോളമെന്നും, തെക്കുള്ളതിനെ ദക്ഷിണാൎദ്ധഗോളമെന്നും പറയുന്നു. പടം നോക്കുക. വടക്കെ അൎദ്ധഗോളത്തിൽ തെക്കേതിനേക്കാൾ വളരെ അധികം കരയുണ്ട്. അതുകൊണ്ട് അവയെ സ്ഥലാൎദ്ധഗോളമെന്നും ജലാൎദ്ധഗോളമെന്നും വ്യത്യാസപ്പെടുത്തി പറയാറുണ്ട്. അക്ഷദണ്ഡം സംബന്ധിച്ചും ഭൂമിയെ രണ്ടായി വിഭജിച്ചിട്ടുണ്ട്. പടത്തിൽ കാണിച്ചിട്ടുള്ള പൂൎവ്വാൎദ്ധഗോളത്തിൽ വൻകരകൾ അധികമുണ്ട്. ഈ വൻകരകളിൽ എത്രയോ പുരാതനകാലം മുതൽ പരിഷ്കൃതജനസമുദായങ്ങൾ വസിച്ചുവരുന്നുണ്ട്. അതുകൊണ്ടു പൂൎവ്വാൎദ്ധഗോളത്തെ പഴയലോകമെന്നും വിളിച്ചുവരുന്നു. പശ്ചിമാൎദ്ധഗോളത്തിലെ വൻകരകളിൽ ഇടക്കാലത്തു പഴയലോകത്തിൽ

നിന്നു ജനങ്ങൾ കപ്പൽ ഓടിച്ചുചെന്നു സ്ഥിരവാസം തുടങ്ങി ക്രമേണ പരിഷ്കരിച്ചുവന്നു. അതുകൊണ്ടു അതിനെ പുതിയ ലോകം എന്നും പറയുന്നു.

കിഴക്കെ അർദ്ധഗോളത്തിൽ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, ആസ്ത്രേലിയ എന്ന നാലു വൻകരകളും, പടിഞ്ഞാറേതിൽ വടക്കെ അമേരിക്ക, തെക്കേ അമേരിക്ക എന്നിവയും സ്ഥിതിചെയ്യുന്നു. പടത്തിൽ നിന്നു വൻകരകളുടെ വലുപ്പവ്യത്യാസം മനസ്സിലാക്കുക. ഏററവും വലിയതു് ഏഷ്യയും, ചെറിയതു് ആസ്ത്രേലിയയും ആണ്. തെക്കെ ധ്രുവത്തിന്നു ചുററും അൻറാർട്ടിക്ക എന്ന വൻകരയും ഉണ്ടു്. വൻകരകളെല്ലാംകൂടി ഭൂമിയുടെ വിസ്താരത്തിൽ ഏഴിൽ രണ്ടു ഭാഗമാണ്.

ഭൂമിയിലെ ജലാംശം അഞ്ചു മഹാസമുദ്രങ്ങൾ കൂടിയതാണ്. ഇവയെല്ലാം ഒന്നോടൊന്നു തൊട്ടു കിടക്കുന്നു. ഏററവും വലിയതു് അമേരിക്കക്കും ഏഷ്യ, ആസ്ത്രേലിയ എന്നീ വൻകരകൾക്കും മദ്ധ്യേ കിടക്കുന്ന ശാന്തസമുദ്രമാണ്. ഇതിന്നു 6,000 നാഴിക വീതിയും, 9,000 നാഴിക നീളവും ഉണ്ടു്. ഇതിൽ ജപ്പാൻതുടങ്ങി അസംഖ്യം ദ്വീപുകൾ ഉണ്ടു്; ഏററവും ആഴവും ഇതിന്നുതന്നെയാണ്. അമേരിക്കാ വൻകരയ്ക്കും, യൂറോപ്പു്, ആഫ്രിക്ക എന്നിവയ്ക്കും ഇടയിൽ അത്ലാന്തിക്ക് സമുദ്രം കിടക്കുന്നു. ഇതിന്നു 3,000 നാഴിക വിസ്താരമുണ്ടു്. ഈ മഹാസമുദ്രത്തിൻെറ രണ്ടു കരകളുടേയും വടക്കെ ഖണ്ഡം വളരെ വിടവുകളോടുകൂടിയതാണ്. ഈ



കരകൾക്ക തൊട്ടുകിടക്കുന്ന രാജ്യങ്ങളിൽ പരിഷ്കാരം ഏററവും വൎദ്ധിച്ച ജനസമുദായങ്ങൾ വസിച്ചുവരുന്നു. അതുകൊണ്ടു് അത്‌ലാന്തിക്ക് സമുദ്രത്തിന്നു മററു സമുദ്രങ്ങളേക്കാൾ പ്രാധാന്യം കൂടും. ഇന്ത്യയ്ക്കു തെക്ക് ഇന്ത്യാസമുദ്രവും, ഭൂഗോളത്തിൻെറ വടക്കഭാഗത്തു് ആർട്ടിക്ക് സമുദ്രവും, ദക്ഷിണഭാഗത്തു് അൻറാർട്ടിക്ക് സമുദ്രവും സ്ഥിതിചെയ്യുന്നു. മഹാസമുദ്രങ്ങളിൽ ചെറിയ വിഭാഗങ്ങൾ ഉണ്ടു്. അവയ്ക്കെല്ലാം പ്രത്യേകം പേരുകളും ഉണ്ടു്.

സൃഷ്ടിയുടെ ആദിയിൽ ഭൂമി അതിതപ്തവും ദ്രവരൂപവും ആയ ഒരു വസ്തുവായിരുന്നു. ക്രമേണ അതിൻെറ പുറം തണുത്തു ഘനീഭവിച്ചപ്പോൾ ചില ഭാഗങ്ങളെല്ലാം പൊങ്ങിയും മററു ചില ഭാഗങ്ങളെല്ലാം താണും വശമായി. താണഭാഗങ്ങളിൽ ഭൂമിയിലെ ജലാംശം നിറഞ്ഞു സമുദ്രങ്ങളായിത്തീൎന്നു. ഉയൎന്നഭാഗങ്ങൾ വൻകരകളും ആയത്രേ.

അദ്ധ്യായം 6.


ചന്ദ്രനും ഗ്രഹണങ്ങളും.

ചന്ദ്രൻ ഭൂമിയെ ആശ്രയിച്ചു് അതിനെ പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുന്ന ഒരു ഉപഗ്രഹമാണു്. അതു ഭൂമിയേക്കാൾ എത്രയോ ചെറിയ ഒരു ഗോളമാണു്. ചന്ദ്രൻെറ സഞ്ചാരമാൎഗ്ഗം ഭൂമിയിൽനിന്നു് 240,000 നാഴിക അകലെയാണു്. അതിന്നു് 'ഒരു പരിവൎത്തനം ചെയ്വാൻ 30 ദിവസം വേണ്ടിവരുന്നു.

ഈ മുപ്പതു ദിവസത്തെ ശുക്ലപക്ഷം, കൃഷ്ണപക്ഷം എന്നു രണ്ടു പക്ഷങ്ങളായും ഓരോ പക്ഷത്തെ പതിനഞ്ച്യു തിഥികളായും ഗണനം ചെയ്യുന്നു. കറുത്ത പ്രഥമമുതൽ അമാവാസി അല്ലെങ്കിൽ കറുത്ത വാവുവരേയും വെളുത്ത പ്രഥമമുതൽ പൌർണ്ണമാസിവരേയും ഉള്ള കാലം ഒരു പരിവൎത്തനസമയം അല്ലെങ്കിൽ ചാന്ദ്രമാസം ആകുന്നു.

ചന്ദ്രൻ സ്വയം പ്രകാശമുള്ളതല്ല. (ആദിത്യന്റെ തേജസ്സ് ഭൂമിയുടെ ഒരൎദ്ധത്തിൽ തട്ടുന്നതുപോലെ ചന്ദ്രന്റേയും ഒരു പകുതിയിൽ തട്ടുന്നു. ഈ വെളിച്ചം പ്രതിഫലിച്ചു ഭൂമിയിൽ വീഴുന്നതാണ് നിലാവ്.) ചന്ദ്രനു കലാവൃദ്ധിയും, ക്ഷയവും, ഉദയാസ്തമയകാലങ്ങൾക്കു വ്യത്യാസവും ഉണ്ടാകുന്നതു് ഭൂമിയെ പരിവൎത്തനം ചെയ്യുന്നതുകൊണ്ടാണ്. (പരിവൎത്തനത്തിൽ ഭൂമിക്കും സൂൎയ്യനും ഇടയ്ക്കു ചന്ദ്രൻ വരുമ്പോൾ അതിന്റെ പ്രകാശഭാഗം ആദിത്യനു് അഭിമുഖമായും, ഇരുണ്ടഭാഗം ഭൂമിക്കുനേരേയുംവരുന്നു. ഇങ്ങിനെ ആകുമ്പോൾ നാം ചന്ദ്രനെക്കാണുന്നില്ല. ഈ സമയമാണ് കറുത്തവാവ്.) (ചിലപ്പോൾ (സൂൎയ്യചന്ദ്രന്മാരുടേയും, ഭൂമിയുടേയും നേർമദ്ധ്യം ഒരു രേഖവരയിൽ വരുന്നസമയത്തു് ചന്ദ്രബിംബം ആദിത്യനെ ഭൂമിയിൽനിന്നു മറയ്ക്കുന്നു.) ചന്ദ്രൻ ഭൂമിയേക്കാൾ ചെറിയ ഒരു ഗോളമായതുകൊണ്ടു് ഭൂമിയുടെ ഏതാനും അംശത്തിൽ മാത്രമേ ഈ മറവുണ്ടാകുന്നുള്ളൂ. മറവിന്റെ കാലവും വളരെ ദീൎഘമല്ല. സൂൎയ്യപ്രകാശം ചന്ദ്രബിംബത്തിന്റെ മറവുകൊണ്ടു ഭൂ

മിയിൽ തട്ടാതിരിക്കുന്നതിനാണു് സൂൎയ്യഗ്രഹണം എന്നു പറയുന്നതു്.



മദ്ധ്യസ്ഥാനത്തുനിന്നു പ്രദക്ഷിണപഥത്തിൽക്കൂടെ ക്രമേണ ചരിക്കുമ്പോൾ ചന്ദ്രന്റെ പ്രകാശാൎദ്ധം അല്പാല്പമായി ഭൂമിയിലേക്കു ദൃശ്യമാകുന്നു. കാൽവൃത്തം കഴിയുമ്പോൾ അൎദ്ധചന്ദ്രൻ ഭൂമിക്കുനേരെ പ്രകാശിക്കുന്നു. പകുതി ആയാൽ ഭൂമി സൂൎയ്യനും ചന്ദ്രനും മദ്ധ്യേ വരുന്നു. അപ്പോൾ ചന്ദ്രന്റെ പ്രകാശമുള്ള ഭാഗം മുഴുവനും ഭൂമിക്കഭിമുഖമായിത്തീരുന്നു.

ഇങ്ങിനെ കാണുന്ന സമയമാണ് പൌണ്ണമാസി. ചില സമയങ്ങളിൽ ചന്ദ്രന്റെ പഥത്തിനു വ്യത്യാസം വരുന്നു. മൂന്നു ഗോളങ്ങളുടേയും ഒത്ത നടുവ് ഒരേ രേഖവരയിൽ ആകയും ചെയ്യുന്നു. അപ്പോൾ ആദിത്യരശ്മികൾ ചന്ദ്രബിംബത്തിൽ തട്ടാതേയും ഭൂമിയുടെ നിഴൽ അതിനെ ബാധിച്ചും ഇരിക്കുന്നു. ഇങ്ങിനെവരുമ്പോഴാണു ചന്ദ്രഗ്രഹണം ഉണ്ടാകുന്നത്.

പൌണ്ണമാസിസ്ഥാനത്തുനിന്നു ചന്ദ്രൻ ക്രമേണ മാറുമ്പോൾ പ്രകാശഭാഗം കുറേശ്ശെയായി മറഞ്ഞും ഇരുണ്ട മറുഭാഗം അല്പാല്പമായി കാണാറായും വരുന്നു. കൃഷ്ണപ്രഥമ തുടങ്ങി ചതുർദ്ദശി കഴിഞ്ഞാൽ യഥാപൂർവ്വം കറുത്ത ഭാഗം മുഴുവനും ഭൂമിക്കുനേരെ വരും. ചന്ദ്രന്റെ ആകർഷണംകൊണ്ടു ഭൂമിയിലെ ജലസമൂഹങ്ങളിൽ ദിനംപ്രതി രണ്ടുപ്രാവശ്യം വേലിയേററവും വേലിയിറക്കവും ഉണ്ടാകുന്നു.

—:o:—

അദ്ധ്യായം 7.

ചില സംജ്ഞകൾ

ഭൂപടത്തിൽ ഏഷ്യാവൻകര നോക്കുക. ഇതിൽ അനേകം രാജ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയിൽ ഒന്നാണു നമ്മുടെ ഇന്ത്യാരാജ്യം. നമ്മുടെ രാജ്യത്തിന്റെ അല്പം തെക്ക് ഒരു ചെറിയ കര കിടക്കുന്നുണ്ടു്. അതിന്റെ നാലുപുറവും വെള്ളമാണ്. സമുദ്രത്തിലാണ് അതു സ്ഥിതിചെയ്യുന്നതു്. അതു് ഒരു ദ്വീപാണ്. പടംനോക്കി അതിന്റെ പേർ മനസ്സിലാക്കുക.

ഇന്ത്യാരാജ്യത്തിന്റെ നാലതിരും നോക്കിയാൽ അതിൽ ദക്ഷിണഖണ്ഡത്തിന്റെ തെക്കും, കിഴക്കും, പടിഞ്ഞാറും വെള്ളമാണെന്നു കാണാം. ഈ



ഖണ്ഡം മുമ്പുപറഞ്ഞ സിലോൺദ്വീപുപോലെ അല്ല. അതിന്റെ വടക്കുഭാഗത്തു വെള്ളമല്ല, കരയാണ്; അതു് ഒരു പകുതി ദ്വീപാണ്; ഇങ്ങിനെയു

ള്ള സ്ഥലാംശങ്ങൾ അൎദ്ധദ്വീപുകൾ ആകുന്നു. പട ത്തിൽ നമ്മുടെ രാജ്യത്തിൽ ചേൎന്ന ദക്ഷിണഖണ്ഡ ത്തിന്റെ തെക്കെ അററം നോക്കുക. അവിടെ കര വളരെ കൂൎത്തിരിക്കുന്നു. ആ കൂൎത്ത ഭാഗം കന്യാകുമാ രി മുനമ്പാണു്. ഇപ്രകാരമുള്ള കരയുടെ കൂൎത്ത ഭാഗ ത്തിന്നു മുനമ്പു് എന്നു പറയുന്നു.

ദക്ഷിണഖണ്ഡത്തിന്റെ പടിഞ്ഞാറാകുന്നു അ റബിക്കടൽ. ഇതു് ഇന്ത്യാസമുദ്രത്തിന്റെ ഒരംശ മാണു്. മറുകര ആഫ്രിക്കാ വൻകരയാണു്. ഈ കട ലിന്നു വളരെ വിസ്താരമുണ്ടു്. കരകളുടെ ഇടയിലാ യും കിടക്കുന്നു. ഇതുപോലെയുള്ള വിസ്താരമേറിയ സമുദ്രഭാഗങ്ങൾക്കു കടലുകൾ എന്നു പറയുന്നു. എ ന്നാൽ ദക്ഷിണഖണ്ഡത്തിന്റെ കിഴക്കും ഇന്ത്യാസമു ദ്രത്തിന്റെ ഒരംശമാണല്ലോ. ഈ ഭാഗം ഉള്ളിലേ യ്ക്കു തള്ളിക്കിടക്കുന്ന ഒരു കടലാണു്. അതിന്റെ വായയ്ക്കു വിസ്താരവും ഉണ്ടു്. അതുകൊണ്ടു് അതു് ഒരു ഉൾക്കടൽ ആകുന്നു. പടത്തിൽനിന്നു് അതി ന്റെ പേർ മനസ്സിലാക്കുക. ബങ്കാളുൾക്കടലും അറ ബിക്കടലുംകൂടി യോജിക്കുന്ന സ്ഥലം നോക്കുക. സി ലോൺ ദ്വീപിന്റെ വടക്കുഭാഗത്താണു് അവ ത മ്മിൽ യോജിക്കുന്നതു്. അവിടെ വെള്ളത്തിന്റെ ഭാഗത്തിന്നു വീതി കുറവാണു്. അതു് ഒരു കടലി ടുക്കാണു്. പാൾക്കു് കടലിടുക്കു് എന്നാണു് ആ ഇടു ങ്ങിയ ജലഭാഗത്തിന്നു പേർ. രണ്ടു കടലുകൾ ഒന്നി ച്ചു ചേരുന്ന ഇടുങ്ങിയ ഭാഗത്തിന്നു കടലിടുക്കു് എ ന്നു പറയാം. ഇതുപോലെ രണ്ടു വൻകരകളെ കൂട്ടി

ച്ചേൎക്കുന്ന ഇടുങ്ങിയ കരയ്ക്കു കരയിടുക്കു് എന്നു പറ യാറുണ്ടു്. ദ്വീപു്, അൎദ്ധദ്വീപു്, മുനമ്പു്, കരയിടു ക്കു്, കടലിടുക്കു്, ഉൾക്കടൽ, കടൽ മുതലായവ ഭൂമി ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ചില സംജ്ഞാപദ ങ്ങളാണു്.

———:o:———

അദ്ധ്യായം 8

ഇന്ത്യാരാജ്യം.

ഭൂലോകത്തിലുള്ള ജനങ്ങളിൽ പകുതിയോളം ഏഷ്യാഖണ്ഡത്തിൽ പാൎക്കുന്നു. ഈ വൻകരയിൽ ജ നത്തിരക്കു് ഏററവും ഉള്ള രാജ്യങ്ങളിൽ ഒന്നാകു ന്നു ഇന്ത്യാസാമ്രാജ്യം. നമ്മുടെ രാജ്യത്തിന്നു പ്രകൃ ത്യാ ഉള്ള അതിരുകൾ നാലുപുറവും ഉണ്ടു്. വടക്കു ലോകത്തിലെ ഏററവും ഉയൎന്ന പൎവ്വതമായ ഹിമ വാൻ കിടക്കുന്നു. ഇതിനെ ലംഘിച്ചു് ഇന്ത്യയെ ആ ക്രമിക്കുവാൻ ആൎക്കും ഇതേവരെ സാധിച്ചിട്ടില്ല. ഈ പൎവ്വതനിരയുടെ കിഴക്കും പടിഞ്ഞാറും അററങ്ങ ളിൽനിന്നു് ഉയരം കുറഞ്ഞ പൎവ്വതനിരകൾ ചില വിടവുകളോടുകൂടി ദക്ഷിണഭാഗത്തുള്ള കടൽത്തീ രംവരെ നീണ്ടുകിടക്കുന്നു. വടക്കുപടിഞ്ഞാറുള്ള മ ലയുടെ ചുരങ്ങളിൽക്കൂടിയാണു് മുൻകാലങ്ങളിൽ ഏഷ്യയുടെ മദ്ധ്യപശ്ചിമഭാഗങ്ങളിൽനിന്നു ജന ങ്ങൾ കടന്നുവന്നു രാജ്യത്തിൻെറ ഓരോ ഭാഗമായി കയ്യേറി പാൎത്തുതുടങ്ങിയതു്. ഇപ്പോൾ ഇന്ത്യയി ലുള്ള ജനങ്ങളിൽ അധികഭാഗവും അവരുടെ സ ന്താനങ്ങളാണു്. രാജ്യത്തിൻെറ മററുള്ള അതിരു

കൾ ഇന്ത്യാസമുദ്രത്തിന്റെ അംശങ്ങളായ ബങ്കാളുൾക്കടലും, അറബിക്കടലുമാകുന്നു. ഇന്ത്യയെ ഇപ്പോൾ ഭരിച്ചുവരുന്ന ബ്രിട്ടീഷുകാർ പടിഞ്ഞാറെ കടൽവഴിക്കു കച്ചവടത്തിന്നായി വന്നു രാജ്യം കൈവശപ്പെടുത്തിയതാണു്.



ഇന്ത്യയുടെ മദ്ധ്യത്തിൽ കിഴക്കുപടിഞ്ഞാറായി കിടക്കുന്ന വിന്ധ്യാപർവ്വതം രാജ്യത്തെ രണ്ടായി ഭാഗിക്കുന്നു. അതിന്റെ വടക്കു മൂന്നു വലിയ നദികൾ

പ്രവഹിക്കുന്ന ഒരു മഹാസമതലമാണ്. തെക്കു ഡെക്കാൻ പീഠഭൂമിയും കിടക്കുന്നു. ഇതു് ഒരു ത്രികോണാകൃതിയിലാകുന്നു. പീഠഭൂമിയുടെ കിഴക്കും പടിഞ്ഞാറും മലനിരകളുണ്ടു്. മലനിരകൾക്കും, കടലുകൾക്കും മദ്ധ്യേ സമനിലങ്ങൾ ആണ്. നമ്മുടെ മദ്രാസ് സംസ്ഥാനം പീഠഭൂമിയുടെ തെക്കുകിഴക്കു ഭാഗമാകുന്നു.

ഇന്ത്യയിലെ പ്രദേശങ്ങൾക്കു വിവിധമായ പ്രകൃതിയും, വ്യത്യസ്തമായ കാലാവസ്ഥയും, അധികഭാഗങ്ങളിലും വേണ്ടുവോളം മഴയും, മണ്ണിന്നു ഗുണവും, മഹാനദികളുടെ പ്രവാഹവും, വേണ്ട ഉഷ്ണവും ഉള്ളതുകൊണ്ടു് രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പല തരത്തിലുള്ള സസ്യങ്ങളും, വൃക്ഷങ്ങളും, വിളവുകളും ഉണ്ടാകുന്നു. പ്രകൃതിയുടെ ഈ ആനുകൂല്യങ്ങൾ കാരണമാണ് ഇന്ത്യയിൽ ജനസമൃദ്ധിയുള്ളതു്. വടക്കുഭാഗത്തുള്ള വിസ്തീർണ്ണമായ സമതലത്തിലും പശ്ചിമതീരക്കരയിലും, പൂർവ്വതീരസമതലത്തിൻെറ ദക്ഷിണഭാഗത്തും ജനങ്ങൾ വളരെ ഇടതിങ്ങിപ്പാർക്കുന്നുണ്ടു്. ജനാധിക്യമുള്ള പ്രദേശങ്ങളുടെ ഒട്ടുതാനും ഭാഗങ്ങൾ മദ്രാസ്സ് സംസ്ഥാനത്തിൽ ഉൾപ്പെടുന്നുണ്ടു്.

———o———

അദ്ധ്യായം 9.

മദ്രാസ്സ് സംസ്ഥാനം—കിടപ്പും വിസ്താരവും

ഇന്ത്യാസാമ്രാജ്യത്തിൽ നാട്ടുരാജാക്കന്മാർ ഭരിക്കുന്നതായി അറുനൂറിൽ അധികം രാജ്യങ്ങളും ബ്രി

ട്ടീഷ് ഗവൎമ്മെണ്ടു നേരിട്ടു ഭരണം നടത്തിവരുന്ന പതിനൊന്നു സംസ്ഥാനങ്ങളും ഉണ്ട്. നാട്ടുരാജ്യങ്ങളിൽ ഏററവും വലിയവ ഹൈദരബാദും കാശ്മീരവുമാണ്. കൊച്ചിയും, തിരുവിതാംകൂറും നാട്ടുരാജ്യങ്ങൾതന്നെ. വലിയ സംസ്ഥാനങ്ങളിൽ ഒന്നാണ് മദ്രാസ്സ് സംസ്ഥാനം.

ഇന്ത്യയുടെ തെക്കെ അററത്തു കിടക്കുന്ന രാജ്യവിഭാഗമാണ് മദ്രാസ് സംസ്ഥാനം. പടം നോക്കി ഇതിന്റെ അതിരുകൾ മനസ്സിലാക്കുക. വടക്ക് ഒറീസ്സാസംസ്ഥാനവും മദ്ധ്യസംസ്ഥാനവും ഹൈദ്രാബാദ്നാട്ടുരാജ്യവും ബോമ്പായി സംസ്ഥാനത്തിന്റെ രണ്ടു ചെറിയ ഭാഗങ്ങളും ഈ സംസ്ഥാനത്തോടു തൊട്ടുകിടക്കുന്നു. മൈസൂർ രാജ്യവും, കുടക് എന്ന ചെറിയ സംസ്ഥാനവും ഇതിന്റെ അതിർത്തിക്കുള്ളിൽ തള്ളിക്കിടക്കുന്നുണ്ട്. തെക്കു മന്നാറുൾക്കടലും, കിഴക്കു ബങ്കാളുൾക്കടലും, പടിഞ്ഞാറ് അറബിക്കടലും ഈ സംസ്ഥാനത്തിന്റെ അതിരുകൾ ആകുന്നു. ഇതിന്റെ അതിർത്തിക്കുള്ളിൽ തെക്കുപടിഞ്ഞാറുഭാഗത്തായി കൊച്ചി, തിരുവിതാംകൂർ എന്ന നാട്ടുരാജ്യങ്ങളും കിടക്കുന്നു. വടക്കെ അക്ഷരേഖകൾ 8, 20 എന്നിവയുടേയും കിഴക്കെ ധ്രുവരേഖകൾ 75, 85 എന്നിവയുടേയും ഏതാണ്ട് ഇടയിലായിട്ടാണ് ഈ സംസ്ഥാനത്തിന്റെ കിടപ്പ്.

സംസ്ഥാനത്തിന്റെ കിഴക്കെ തീരഖണ്ഡം തെക്ക് കന്യാകുമാരി മുനമ്പുമുതൽ വടക്ക് ഒറീസ്സാ സംസ്ഥാനംവരെ 900 നാഴികയിലധികം നീളമുണ്ട്.

ഇതാണു് സംസ്ഥാനത്തിന്റെ ഏററവും നീളംകൂടിയഭാഗം; പടിഞ്ഞാറെ തീരപ്രദേശത്തിന്നു് ഇതിനേക്കാൾ നീളം വളരെ കുറവാണു്. അതു വടക്കു് ഗോകൎണ്ണം മുതൽ കന്യാകുമാരിവരെ ഉള്ള ഭാഗമാ

മദ്രാസ്സ് സംസ്ഥാനം (അതിരും വിസ്താരവും)



ണു്. ഇതിന്റെ തെക്കെ ഭാഗം കൊച്ചി, തിരുവിതാംകൂർ എന്ന നാട്ടുരാജ്യങ്ങളും ആണു്. ഏററവും വീതികൂടിയ ഭാഗത്തു് ഈ സംസ്ഥാനത്തിന്നു 300 നാഴിക വിസ്താരമുണ്ടു്.

കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങൾക്കു പുറമേ, പുതുക്കോട്ട, ബംഗനപ്പിള്ളി, സാന്ദൂർ എന്ന മൂന്നു ചെറിയ നാട്ടുരാജ്യങ്ങളും സംസ്ഥാനത്തിന്റെ അതിർത്തിയ്ക്കകത്തു കിടക്കുന്നുണ്ടു്. പൂർവ്വതീരത്തുള്ള യാനം, പാണ്ടിച്ചേരി, കാരിക്കൽ എന്ന സ്ഥലങ്ങളും, പശ്ചിമതീരത്തുള്ള മയ്യഴിയും പരന്ത്രീസ്സുകാരുടെ വകയാണു്. നാട്ടുരാജ്യങ്ങളെ ഒഴിവാക്കിയാൽ നമ്മുടെ സംസ്ഥാനത്തിന്നു് 1,40,000 ചതുരശ്രനാഴിക വിസ്താരമുണ്ടു്. പടം നോക്കി നാട്ടുരാജ്യങ്ങളേയും, പരന്ത്രീസ്സുകാരുടെ സ്ഥലങ്ങളേയും മനസ്സിലാക്കുക.

പടിഞ്ഞാറും കിഴക്കും കടലായതുകൊണ്ടു മദ്രാസ്സ് സംസ്ഥാനത്തിനു മററു സംസ്ഥാനങ്ങളേക്കാൾ കടൽത്തീരം അധികമുണ്ടു്. എന്നാൽ കടൽക്കര പറയത്തക്ക വിടവുകൾ ഒന്നും ഇല്ലാത്തതാണു്. കരയുടെ അടുത്തു കടലിന്നു് ആഴം വളരെ കറവായതുകൊണ്ടു കപ്പലുകൾക്കു് അകലെ നില്ക്കേണ്ടിവരുന്നു. മദിരാശിയിലും കൊച്ചിയിലും വിശാഖപട്ടണത്തിലും വളരെ പണം ചിലവുചെയ്തു നൌകാശയങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.


അദ്ധ്യായം 10

പ്രകൃതിവിഭാഗങ്ങൾ.

പടം നോക്കുക. സംസ്ഥാനത്തിന്റെ പടിഞ്ഞാറെ തീരത്തിന്നടുത്തു മലകളും കാടുകളും ആണു്. അതുപോലെതന്നെ പൂർവ്വതീരത്തുനിന്നു ഉള്ളിലേക്കു നീങ്ങി മലനിരകളും കാടുകളും ഉണ്ടു്. പടിഞ്ഞാറെ

മലംപ്രദേശത്തിന്റെ ഏകദേശം മദ്ധ്യത്തിലായി കിഴക്കെ ഉന്നതപ്രദേശം യോജിക്കുന്നു. പടിഞ്ഞാറെ ഉന്നതപ്രദേശം പിന്നേയും അല്പം കിഴക്കോട്ടും

മദ്രാസ് സംസ്ഥാനം (ഭൂപ്രകൃതി- കാററുകൾ)



തെക്കെ അററത്തേക്കും നീണ്ടുപോകുന്നു. സംസ്ഥാനത്തിലെ ഉന്നതഭാഗത്തിനെല്ലാംകൂടി മലമ്പ്രദേശം എന്നു പറയുന്നു.

കിഴക്കും പടിഞ്ഞാറുമുള്ള ഉന്നതപ്രദേശത്തി

ൻെറ മദ്ധ്യേ ഉയരംകൂടിയ ഭൂമിയാകുന്നു. ഈ ഭാഗം ദക്ഷിണഖണ്ഡപീഠഭൂമിയുടെ തെക്കെ അംശത്തിൻെറ ഒരു ഭാഗമാണ്. ഇതു സംസ്ഥാനത്തിലുള്ള പീഠപ്രദേശമാണ്. ഇതിന്നു 3000 അടിവരെ പൊക്കമുണ്ടു്. മൈസൂർ രാജ്യവും ഇതുപോലെ പരന്ന ഉയരമുള്ള ഭൂമിതന്നെയാണ്.

സംസ്ഥാനത്തിൻെറ പശ്ചിമതീരപ്രദേശവും പൂർവ്വതീരപ്രദേശവും താണ സമനിലങ്ങളാകുന്നു. പടിഞ്ഞാറുള്ളതിന്നു വീതി വളരെ കുറവാണ്. ഇതാകുന്നു നമ്മുടെ മലയാളക്കര. കിഴക്കൻ സമനിലത്തിൻെറ തെക്കെ അംശത്തിന്നു വടക്കെ ഖണ്ഡത്തേക്കാൾ വീതി അധികമുണ്ടു്. തെക്കേതു കൎണ്ണാററിക്ക് സമനിലവും, വടക്കേതു വടക്കൻ സർക്കാർ സമനിലവും ആകുന്നു.

മലമ്പ്രദേശം, പീഠപ്രദേശം, സമനിലപ്രദേശം എന്നിങ്ങനെ മൂന്നു പ്രകൃതിവിഭാഗങ്ങൾ മദ്രാസ്സ് സംസ്ഥാനത്തിൽ അടങ്ങിയിരിക്കുന്നു.

അദ്ധ്യായം 11.

മലകളും നദികളും.

മലകൾ:—മുന്നദ്ധ്യായത്തിൽ മലങ്കാട്ടപ്രദേശത്തെപ്പററി പറഞ്ഞുവല്ലൊ. ദക്ഷിണഖണ്ഡപീഠഭൂമിയുടെ പടിഞ്ഞാറെ ഭാഗത്തു നെടുനീളത്തിൽ സഹ്യാദ്രി അല്ലെങ്കിൽ പശ്ചിമഘട്ടം എന്ന മലനിരകൾ കിടക്കുന്നു. ഇതിൻെറ തെക്കെ ഭാഗമാണ് സംസ്ഥാനത്തിൻെറ പടിഞ്ഞാറുള്ള മലകൾ. ഇവയുടെ

ഏററവും ഉയൎന്ന അംശം നീലഗിരിമലയാണ്. മലയ്ക്ക് ഇവിടെ 8000 അടിവരെ പൊക്കമുണ്ട്. അതിന്റെ വിസ്താരവും മററു ഭാഗങ്ങളേക്കാൾ കൂടും. പൎവ്വതത്തിന്ന് ഈ ഭാഗത്തു വളരെ വളവുകളും, പിരിവുകളും, ശാഖകളും ഉള്ളതുകൊണ്ടു പ്രകൃതിരമണീയമായ കാഴ്ചകൾ നീലഗിരിയിൽ വളരെ ഉണ്ട്. പച്ചനിറമായ താഴ്വരകളും, മരങ്ങൾ നിറഞ്ഞ പാൎശ്വങ്ങളും, അത്യുന്നതങ്ങളായ പീഠപ്രദേശങ്ങളും, വളഞ്ഞുതിരിഞ്ഞുപോകുന്ന അരുവികളും, രമ്യമായ വെള്ളച്ചാട്ടങ്ങളും കാണേണ്ട കാഴ്ചകളാണ്. നീലഗിരി മലയുടെ തെക്കു പാലക്കാട്ടു താഴ്വര എന്ന വിടവു പശ്ചിമഘട്ടത്തെ രണ്ടായി മുറിക്കുന്നു.

പാലക്കാട്ടു ചുരത്തിന്റെ തെക്കുവെച്ച് ഈ മല രണ്ടു ശാഖകളായി പിരിയുന്നു. കിഴക്കെ ശാഖക്ക് ആനമല എന്നും, തെക്കെ നിരയ്ക്ക് ഏലമല എന്നും പറയുന്നു. ആനമലയിലെ ആനമുടിയാണ് ദക്ഷിണഖണ്ഡത്തിലെ ഏററവും ഉയൎന്ന കൊടുമുടി. അതിന്നു 8882 അടി ഉയരമുണ്ട്. ആനമലയുടെ തെക്കുകിഴക്കുള്ള പഴനിമല ഏലമലയുടെ ഒരുശാഖയാണ്.

സംസ്ഥാനത്തിന്റെ വടക്കുകിഴക്കു ഭാഗത്തുനിന്നു പൂൎവ്വഘട്ടം എന്ന പൎവ്വതനിരകൾ തുടങ്ങുന്നു. ഇവ പശ്ചിമഘട്ടത്തേക്കാൾ കടൽത്തീരത്തുനിന്ന് ഉള്ളിലേക്കു തള്ളി സ്ഥിതിചെയ്യുന്നു. ഈ പൎവ്വതങ്ങൾ സംസ്ഥാനത്തിന്റെ ഉത്തരഭാഗത്തുനിന്നു തുടങ്ങി തെക്കുപടിഞ്ഞാറായി വളഞ്ഞു പശ്ചിമഘട്ടത്തിന്റെ

അംശമായ നീലഗിരി മലയോടു യോജിക്കുന്നു. ഇവ തുടച്ചയായിട്ടല്ല, അനേകം വിടവുകളോടുകൂടിയിട്ടാണു് ഇരിക്കുന്നതു്. ഇവയ്ക്കു ശരാശരി പൊക്കം 2000 അടിയേയുള്ളു. ഇവയ്ക്കു് ഓരോ ജില്ലയിലും പ്രത്യേകം പേരുകൾ ഉണ്ടു്. പടത്തിൽനിന്നു പേരുകൾ മനസ്സിലാക്കുക.

പശ്ചിമഘട്ടത്തിന്റെ പാശ്ചങ്ങളിലും അതിന്റെ ശാഖകളുടെ താഴ്വരകളിലും വൻമരങ്ങളുള്ള കാടുകൾ ഉണ്ടു്. കിഴക്കെ കടലിന്നടുത്തുള്ള പൂർവ്വഘട്ടനിരകളിൽ ഒരുവിധം ഇടതിങ്ങിയ കാടുകൾ കാണാം. ഉള്ളിലേക്കു തള്ളിക്കിടക്കുന്ന മററു ഭാഗങ്ങളിൽ വണ്ണവും ഉയരവും കുറഞ്ഞ മരങ്ങളുള്ള കാടുകളേ വളരുന്നുള്ളു.

നദികൾ:—പടത്തിൽനിന്നു സംസ്ഥാനത്തിന്റെ ചരിവു മനസ്സിലാക്കാം. പ്രധാന നദികളെല്ലാം പടിഞ്ഞാറെ കടലിന്നടുത്തുള്ള പശ്ചിമഘട്ടങ്ങളിൽനിന്നുത്ഭവിച്ചു കിഴക്കോട്ടൊഴുകി പൂർവ്വഘട്ടങ്ങളെ ലംഘിച്ചു ബങ്കാളുൾക്കടലിൽ പതിക്കുന്നു. ദക്ഷിണപീഠഭൂമിയുടെ ചരിവു പടിഞ്ഞാറുനിന്നു കിഴക്കോട്ടാണു്. സംസ്ഥാനത്തിലുള്ള നദികളുടെ ഉത്ഭവം പശ്ചിമതീരത്തിന്റെ അടുത്തുകിടക്കുന്ന മലകളിൽനിന്നാണു്. അവ വിശാലമായ പീഠഭൂമിയിൽക്കൂടെ കിഴക്കോട്ടൊഴുകുന്നു. അവക്കു് നീളം ധാരാളമുണ്ടു്. പ്രധാനനദികളായ ഗോദാവരി, കൃഷ്ണ, കാവേരി എന്ന നദികളിൽ മഴക്കാലത്തു സാധാരണ വെള്ളപ്പൊക്കമുണ്ടാകുന്നു. ഈ നദികളുടെ അവസാ

നഭാഗത്തു അവ അനേകം കൈവഴികളായി പിരിഞ്ഞൊഴുകുന്നു. അവയുടെ മുഖങ്ങളിൽ വിശാലമായ മുക്കോൺതുരുത്തുകളുണ്ടു്. മഴക്കാലത്തു് ഒഴുക്കിനു വളരെ ശക്തിയുണ്ടു്. മററുകാലങ്ങളിൽ വെള്ളം കുറയുകയും ചെയ്യുന്നു. ഗതാഗതത്തിന്നു സംസ്ഥാനത്തിലെ നദികൾ കാൎയ്യമായി ഉപയോഗപ്പെടുന്നില്ല.

ഗോദാവരിനദി:—പശ്ചിമഘട്ടങ്ങളിൽ പഞ്ചവടി എന്ന സ്ഥലത്തുനിന്നു ഉത്ഭവിച്ചു് അനേകം പോഷകനദികളുമായിച്ചേൎന്നു ഹൈദരാബാദിൽക്കൂടി വളരെദൂരം കിഴക്കോട്ടു് ഒഴുകി പൂൎവ്വഘട്ടത്തിലെ ഒരു ഇടുങ്ങിയ, ആഴമുള്ള വിടവിൽക്കൂടി കടന്നു്, സമനിലത്തിൽ പ്രവേശിക്കുന്നു. രാജമഹേന്ദ്രിനഗരത്തിന്നു് അല്പം തെക്കുവെച്ചു് ഇതു രണ്ടു കൈവഴികളായിപിരിഞ്ഞു കൊക്കനെദത്തിൻെറ തെക്കുഭാഗത്തു കടലിൽവീഴുന്നു. ഇതിൻെറ ശാഖകൾക്കിടയിലുള്ള മുക്കോൺതുരുത്തിന്നു 33 നാഴിക നീളമുണ്ടു്. ഇതു സംസ്ഥാനത്തിൽ ഏററവും ഫലവത്തായ പ്രദേശങ്ങളിൽ ഒന്നാണു്. ഗോദാവരിയെ ഹിന്തുക്കൾ ഒരു പുണ്യനദിയായി കരുതിവരുന്നു. ഇതിന്നു 900 നാഴിക നീളമുണ്ടു്. ഇന്ദ്രാവതി, പ്രാണഹിത എന്ന രണ്ടു ഉപനദികളും ഉണ്ടു്. മുക്കോൺതുരുത്തിൻെറ മുകളിലായി ധവളേശ്വരം എന്ന സ്ഥലത്തിന്നരികെ ഈ നദിയിൽ ഒരണക്കെട്ടുണ്ടു്.

കൃഷ്ണാനദി:—സററാറാ എന്ന പട്ടണത്തിൻെറ കുറച്ചു തെക്കായി പശ്ചിമഘട്ടങ്ങളിൽനിന്നുത്ഭവിച്ചു ഹൈദരബാദിൽക്കൂടെ പൂൎവ്വഭാഗത്തേക്കു കുറേ ദൂ

രം ഒഴുകുന്നു. അതിന്നുശേഷം ഇതു സംസ്ഥാനത്തിന്റെ അതിരായി കുറെദൂരം ഒഴുകി പൂർവ്വഘട്ടങ്ങളെ ഒരു പിളൎപ്പിൽകൂടി ലംഘിച്ചു് സമനിലത്തു പ്രവേശിച്ചു് ബസവാഡ എന്ന സ്ഥലത്തിന്നരികെവെച്ചു മൂന്നു കൈവഴികളായി പിരിഞ്ഞു ബങ്കാളുൾക്കടലിൽ ചേരുന്നു. ഇതിന്റെയും ഗോദാവരി നദിയുടേയും ത്രികോണസ്ഥലങ്ങളെ 30 നാഴിക നീളമുള്ള ഒരു തോടു യോജിപ്പിക്കുന്നു. ഈ നദിക്കു 800 നാഴികയോളം നീളമുണ്ടു്. പ്രധാന പോഷകനദികൾ ഭീമയും തുംഗഭദ്രയുമാകുന്നു. ബസവാഡ എന്ന സ്ഥലത്തു് ഇതിൽ ഒരു വലിയ അണ കെട്ടീട്ടുണ്ടു്.

ഹിന്ദുക്കളുടെ മറെറാരു പുണ്യനദിയായ കാവേരി പശ്ചിമതീരത്തിന്നടുത്തുള്ള കുടകുസംസ്ഥാനത്തിൽനിന്നുത്ഭവിച്ചു മൈസൂർ രാജ്യത്തിൽക്കൂടെ കിഴക്കോട്ടു പ്രവഹിക്കുന്നു. മൈസൂർ പട്ടണത്തിൽനിന്നു 10 നാഴിക വടക്കുള്ള കണ്ണമ്പാടി എന്ന സ്ഥലത്തു് ഈ നദിയിൽ ഒരു വലിയ അണക്കെട്ടു് മൈസൂർ ഗവൎമ്മെണ്ടുവകയായി നിൎമ്മിച്ചിട്ടുണ്ടു്. കെട്ടിന്നു "കൃഷ്ണരാജസാഗരം" എന്നാണു പേർ. അതിൽനിന്നു ചാലുകൾവഴിയായി വെള്ളം തിരിച്ചുകൊണ്ടുപോയി അനേകായിരം ഏക്ര ഭൂമി മൈസൂർ രാജ്യത്തിൽ കൃഷിചെയ്യുന്നു. മൈസൂർ രാജ്യത്തിന്റെ അതിരിന്നരികെ ശിവസമുദ്രം എന്ന സ്ഥലത്തു മൈതാനത്തേക്കു് ഇറങ്ങുമ്പോൾ ഈ നദിയിൽ 380 അടി ഉയരത്തിൽനിന്നുള്ള ഒരു ജലപാതമുണ്ടു്. ഇതിൽനിന്നു വിദ്യുച്ഛക്തിയെടുത്തു ശേഖരിച്ചു ബാങ്കളൂർ

മുതലായ പട്ടണങ്ങളിലേയ്ക്കു കൊണ്ടുപോയി ഉപയോഗിക്കുന്നുണ്ടു്. പിന്നീടു് ഈ നദി പൂൎവ്വഘട്ടങ്ങളുടെ ഒരു ഭാഗമായ ശെവറായി മലയുടെ ഒരു വിസ്താരം കുറഞ്ഞ പിളൎപ്പിൽക്കൂടെ തെക്കോട്ടൊഴുകി പിന്നേയും കുറേദൂരം കിഴക്കോട്ടു പ്രവഹിച്ചു് അനേകം കൈവഴികളായി പിരിഞ്ഞു നാഗപട്ടണത്തിന്നു സമീപം ബങ്കാളഉൾക്കടലിൽത്തന്നെ വീഴുന്നു. മദ്രാസ്സ്ഗവൎമ്മേണ്ടുവകയായി സേലംപട്ടണത്തിൽനിന്നു 30 നാഴിക വടക്കുപടിഞ്ഞാറുള്ള മേട്ടൂർ എന്ന സ്ഥലത്തു വളരെ പണം ചിലവുചെയ്തു് ഈ നദിയിൽ ഗംഭീരമായ ഒരു അണക്കെട്ടു തീൎത്തിട്ടുണ്ടു്. അതിൻെറ പിന്നിൽ ഒരു വലിയ തടാകത്തിൽ എന്നപോലെ ജലം സമൃദ്ധിയായി നില്ക്കുന്നു. ചാലുകളിൽക്കൂടി ഈ വെള്ളം തിരിച്ചുകൊണ്ടുപോയി തൃശ്ശിനാപ്പള്ളി തഞ്ചാവൂർ എന്നീ ജില്ലകളിൽ വളരെ ഭൂമി കൃഷിചെയ്യുന്നുണ്ടു്. തൃശ്ശിനാപ്പള്ളി പട്ടണത്തിനു് അല്പം പടിഞ്ഞാറുവെച്ചു കാവേരി രണ്ടായിപ്പിരിഞ്ഞു കുറെ ദൂരം ഒഴുകി വീണ്ടും രണ്ടു ശാഖകളുംകൂടി യോജിച്ചു്, പിന്നേയും അനേകം ശാഖകളായി പിരിഞ്ഞാണു കടലിൽ പതിക്കുന്നതു്. ആദ്യത്തെ ഇരു ശാഖകളുടേയും മദ്ധ്യേയാണു് പ്രസിദ്ധപ്പെട്ട വിഷ്ണുക്ഷേത്രമുള്ള ശ്രീരംഗം എന്ന ദ്വീപു്. സംസ്ഥാനത്തിൽ ഏററവും ഉപയോഗമുള്ള നദി കാവേരിയാണു്. ഭവാനി, നെയ്യൽ, അമരാവതി, എന്ന മൂന്നു പോഷകനദികൾ ഇതിന്നുണ്ടു്. ഈ നദിയുടെ നീളം ആകെ 475 നാഴികയാണു്.

കണ്ണാററിക സമതലത്തിന്റെ വടക്കഭാഗത്തുള്ള പെണ്ണാർ, പാലാർ, തെക്കൻ പെണ്ണാർ എന്നീ നദികൾ വേനല്ക്കാലത്തു വററിപ്പോകുന്നു. സംസ്ഥാനത്തിന്റെ തെക്ക മധുരജില്ലയിലുള്ള വൈകാനദിയും, തിരുനേൽവേലി ജില്ലയിലുള്ള താമ്രപണ്ണിയും, നീളം കുറഞ്ഞവയെങ്കിലും കൃഷിക്ക വളരെ ഉപകാരപ്രദങ്ങളാണു്. താമ്രപണ്ണിയുടെ പൎവ്വതഘട്ടത്തിലുള്ള കുത്താലം വെള്ളച്ചാട്ടം കേൾവിപ്പെട്ടതാകുന്നു.

പശ്ചിമതീരത്തിൽ അനേകം ചെറുപുഴകൾ മലകളിൽനിന്നുത്ഭവിച്ചു കായലുകളിലും, അറബിക്കടലിലും ചെന്നുവീഴുന്നു. ഇവയ്ക്കു നീളം അധികമുണ്ടാകുവാൻ തരമില്ലല്ലോ. പ്രധാനമായവ മംഗലാപുരത്തിന്നുസമീപമുള്ള നേത്രാവതിയും, കോഴിക്കോട്ടിന്നരികിലുള്ള ബേപ്പൂർനദിയും, ആനമലയിൽനി ന്നുത്ഭവിച്ചു പാലക്കാട്ടു ചുരത്തിൽക്കൂടെ ഒഴുകി പൊന്നാനിക്കസമീപം കടലിൽ വീഴുന്ന ഭാരതപ്പുഴയും, വടക്കെ തിരുവിതാംകൂറിലുള്ള പെരിയാർ അല്ലെങ്കിൽ ആലുവാപ്പുഴയും ആകുന്നു.

മലയാളക്കരയിൽ പ്രായേണ ആഴംകുറഞ്ഞ അനേകം കായലുകൾ ഒന്നോടൊന്നു തൊട്ടും, ചില സ്ഥലങ്ങളിൽ കടലിനോടു സംബന്ധിച്ചും കിടക്കുന്നു. ഈ കായലുകൾ തിരുവനന്തപുരം മുതൽ പൊന്നാനിക്ക വടക്കുള്ള തിരൂർവരെ നീണ്ടുകിടക്കുന്നു. വീതി കുറഞ്ഞ ഒരു മണൽപ്രദേശം ഇവയെ അറബിക്കടലിൽനിന്നു വേർതിരിക്കുകയും ചെയ്യുന്നു.

കൃഷ്ണാ, ഗോദാവരി എന്ന നദികൾക്കിടയിൽ

കോലയാർ എന്ന ശുദ്ധജലതടാകവും, മദിരാശിക്കു വടക്കു പുലിക്കാട്ട് എന്ന തടാകവും സംസ്ഥാനത്തിലുണ്ട്. പുലിക്കാട്ട കടലിനോട സംബന്ധിച്ചുള്ളതും കടൽ ഉള്ളിലേക്കു തള്ളീട്ടുണ്ടായതും ആണ്.

—:o:—

അദ്ധ്യായം 12.

കാലാവസ്ഥ.

ഭൂമിയുടെ വാർഷികചലനവിവരണത്തിന്റെ അവസാനത്തിൽ ഒരു രാജ്യത്തിന്റെ കാലാവസ്ഥ അതു കിടക്കുന്ന മേഖലയെ ഏതാനും അനുസരിച്ച് ഇരിക്കും എന്നു പറഞ്ഞുവല്ലൊ. നമ്മുടെ സംസ്ഥാനം ഭൂമദ്ധ്യരേഖയിൽനിന്നു വളരെ ദൂരെയല്ല. ഏപ്രിൽ മാസം മുതൽ ആദിത്യൻ വടക്കോട്ടേയ്ക്കു് അധികമധികം നീങ്ങിവരികയും ജൂൺ 21-ാംനു- വടക്കെ അററം എത്തുകയും ചെയ്യുന്നു. ചെങ്കുത്തായ സൂര്യരശ്മികളോ അധികം ചരിവില്ലാത്ത രശ്മികളോ ആണു ഈ കാലത്തിൽ സംസ്ഥാനത്തിൽ വീഴുന്നതു്. പകൽ സമയം കൂടുകയും അധികനേരം വെയിലിന്റെ ചൂട ഭൂമിയിൽ തട്ടുകയും ചെയ്യുന്നു. അപ്പോൾ സംസ്ഥാനത്തിലെ സമനിലങ്ങളിലും പർവ്വതപ്രദേശങ്ങളിലും പീഠഭൂമിയിലും മററു കാലങ്ങളിലുള്ളതിനെക്കാൾ ചൂട വർദ്ധിച്ചുകാണുന്നു. സംസ്ഥാനം ഉഷ്ണമേഖലയിൽ കിടക്കുന്നതുകൊണ്ടും ഉത്തരധ്രുവം ഈ കാലത്തിൽ സൂര്യനെ അധികം അടുത്തു്, ഏററവും ശക്തിയുള്ള സൂര്യകിരണങ്ങൾ അവിടെ പതിക്കുന്നതുകൊണ്ടുമാണ് ഉഷ്ണം അധികരിക്കുന്നതു്.

എന്നാൽ സംസ്ഥാനത്തിലുള്ള മൂന്നു പ്രദേശങ്ങളിലും ഒരുപോലെ അല്ല ഉഷ്ണത്തിന്റെ സ്ഥിതി. കടൽത്തീരത്തിന്നടുത്തുള്ള ഭാഗങ്ങളിൽ തണുത്ത കടൽക്കാററു വീശുന്നതുകൊണ്ടു് ഉഷ്ണത്തിനു കുറവും, ഉള്ളിലേക്കു തള്ളിക്കിടക്കുന്ന സമനിലങ്ങളിൽ ചൂടിന്നു് ആധിക്യവും ഉണ്ടാകുന്നു. പീഠഭൂമിപ്രദേശത്തിൽ ഇക്കാലത്തു് അത്യുഷ്ണവും വരൾച്ചയും ആണു്. നേരെമറിച്ചു സംസ്ഥാനത്തിൽ ഉന്നതങ്ങളായ വൃക്ഷങ്ങൾ നിറഞ്ഞും ഇരിക്കുന്ന പർവ്വതങ്ങളിന്മേൽ ഇപ്പോഴാണു് ഏററവും സുഖകരമായ കാലാവസ്ഥ. നീലഗിരിയിലുള്ള ഊട്ടക്കമണ്ടു്, കന്നൂര്, വെല്ലിങ്ങ്ടൻ എന്നീസ്ഥലങ്ങളും,പഴനിമലയിലുള്ള കൊഡെക്കനാൽ എന്ന സ്ഥലവും, ശെവറായി മലയിലുള്ള യെർക്കാടും സുഖവാസതല്പരന്മാരായ ധനികന്മാരേയും, വലിയ ഉദ്യോഗസ്ഥന്മാരേയും ഇപ്പോഴാണു് ആകർഷിക്കുന്നതു്. 6000 അടി പൊക്കമുള്ള ഊട്ടിയിൽ ഈകാലത്തു പകൽ പുതയ്ക്കണമെന്നും അതിചൂടുള്ള പാലിൽ മോരൊഴിച്ചാൽമാത്രമേ തൈരാവുകയുള്ളു എന്നും ഉള്ള സംഗതികൾ അതിശയോക്തിയല്ല. ഇതിൽനിന്നു ഉയരം കൂടുംതോറും ഉഷ്ണം കുറയുന്നു എന്നും ഒരു പ്രദേശത്തിന്റെ കാലാവസ്ഥ മേഖലയെ മാത്രമല്ല, അതിന്റെ ഉയരത്തേയും ഏതാനും ആശ്രയിച്ചിരിക്കുമെന്നും മനസ്സിലാക്കാം.

ഏപ്രിൽ മുതൽ മൂന്നു മാസത്തേക്കു ക്രമേണ വർദ്ധിക്കുന്ന ഉഷ്ണം മഴയ്ക്കു കാരണമായി ഭവിക്കുന്നു. ചൂടു കൂടുമ്പോൾ വായു വികസിച്ചു അതിന്റെ ഘനം

കുറഞ്ഞു് അതു വായുമണ്ഡലത്തിന്റെ ഉപരിഭാഗത്തേക്കു പൊങ്ങിപ്പോകുന്നു. ഉഷ്ണം ക്രമേണ കൂടുംതോറും വായു ലഘൂകരിച്ചു് അതിന്റെ ഊൎദ്ധ്വഗതിക്കു ശക്തിയും വൎദ്ധിക്കുന്നു. ഈ കാലത്തിൽ ഇന്ത്യാസമുദ്രത്തിന്റെ തെക്കുഭാഗത്തിൽ വെള്ളത്തിന്നു വളരെ തണുപ്പാണു്. അവിടെ വെയിലിന്നു ശക്തി കുറവാണു്. മദ്ധ്യരേഖയുടെ തെക്കു കിടക്കുന്ന പ്രദേശങ്ങളിലെല്ലാം ഈ കാലത്തിൽ ഇങ്ങിനെതന്നെയാണു്. ആ പ്രദേശങ്ങളിലുള്ള വായുവിന്നു തണുപ്പും ഘനവും വളരെ അധികമാണു്. ഇന്ത്യാസമുദ്രത്തിന്റെ തെക്കുഭാഗങ്ങളിൽനിന്നു ഘനമുള്ള വായു ഘനം കുറഞ്ഞ വായുവുള്ള ഇന്ത്യയിലേക്കും, അതുപോലെയുള്ള മററു പ്രദേശങ്ങളിലേക്കും കാററുകളായി വീശുന്നു. സമുദ്രതരണം ചെയ്യുമ്പോൾ അതിന്റെ ഉപരിഭാഗത്തിൽ വായുമണ്ഡലത്തിലുള്ള കാൎമ്മേഘങ്ങളെയെല്ലാം അവ അടിച്ചുകൊണ്ടുവരുന്നു. ഈ കാററുകൾ ആണു് കാലവൎഷക്കാററുകൾ.

പടത്തിൽനിന്നു കാലവൎഷക്കാററുകളുടെ ഗതി മനസ്സിലാക്കുക. അവ തെക്കുപടിഞ്ഞാറുനിന്നു വീശുന്നു. സംസ്ഥാനത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള പശ്ചിമഘട്ടങ്ങൾ അവയ്ക്കു തടസ്ഥമായിട്ടാണല്ലോ കിടക്കുന്നതു്. ഈ മലകളെ കടക്കാൻ കാററുകൾ ഉയരുമ്പോൾ അവ വഹിച്ചുകൊണ്ടുവരുന്ന മേഘങ്ങൾ തണുത്തു മഴയായി പശ്ചിമഘട്ടങ്ങളിലും, പടിഞ്ഞാറെ സമനിലത്തും വീഴുന്നു. ജൂൺ, ജൂലായി എന്ന മാസങ്ങളിൽ ഈ മഴയ്ക്കു വളരെ ശക്തിയും

ണു്. പിന്നെത്തെ രണ്ടുമാസങ്ങളിൽ വർഷം ക്രമത്തിൽ ചുരുങ്ങുന്നു. മലയാളക്കരയിൽ 100 അംഗുലത്തിലധികം ഈ മഴ പെയ്യുന്നു. പാലക്കാട്ടുചുരത്തിൽക്കൂടെ കാലവർഷക്കാററുകൾ കടന്നു പിളൎപ്പിന്നഭിമുഖമായിക്കിടക്കുന്ന കോയമ്പത്തൂർജില്ലയുടെ പശ്ചിമഭാഗത്തും കാലവർഷം ഇടയ്ക്കിടെ ഉണ്ടാകാറുണ്ടു്. പശ്ചിമഘട്ടങ്ങളുടെ കിഴക്കുഭാഗത്തുള്ള കൎണ്ണാററിക്ക് സമനിലത്തിൽ പ്രായേണയും, പീഠപ്രദേശങ്ങളിൽ മിക്കവാറും കാലവർഷം അധികം ഉണ്ടാകാറില്ല. കാററുകൾ മാത്രം ബലമായിവീശുന്നു. എന്നാൽ കാലവർഷക്കാററുകളുടെ ഒരുഭാഗം ബങ്കാളുകുൾക്കടൽ കടന്നു സംസ്ഥാനത്തിൻെറ വീതികുറഞ്ഞ വടക്കെ ഖണ്ഡത്തിൽ മഴ പെയ്യിക്കുന്നു. പക്ഷേ ഇവിടെ ഉണ്ടാകുന്ന മഴക്കു മലയാളക്കരയിലെ മഴയോളം അത്ര ശക്തിയില്ല.

കാലവർഷക്കാററുകളും, മഴയും പശ്ചിമസമനിലത്തിലും വടക്കൻസൎക്കാർ സമഭൂമിയിലും ഉള്ള ഉഷ്ണത്തെ പെട്ടെന്നു കുറയ്ക്കുന്നു. കൎണ്ണാററിക്ക് സമതലത്തിൽക്കൂടെ പശ്ചിമഘട്ടങ്ങളിൽനിന്നുത്ഭവിച്ചൊഴുകുന്ന നദികളിൽ ഇപ്പോൾ ജലപ്രവാഹം ഉണ്ടാകുന്നു. ഇതും, മലയാളക്കരയിൽനിന്നു വീശുന്ന കാററുകളും അവിടുത്തെ ഉഷ്ണത്തിന്നു് ഏതാനും ശമനം വരുത്തും.

സപ്തെംബർ മാസത്തിൽ ഏകദേശം അവസാനത്തോടുകൂടി ആദിത്യൻെറ ചൂടിന്നു ഗണ്യമായ കുറവുണ്ടാകുന്നു. ആ മാസം 22-ാംനു-ക്കുശേഷം

തെക്കെ അദ്ധഗോളം സൂൎയ്യന്നു് അധികമധികം അ ടുക്കുന്നുവല്ലോ. ആദിത്യനെ തെക്കോട്ടു നീങ്ങിക്കാ ണുകയും രശ്മികൾ ചരിവായി വീഴുകയും, പകൽ ക്ര മേണ കുറയുകയുംചെയ്യുന്നു. ചൂടുപിടിച്ച പ്രദേശ ങ്ങൾ തണുത്തുവരികയും, തെക്കുള്ള സമുദ്രം ചൂടാവു കയും ആണു് അതിന്റെ ഫലം. ഒക്ടോബർ മുതൽ മൂന്നു മാസത്തേക്കു തണുത്ത കാററുകൾ വടക്കുകിഴക്കു നിന്നു് ബംഗാളുൾക്കടലിൽകൂടി സംസ്ഥാനത്തി ന്റെ തെക്കുഭാഗം വഴിക്കു് ഇന്ത്യാസമുദ്രത്തിലേക്കു വീശുന്നു. ബംഗാളുൾക്കടലിന്റെ ഉപരിഭാഗത്തുള്ള കാൎമ്മേഘങ്ങളെ ഈ കാററുകൾ വഹിച്ചുകൊണ്ടുവ രികയും കണ്ണ്യാററിക്കു് സമനിലത്തിൽ ഈ മാസ ങ്ങളിൽ മഴയുണ്ടാവുകയുംചെയ്യുന്നുണ്ടു്. വടക്കൻ സർക്കാർ പ്രദേശത്തിന്നു് ഈ മഴ ലഘുവായി മാത്ര മേ ഉണ്ടാകുന്നുള്ളൂ. ഈ കാററുകൾ മലയാളക്കരയിൽ എത്തുമ്പോഴാണു് അവിടെ തുലാവഷം ഉണ്ടാകുന്ന തു്. ഇവിടേയും ഈ മഴയ്ക്കു വലിയ ശക്തിയില്ല. പീ ഠപ്രദേശത്തിലും ഈ മഴ അസ്ഥിരമാണു്. ഒട്ടാകെ പറയുന്നതായാൽ സംസ്ഥാനത്തിലെ പീഠജില്ലക ളിലാണു് മഴ ഏററവും ചുരുക്കവും അസ്ഥിരവും; അ വിടെത്തന്നെയാണു് ക്ഷാമവും ഇടയ്ക്കിടെ ഉണ്ടാകു ന്നതു്.

ഡിസമ്പർ, ജനുവരി, ഫെബ്രുവരി എന്ന മാ സങ്ങൾ സംസ്ഥാനത്തിൽ ഒട്ടാകെ തണുപ്പുകാലമാ ണു്. മലയാളക്കരയിൽ ഇപ്പോൾ മിതമായ തണു പ്പാണു്. ഈ കാലത്തിൽ കണ്ണ്യാററിക്കു് സമനില

ത്തിൽ തണുപ്പ് അവിടത്തേക്കാാം കൂടും. വടക്കൻ സക്കാർ പ്രദേശത്തും പീഠഭൂമിഖണ്ഡത്തിലും യഥാക്രമം പിന്നേയും തണുപ്പു കൂടുതലാണു്.

മേൽവിവരിച്ച സംഗതികളെ അടിസ്ഥാനമാക്കി കാലാവസ്ഥ അനുസരിച്ചു സംസ്ഥാനത്തെ അഞ്ചു ഖണ്ഡങ്ങളായി വിഭജിക്കാവുന്നതാണു്. അവ 1 മലയാളക്കര, 2 കണ്ണാററിക്ക് സമതലം, 3 വടക്കൻ സക്കാർപ്രദേശം, 4 പീഠപ്രദേശം, 5 ഉന്നതമായ പവ്വതപ്രദേശം എന്നിവയാകുന്നു. മലയാളക്കരയിൽ മാച്ച്, ഏപ്രിൽ, മേയ് എന്ന മാസങ്ങളിൽ അത്യുഗ്രമായ ഉഷ്ണവും വരൾച്ചയും, ജൂൺമാസം മുതൽക്കു നാലുമാസത്തേക്കു് കാലവഷവും ഒക്ടോബർ, നവമ്പർ എന്ന മാസങ്ങളിൽ വടക്കുകിഴക്കൻ കാററും മഴയും ഡിസമ്പർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ കിഴക്കൻകാററും മഞ്ഞും തണുപ്പും ഉണ്ടാകുന്നു. കണ്ണാററിക്ക് സമനിലത്തിൽ മാച്ച്മാസംമുതൽ മൂന്നുമാസത്തേക്കു കഠിനമായ ഉഷ്ണവും വരൾച്ചയും ജൂൺമുതൽ നാലുമാസം സാമാന്യമായി വരൾച്ചയും തെക്കുപടിഞ്ഞാറൻ കാററും, ഒക്ടോബർ മുതൽ മൂന്നുമാസത്തെക്കു വടക്കുകിഴക്കൻ കാററും മഴയും തണുപ്പും, ജനുവരി, ഫെബ്രുവരി എന്ന മാസങ്ങളിൽ ശൈത്യവും മഞ്ഞും ആണു് ഉണ്ടാകുന്നതു്. വടക്കൻസക്കാർ പ്രദേശത്തിന്നു മലയാളക്കരയോടു് ഏതാനും സാമ്യവും ഏതാനും വ്യത്യാസങ്ങളും ഉണ്ടു്. മാർച്ചുമുതല്ക്കുള്ള ഉഷ്ണകാലത്തിൽ ചൂ

ടിന്നു അല്പം കുറവും, ജൂൺ തുടങ്ങിയുള്ള മഴയ്ക്കു ഘനക്കുറവും, ഡിസമ്പർ മുതല്ക്കുള്ള ശൈത്യത്തിന്നു് ആധിക്യവും ഉണ്ടു്. പീഠഭൂമിയിൽ മാർച്ച് മുതൽ 3 മാസത്തേക്കു വരൾച്ചയും ഉഷ്ണവും ജൂൺ മുതൽ 5 മാസത്തേക്കു സ്ഥിരമില്ലാത്ത മഴയും പ്രായേണ ചൂടും, ഡിസമ്പർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ അതിശൈത്യവും മഞ്ഞും ഉണ്ടാകുന്നു. ഈ പ്രദേശത്തിൽ മററു വിഭാഗങ്ങളെപ്പോലെ മഴയ്ക്കു സ്ഥിരതയില്ല. രണ്ടുതരം വർഷവും ലഘുവായി ഉണ്ടാകും. മഴക്കുറവുകൊണ്ടു ജലദൌർല്ലഭ്യവും, ക്ഷാമവും ജനങ്ങൾക്കു നേരിടുന്നു. ഉന്നതപർവ്വതപ്രദേശത്തു കാലവർഷം ധാരാളവും, മാർച്ച് മുതൽ ആറുമാസത്തേക്കു സുഖകരമായ ശൈത്യവുമാണു്. ഈ കാലത്തു വാസ്സം അവിടെ പാർക്കാൻ സുഖമുള്ളു.

ഒരു പ്രദേശത്തിലെ കാലാവസ്ഥയെ രൂപവൽക്കരിക്കുന്നതു് അതിൻെറ ശീതോഷ്ണസ്ഥിതിയും മഴയുമാണു്. മേഖലയേയും സമുദ്രനിരപ്പിൽനിന്നുള്ള ഉയരത്തേയും അനുസരിച്ചാണു് ശീതോഷ്ണസ്ഥിതി ഇരിക്കുക. മഴ സമുദ്രസാമീപ്യത്തേയും, പർവ്വതങ്ങളുടെ കിടപ്പിനേയും, വീശുന്ന കാററുകളുടെ ഗതിയേയും, സ്വഭാവത്തേയും അനുസരിച്ചിരിക്കും. ഈ തത്വങ്ങൾ അനുസരിച്ചാണു് സംസ്ഥാനത്തിലെ പ്രദേശങ്ങൾക്കു കാലാവസ്ഥയിൽ വ്യത്യാസം കാണുന്നതു്.

അദ്ധ്യായം 13.

സസ്യവിതരണം.

നമ്മുടെ സംസ്ഥാനത്തിൽ മണ്ണിന്റെ ഗുണവും, കാലാവസ്ഥയും അനുസരിച്ച് ഓരോ പ്രദേശത്തും അവിടേക്കു പററിയ സസ്യങ്ങൾ കൃഷിചെയ്തുവരുന്നു. ഈ പ്രദേശങ്ങളിലെല്ലാം യാതൊരു മനുഷ്യനും താമസിച്ചു പ്രയത്നിക്കാത്തപക്ഷം അവിടങ്ങളിൽ ഏതുമാതിരി സസ്യങ്ങളാണ് ഉണ്ടാവുക എന്നു മനസ്സിലാക്കിയാൽ, ഇപ്പോൾ ജനങ്ങൾ എന്തുകൊണ്ടു ചില പ്രത്യേകതരം വിളവുകൾ കൃഷിചെയ്തുണ്ടാക്കുന്നു എന്നു് എളുപ്പത്തിൽ ധരിക്കാം.

ഇപ്പോൾ പടിഞ്ഞാറുഭാഗത്തുള്ള മലയാളക്കരയിൽനിന്നു് അവിടെയുള്ള ജനങ്ങളെയെല്ലാം ഒട്ടു[illegible]കെ നീക്കംചെയ്താൽ ആ പ്രദേശം മുഴുവനും കു[illegible]യം വർഷങ്ങൾക്കുള്ളിൽ വൻകാടുകൾകൊണ്ടു നിറയും. പശ്ചിമഘട്ടങ്ങളുടെ പാർശ്വങ്ങളിലുള്ള കാടുകൾ ആ പ്രദേശം മുഴുവനും വ്യാപിക്കും. അതിന്നുവേണ്ട മഴയും, ചൂടും അവിടെ വേണ്ടുവോളമുണ്ടല്ലോ. വടക്കൻ സർക്കാർപ്രദേശവും ജനാധിവാസമില്ലാത്തപക്ഷം ഏതാനും ഇതുപോലെതന്നെയാണ് ആയിത്തീരുക. പക്ഷെ കാടുകൾക്കു നിബിഡതയും, ഉയരവും കുറയുമെന്നേയുള്ളു. മഴയുടെ ഘനക്കുറവു കാടുകളുടെ പുഷ്ടിയെ [illegible]യ്ക്കുമല്ലോ. കണ്ണാററിക്ക് സമതലത്തിൽ മനുഷ്യ[illegible]ില്ലെങ്കിൽ ഉയന്ന സ്ഥലങ്ങളിൽ കുററിക്കാടുകളും, മററുദിക്കുകളിൽ ഉയരമുള്ള പുല്ലുംകൊണ്ടു നിറയും. പീഠഭൂമി പ്രദേശവും ആളുകൾ ആരും താമ

സമില്ലെങ്കിൽ മഴയ്ക്കു സ്ഥിരതയില്ലായ്കകൊണ്ടു് വളച്ച് ചുരുങ്ങിയ പുൽത്തകിടുകളാകും. മലമ്പ്രദേശം സാമേന്യേന മുഴുവനും മനുഷ്യന്റെ കോടാലി തട്ടാതിരുന്നാൽ അതിഗംഭീരമായ വനങ്ങളായും തീരും. പൂർവ്വഘട്ടങ്ങളുടെ മദ്ധ്യഭാഗത്തിൽ മാത്രം മരങ്ങൾ ഹ്രസ്വമായിരിക്കും. അവിടേയും മഴ ചുരുക്കമാണല്ലോ.

മേൽ വിവരിച്ചതിൽനിന്നു വെളിവാകുന്നതു പശ്ചിമതീരപ്രദേശവും വടക്കൻസൎക്കാർ സമനിലവും ഉഷ്ണമേഖലക്കാട്ടുപ്രദേശമെന്നും, കണ്ണ്ാററിക്ക് സമനിലം ഉഷ്ണമേഖലപ്പുൽത്തകിടിപ്രദേശമെന്നും, പീഠഭൂമി പുഷ്ടികുറഞ്ഞ പുൽത്തകിടിപ്രദേശമെന്നും ആണു്.

സംസ്ഥാനത്തിൽ ഓരോ പ്രദേശത്തും പ്രകൃത്യാ ഉള്ള സസ്യവൎഗ്ഗങ്ങളെ ഒരുവിധം അനുകരിച്ചാണു് അവിടെ താമസിക്കുന്നവർ ആഹാരാദികൾക്കു് അവക്കാവശ്യമുള്ള കൃഷി നടത്തിവരുന്നതു്. പടിഞ്ഞാറെക്കരയിലെ തെങ്ങിൻതോട്ടങ്ങളും, കവുങ്ങിൻതോപ്പുകളും, കശുമാവിൻകാടുകളും, പ്ലാവിൻതോട്ടങ്ങളും, തേക്കു വളൎത്തുന്ന കാടുകളും, നേന്ത്രവാഴകൃഷിയും, പണ്ടത്തെ കാടുകളുടെ സ്ഥാനത്താണെന്നു പറയാം. കണ്ണ്ാററിക്ക് സമനിലത്തിലെ പുകയില, പരുത്തി, നെല്ലു്, എണ്ണച്ചെടികൾ മുതലായവ പുല്ലിന്റെ പണ്ടത്തെ സ്ഥാനമാണു പിടിച്ചിരിക്കുന്നതു്. പീഠഭൂമിയിലെ പരുത്തികൃഷിയും ഹ്രസ്വപ്പുല്ലിനെ ചില ഭാഗങ്ങളിൽനിന്നു

മാററീട്ടാണു് സ്ഥലം പിടിച്ചിരിക്കുന്നതു്. നീലഗിരിയിലും, ആനമലയിലും, ഏലമലയുടെ ചില ഭാഗങ്ങളിലുമുള്ള കാപ്പി, ചായ, റബ്ബർ എന്നീ തോട്ടങ്ങൾ, വൃക്ഷങ്ങളുടെ സ്ഥാനത്തെയാണു് അപഹരിച്ചിരിക്കുന്നതു്.

———:o:———

അദ്ധ്യായം 14.

സ്വാഭാവികപ്രദേശങ്ങൾ.

ഒരു പ്രദേശത്തിൻെറ ഭൂസ്ഥിതി, കാലാവസ്ഥ, സസ്യജാലങ്ങൾ ഇവ ഒന്നോടൊന്നു് ഐക്യമായി ആ പ്രദേശത്തിന്നു് ഒരു പ്രത്യേക സ്വഭാവത്തെ ഉണ്ടാക്കുന്നു. ഇങ്ങിനെ അന്യോന്യം വ്യത്യസ്തമായി ഒരു രാജ്യത്തുള്ള വിഭാഗങ്ങൾക്കാണു് സ്വാഭാവികപ്രദേശങ്ങൾ എന്നു പറയുന്നതു്.

ഒരു സ്വാഭാവികപ്രദേശം അതിൽ വസിക്കുന്ന ജനങ്ങളുടെ ശരീരസമ്പ്രദായത്തേയും, ഭാഷയേയും, ആഹാരത്തേയും, കൃഷി മുതലായ ജോലികളേയും, വാഹനമാർഗ്ഗങ്ങളേയും, സാമുദായികജീവിതത്തേയും, ഒരു പ്രത്യേകതരത്തിൽ മററു പ്രദേശങ്ങളിൽനിന്നു് ഏതാനും ഭിന്നമായി രൂപീകരിക്കുന്നു. ഈ തത്വത്തെ അടിസ്ഥാനമാക്കി നമ്മുടെ സംസ്ഥാനത്തെ താഴെ പറയുന്ന അഞ്ചു സ്വാഭാവികപ്രദേശങ്ങളായി വിഭജിക്കാം. 1. മലയാളക്കര, 2. കർണ്ണാററിക് പ്രദേശം അല്ലെങ്കിൽ തമിഴ്നാട്ടു്, 3. വടക്കൻ സർക്കാർഖണ്ഡം അല്ലെങ്കിൽ ആന്ധ്രദേശം, 4. തീരപ്രദേശം, 5. മലങ്കാട്ടുപ്രദേശം.

തെക്കൻ കർണ്ണാടകജില്ല വാസ്തവത്തിൽ വടക്കൻ കർണ്ണാടകജില്ലയുമായി ഒരേ സ്വാഭാവികപ്രദേശത്തിൽപെട്ടതാണ്. ഭരണസൌകര്യത്തിന്നായി അതിനെ മദ്രാസ് സംസ്ഥാനത്തിൽ പെടുത്തീട്ടുണ്ടു് എന്നുമാത്രമേയുള്ളു. എങ്കിലും അതിന്നു മലയാളക്കരയോടു വളരെ സാമ്യമുണ്ടു്. മലയാളികളുടെ രണ്ടുനേരത്തെ മുങ്ങിക്കുളിയും പുഴുങ്ങലരിച്ചോറും, കർണ്ണാററിക്കിലെ തമിഴരുടെ ഒരു നേരത്തെ കുളിയും ഉണക്കച്ചോറും, ആന്ധ്റദേശത്തെ തെലുങ്കരുടെ കുപ്പൽമുളകും നെയ്യും അധികം ചേരുന്ന ആഹാരവും, പീഠദേശവാസികളുടെ കർണ്ണാടകഭാഷയും തെലുങ്കും, മുത്താറി, ചോളം, കമ്പു് മുതലായവകൊണ്ടുള്ള ആഹാരവും, മലയരുടെ അപരിഷ്കൃതമായ പ്രാചീനജീവിതവും സ്വാഭാവികപ്രദേശങ്ങളുടെ ചില ചിഹ്നങ്ങൾ മാത്രമാണ്.

———:o:———

അദ്ധ്യായം 15.

വിളവുകളും ധാതുക്കളും.

ഓരോ സ്വാഭാവികപ്രദേശത്തിലേയും ജനങ്ങൾ പ്രകൃതിദത്തമായ സൌകര്യങ്ങളെ ഉപയോഗിച്ചും, അവയെ കഴിയുന്നതും വർദ്ധിപ്പിച്ചും തങ്ങളുടെ ജീവിതത്തിന്നു വേണ്ടതായ ആഹാരാദികൾക്കുള്ള സാമഗ്രികൾ കൃഷിചെയ്തു് ഉണ്ടാക്കുന്നു. സംസ്ഥാനത്തിലെ ജനങ്ങൾ എന്തെല്ലാം കൃഷികളാണ് നടത്തിവരുന്നതെന്നു നമുക്കു മനസ്സിലാക്കാം. കൃഷിക്കു് ആസ്പദമായിട്ടുള്ളതു വെള്ളവും, മണ്ണും, വെയിലുമാ

ണ്. ഇവയുടെ വ്യത്യാസംകൊണ്ടു സംസ്ഥാനത്തിൽ ഉണ്ടാകുന്ന കൃഷിസാധനങ്ങൾക്കും വിളവുകളുടെ ഏററക്കുറവിനും അന്തരം ഉണ്ടാകുന്നു. ഉഷ്ണമേഖലാ

മദ്രാസ്സ് സംസ്ഥാനം (വിളവുകളും ധാതുക്കളും)

പ്ര[illegible]ങ്ങളിലുണ്ടാകുന്ന വിവിധവിളവുകളും നമ്മുടെ സംസ്ഥാനത്തിൽ കൃഷിചെയ്യുന്നുണ്ട്.

മഴപെയ്തിട്ടാണല്ലൊ വെള്ളം ഭൂമിയിൽ ഉണ്ടാകുന്നതു്. ഈ വെള്ളത്തിൽ ഏതാനും ഭൂമിയുടെ

ഉള്ളിലേക്കും ഒരു ഭാഗം നദികൾ വഴിയായി സമുദ്രത്തിലേക്കും, കറെ വെയിൽകൊണ്ട നീരാവിയായും പോകുന്നു. സംസ്ഥാനത്തിൽ ഓരോ പ്രദേശത്തിലും ഉണ്ടാകുന്ന മഴയേയും മഴയുണ്ടാകുന്ന കാലത്തേയും പററി വിവരിച്ചുകഴിഞ്ഞുവല്ലോ. മഴയില്ലാത്ത കാലങ്ങളിൽ കുടിപ്പാനും, കുളിപ്പാനും, കൃഷികൾ നനയ്ക്കുവാനും, വെള്ളം ശേഖരിപ്പാനുള്ള ഏർപ്പാടുകൾ ഓരോ പ്രദേശത്തിലും ജനങ്ങൾ ചെയ്തിട്ടുണ്ടു്.

മലയാളക്കരയിൽ കിണറുകളും, കുളങ്ങളും, തോടുകളിലും പുഴകളിലും കൃഷിവയലുകളുടെ തലക്കെട്ടുകളിലും താങ്ങുന്ന ചിറകളും, മഴക്കാലത്തിൻെറശേഷം കൃഷികൾ നനയ്ക്കാൻ ഉപയോഗപ്പെടുന്നു. വൃഷ്ടി അധികമുള്ളതുകൊണ്ടു് ഏരികൾ എന്നു പറയുന്ന വിശാലമായ കുളങ്ങളോ, പുഴകളിൽ വലിയ അണക്കെട്ടുകളോ പശ്ചിമതീരസമനിലത്തിൽ ആവശ്യമില്ല. കണ്ണാററിക്കു് സമനിലത്തു, വടക്കൻ സർക്കാർ സമനിലത്തും, പീഠഭൂമിയിലും വിസ്താരമുള്ള കിണറുകളും, ഏരികളുമാണു് അധികഭാഗം കൃഷികൾ നനയ്ക്കാൻ ഉപയോഗിക്കുന്നതു്. വിശാലമായി മൂന്നു ഭാഗങ്ങളും ക്രമേണ പൊങ്ങിപ്പോകുന്ന സ്ഥലങ്ങളുടെ താണുകിടക്കുന്ന ഒരു ഭാഗത്തിൽ വലിയ വരമ്പു നീളെ ഇട്ടു് ഉയർത്തീട്ടാണു് ഏരികൾ നിർമ്മിച്ചിട്ടുള്ളതു്. ഏരികളുടെ കീഴ്ഭാഗത്തിലാണു് വിളഭൂമികൾ ഉണ്ടാവുക. ഇങ്ങിനെ ഏരിയും അതിൻെറ താഴെ വയലുകളുമായി മുമ്പു പറഞ്ഞ മൂന്നു പ്രദേശങ്ങളിലും വളരെ കൃഷി നടത്തിവ

രുന്നുണ്ടു്. വെള്ളത്തിന്റെ ആസ്പദവും, പച്ചനിറത്തെ വയലുകളും, തോട്ടങ്ങളും കാണ്മാൻ വളരെ കൌതുകംതന്നെ. അസാധാരണമായി ചിലപ്പോൾ വലിയ ഏരിയുടെ കീഴ്‌വരമ്പുകൾ പൊട്ടി കൃഷികൾക്കും, പുരയിടങ്ങൾക്കും വലിയ നാശങ്ങളും സംഭവിക്കാറുണ്ടു്. ഏരികളിൽ ഏററവും വലിയവ കർണ്ണൂൽ ജില്ലയിലെ കമ്പം ഏരിയും, ഗോദാവരി ജില്ലയിലെ കലിഗിരി ഏരിയും, ചിങ്കൽപേട്ട ജില്ലയിലെ ചെമ്പരാമ്പാക്കു്, മദ്ദുരാന്തകം എന്നിവയുമാണു്.

ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളിൽ ഗംഭീരങ്ങളായ അണകൾ കെട്ടി കൃഷിക്കുപയുക്തമാക്കീട്ടുണ്ടു്. ഗോദാവരിനദിയിലെ ധവളേശ്വരം അണക്കെട്ടിൽനിന്നു വെള്ളം തിരിച്ചുകൊണ്ടുപോയി അതിന്റെ മുക്കോൺ തുരുത്തു മുഴുവനും നനച്ചു പുഷ്ടിയായി കൃഷി ചെയ്യുന്നു. ഈ അണക്കു മൂന്നേമുക്കാൽ നാഴിക നീളവും, 186 അടി ഉയരവും ഉണ്ടു്. കൃഷ്ണാനദിയിൽ ബസവാഡ അണക്കെട്ടു് അതിന്റെ മുഖത്തുള്ള ത്രികോണസ്ഥലം മുഴുവനും കൃഷിചെയ്യുവാൻ വേണ്ട ജലം സൌകൎയ്യപ്പെടുത്തുന്നു. കാവേരി നദിയിൽ സേലം ജില്ലയിലുള്ള മേട്ടൂർ അണക്കെട്ടു്, 5,500 അടി നീളവും 214 അടി ഉയരവും, 20½ അടി വീതിയും ഉണ്ടു്. ഇതിൽ കെട്ടിനി[illegible]ക്കുന്ന വെള്ളത്തിന്നു 165 അടി താഴ്ച്ചയും, 33 [illegible]മൽ നീളവുമാണു്. ഇതിന്നു 680 ലക്ഷം ഉറുപ്പി[illegible] ചിലവും വന്നിട്ടുണ്ടു്. ഇതിൽനിന്നു ചാലുകൾ വഴിക്കു വെള്ളം കൊണ്ടുപോയി തൃശ്ശിനാപ്പള്ളി

തഞ്ചാവൂർ എന്നീ ജില്ലകളിൽ 2,111 ചതുരശ്ര നാഴിക വിസ്താരമുള്ള ഭൂമി നനച്ചു കൃഷിചെയ്യുവരുന്നു. ചാലുകളുടെ ആകെ നീളം 2,704 നാഴികയുമാണു്. കാവേരിനദിയിൽ മേട്ടൂർകെട്ടിന്നു പുറമെ തൃശ്ശിനാപ്പള്ളി പട്ടണത്തിന്നു കുറെ മുകളിലും അല്പം താഴേയുമായി രണ്ടു കെട്ടുകളുംകൂടിയുണ്ടു്. ഏലമലയുടെ പടിഞ്ഞാറെ ചരിവിൽനിന്നു പുറപ്പെടുന്ന പെരിയാർ നദിയുടെ മുകൾഭാഗത്തു് അണകെട്ടി ഏലമലയുടെ ഉള്ളിൽക്കൂടി തോടുവെട്ടി, വെള്ളത്തെ വൈഗൈനദിയിലേക്കു ചാടിക്കുന്നതിന്നുമുമ്പു് ആ വെള്ളംകൊണ്ടു വളരെ സ്ഥലം മധുരജില്ലയിൽ കൃഷിചെയ്യുന്നു.

സംസ്ഥാനത്തിൽ കൃഷിചെയ്യുന്ന സാധനങ്ങളിൽ പ്രധാനമായ ഒന്നു് നെല്ലാണു്. ഇതിന്നു വെള്ളവും വെയിലും ധാരാളം വേണം. മഴ ധാരാളമുള്ള മലയാളക്കരയിലും ഗോദാവരി, കൃഷ്ണാ, കാവേരി എന്ന നദികളുടെ മുക്കോൺ സ്ഥലങ്ങളിലും, അവയെ തൊട്ടുകിടക്കുന്ന സമനിലത്തിലും, തൃശ്ശിനാപ്പള്ളി ജില്ലയിൽ കാവേരി തടത്തിലും, ചിങ്കൽപ്പേട്ട ജില്ലയുടെ പൂർവ്വഭാഗത്തിൻെറ മദ്ധ്യത്തിലും നെല്ലു് നല്ലവണ്ണം വിളയുന്നു.

പുകയില ഗന്ധകം കലൎന്നുള്ള മണ്ണിലാണു് നല്ലവണ്ണം ഉണ്ടാകുന്നതു്. ഇതിന്നു വെള്ളം നെല്ലിന്നു വേണ്ടപോലെ ആവശ്യമില്ല. പക്ഷെ നല്ല വെയിൽ വേണം. ഇതു പടിഞ്ഞാറെക്കരയുടെ വടക്കുഭാഗത്തും, കിഴ്ഞാററിക്കു് സമനിലത്തിൻെറ ഒക്കെ

ഖണ്ഡത്തിൽ തിരുനൽവേലി ജില്ല ഒഴികെയുള്ള മദ്ധ്യപശ്ചിമഭാഗങ്ങളിലും(കോയമ്പത്തൂർ, സേലം, തൃശ്ശിനാപ്പള്ളി, മധുര, രാമനാട് എന്നീ ജില്ലകളിലും) വടക്കൻ സർക്കാർ പ്രദേശത്തിന്റെ മദ്ധ്യദക്ഷിണഭാഗങ്ങളിലും (വിശാഖപട്ടണം, ഗോദാവരി, കൃഷ്ണാ എന്നീ ജില്ലകളിലും) സുലഭമായി ഉണ്ടാകുന്നു.

പരുത്തികൃഷിക്കു കറുത്ത മണ്ണും കുറേശ്ശ നനവും നല്ല ഉഷ്ണവും ആവശ്യമാണ്. ഇതു് ഒരു പറമ്പു കൃഷിയാണ്. ഇതു സംസ്ഥാനത്തിൽ മുഖ്യമായി കൃഷിചെയ്യുന്നതു മഴ ചുരുങ്ങിയ പീഠപ്രദേശത്തും (കടപ്പ, കർണ്ണൂൽ, ബല്ലാരി, ആനന്ദപുരം എന്ന ജില്ലകളിലും) ഗോദാവരി, കൃഷ്ണ, ഗുണ്ടൂർ, നെല്ലൂർ എന്നീ ജില്ലകളിലും, കൎണ്ണാററിക്ക് സമനിലത്തിന്റെ തെക്കെ ഖണ്ഡത്തിലും ആണ്.

നിലക്കടല, എള്ളു്, ആവണക്കു് എന്ന എണ്ണ ബീജങ്ങൾ കൎണ്ണാററിക്ക് സമനിലത്തിൽ ഉത്തരഭാഗത്തു നെല്ലൂർ, വടക്കൻ ആൎക്കാട്ട് എന്ന ജില്ലകളിലും പീഠദേശത്തു് കടപ്പ ജില്ലയിലും വിളയുന്നു. മുത്താറി, ചോളം, കമ്പ് എന്ന ധാന്യങ്ങൾക്കും വെള്ളം അധികം ആവശ്യമില്ല. ഇവ പീഠപ്രദേശത്തിൽ കൃഷിചെയ്യുന്നു. നവധാന്യങ്ങളിൽപെട്ട തുവര, പയറ്, ഉഴുന്നു്, കടല, മുതിര എന്നിവ ഉയൎന്ന [illegible]വുകളിൽ, സംസ്ഥാനത്തിൽ എല്ലാ ജില്ലകളിലും വിളയുന്നുണ്ടു്. നീലഗിരി, ചിങ്കൽപ്പേട്ട, വടക്കൻ ആൎക്കാട്ട്, തെക്കൻ ആൎക്കാട്ട് എന്ന സമനില ജില്ലകളിലും, കടപ്പ, കർണ്ണൂൽ എന്ന പീഠജില്ലക

ളിലും കൃഷിചെയ്യുന്നു. ഇതിന്നും വെള്ളത്തിന്റെ ആവശ്യം കുറവാണു്. കരിമ്പിന്നു നെല്ലിനെപ്പോലെ വെള്ളവും വെയിലും ധാരാളം വേണം. ഇതു കോയമ്പത്തൂർ, ഗോദാവരി എന്ന ജില്ലകളിൽ വെള്ളം അധികമുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നു.

പടിഞ്ഞാറെക്കരയിലെ കടലോരത്തുള്ള മണൽഭൂമിയിലും, തഞ്ചാവൂർ ജില്ലയിലും തെങ്ങു് വളരെ നട്ടുവളർത്തുന്നുണ്ടു്. കുരുമുളകു്, കവുങ്ങു്, നേന്ത്രവാഴ, കശുമാവു് എന്നിവ പശ്ചിമസമനിലത്തിൽ ധാരാളമായി ചെയ്തുവരുന്ന പറമ്പുകൃഷികളാണു്.

ഇവയെല്ലാംപുറമെ സംസ്ഥാനത്തിൽ നാനാഭാഗങ്ങളിലും വിവിധമായ പച്ചക്കറിസാധനങ്ങളും വാഴകളും കൃഷിചെയ്തുണ്ടാക്കുന്നു. നീലഗിരി ജില്ലയിൽ ശീതാഷ്ണമേഖലാരാജ്യങ്ങളിൽ ഉണ്ടാകുന്ന പഴങ്ങളും, കായ്കറികളും, കിഴങ്ങുകളും കൃഷിചെയ്യുന്നു.

മലങ്കാട്ടുപ്രദേശങ്ങളിൽ റബ്ബർ, കാപ്പി, ചായ എന്ന കൃഷികൾ ചില സ്ഥലങ്ങളിൽ നടത്തിവരുന്നുണ്ടു്. മഴ ധാരാളമുള്ള പ്രദേശത്തിൽ ഉയരംകുറഞ്ഞ കുന്നുകളിന്മേലും മലഞ്ചെരുവുകളിലും റബ്ബർത്തോട്ടങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. കാപ്പിയും ചായയും 2,000 അടി മുതൽ 5,000 അടിവരെ ഉയരമുള്ള പർവ്വതപാർശ്വങ്ങളിലാണു് ഉണ്ടാകുന്നതു്. ഇവയ്ക്കു തണുപ്പും, നനവും വേണം; വെള്ളം, ചെടികളുടെ ചുവട്ടിൽ കെട്ടിനില്ക്കുകയും അരുതു്.

റബ്ബർത്തോട്ടങ്ങൾ കുന്നുകളിന്മേലും, ഉയരംകുറ

ത്തെ പർവ്വതപാർശ്വങ്ങളിലും, മലയാംജില്ല, കൊച്ചി, തിരുവിതാംകൂർ എന്ന ഖണ്ഡങ്ങളിൽ കൃഷിചെയ്യുവരുന്നു. കാപ്പി പ്രധാനമായി നീലഗിരിയിലും, മൈസൂരിലും, പാലക്കാട്ടു ചുരത്തിന്റെ അടുത്തു തെക്കുള്ള മലകളിലും കൃഷിചെയ്യുന്നു. ചായത്തോട്ടങ്ങൾ മുഖ്യമായി ആനമലയിലും നീലഗിരി മലയുടെ ചില ഉയൎന്ന ചരിവുകളിലും ഉണ്ടു്.

യൂക്കാലിപ്ടസ് വൃക്ഷങ്ങൾ നീലഗിരിമലയിൽ 5,000 അടി പൊക്കമുള്ള സ്ഥലങ്ങളിൽ തോട്ടം വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. ഈ വൃക്ഷം ആസ്ത്രേലിയാ വൻകരയുടെ തെക്കുഭാഗത്തിൽ സ്വതവേ വളരുന്ന ഒന്നാണു്. ഇതിന്റെ ഇലയിൽനിന്നാണു് തൈലം എടുക്കുന്നതു്. നീലഗിരിമലയിൽ സിങ്കോണാത്തോട്ടങ്ങളും വെച്ചുപിടിപ്പിച്ചിട്ടുണ്ടു്. ഇ വൃക്ഷത്തിന്റെ തൊലിയിൽനിന്നു പനിക്കുപയോഗിക്കുന്ന കൊയന ഉണ്ടാക്കുന്നു.

പശ്ചിമഘട്ടങ്ങളിലേയും, വടക്കൻസർക്കാർ പ്രദേശത്തുള്ള പർവ്വതങ്ങളിലേയും കാടുകളിൽ തേക്കുമരം നല്ലവണ്ണം ഉണ്ടാകുന്നു. തേക്കുംതടികൾ പുരപ്പണി മുതലായ ആവശ്യങ്ങൾക്കു് ഉപയോഗിക്കുന്നങ്ങളാണല്ലോ. സംസ്ഥാനത്തിലെ കാടുകളിൽനിന്നു യുനി[illegible]ത്തിലുള്ള പലകകളും മുള, ചൂരൽ, തേൻ, നല്ല [illegible] മരങ്ങൾ, ത്രിഫല, പലവിധ ഔഷ[illegible] മുതലായവയും കിട്ടുന്നു. ഏലമലയിൽ ഏത്തിയിര[illegible]യ ധാരാളമായി ഉണ്ടാകുന്നു.

[illegible]ധാതുക്കൾ സംസ്ഥാനത്തിൽ വളരെ ചുരുക്കമാ

ണ്. ഗോദാവരി ജില്ലയിൽ കല്ക്കരിയും, വിശാഖ പട്ടണം ജില്ലയിൽ മാംഗനീസും ഉണ്ടു്. നെല്ലൂർ ജില്ലയിൽനിന്നു് അഭ്രം കഴിച്ചെടുക്കുന്നു. സേലം, ബെല്ലാരി എന്നീ ജില്ലകളിൽ മേത്തരം ഇരിമ്പുണ്ടു്. പക്ഷെ അടുത്തു കല്ക്കരി ഇല്ലാത്തതുകൊണ്ടു് ഇരിമ്പുകൊണ്ടുള്ള വ്യവസായങ്ങൾ ഒന്നും ബലമായി നടത്തുവാൻ തരമില്ല. കടപ്പ ജില്ലയിൽ നിലത്തു വിരിക്കുന്ന കടപ്പക്കല്ലു് ധാരാളം കഴിച്ചെടുക്കുന്നു. കോയമ്പത്തൂർ ജില്ലയിൽ ചുണ്ണാമ്പുകല്ലു് ധാരാളം കഴിച്ചെടുക്കുന്നുണ്ടു്. സ്വർണ്ണം മൈസൂരിലുള്ള കോലാർ എന്ന സ്ഥലത്തു ഖനനം ചെയ്യുന്നു. മദ്രാസ്സ് സംസ്ഥാനത്തിൽ എവിടേയും കാര്യമായി സ്വർണ്ണമില്ല. കിട്ടുന്ന ധാതുക്കളിൽതന്നെ അധികഭാഗവും സംസ്ഥാനത്തിൽനിന്നു് അന്യരാജ്യങ്ങളിലേക്കു കയററി അയക്കുകയാണു ചെയ്യുന്നതു്.

അദ്ധ്യായം 16.

മൃഗങ്ങൾ

മദ്രാസ്സ് സംസ്ഥാനത്തിലെ ജനങ്ങൾ കൃഷിയുടെ ആവശ്യങ്ങൾക്കും മററുമായി പോററിവളർത്തുന്ന മൃഗങ്ങൾ കന്നുകാലികളും ആടുകളുമാണ്. ... നാംതരം കാളകളും പശുക്കളും നെല്ലൂർ ജില്ലയിലുള്ളതു്. ഇവിടെ പുൽത്തകിടികൾ വളരെ ... നല്ല ... ഇവിടത്തെ കാളകൾക്കു നല്ല വലുപ്പവും ബലവും ... പശുക്കൾക്കു തഴച്ചുവും പാലും ഉണ്ടു്. കോയമ്പത്തൂർ ജില്ലയിലും തെക്കൻജില്ലകളിലും കാങ്കയം എ...

ങ്ങ നല്ല പശുവൎഗ്ഗമുണ്ടു്; ഇവയ്ക്കും നല്ല പാലുണ്ടു്. കാങ്കയം കാളകൾക്കും നല്ല പുഷ്ടിയും ബലവുമുണ്ടായിരിക്കും മൈസൂർ കാളകളും ഭംഗിയും, ബലവുമുള്ളവയാണു്. അവിടത്തെ പശുക്കൾക്ക പാൽ ചുരുക്കമാണു്. പശ്ചിമതീരപ്രദേശത്തിൽ പശുക്കൾക്ക വലിപ്പവും ബലവും, പാലും ചുരുക്കമാണു്. അവിടത്തെ അതിവൃഷ്ടി കന്നുകാലികൾക്ക പററിയതല്ല. എരുമയും, പോത്തും എല്ലാ ജില്ലകളിലും ഉണ്ടു്. ഈ വൎഗ്ഗം പശുവൎഗ്ഗംപോലെ അധികമില്ല.

ചെമ്മരിയാടു്, കോലാടു് എന്ന രണ്ടു തരവും സംസ്ഥാനത്തിൽ വളൎത്തുന്നുണ്ടു്. ചെമ്മരിയാടുകളെ കൂട്ടമായി വളൎത്തുന്നതു പ്രധാനമായി കോയമ്പത്തൂർ ജില്ലയിലും ബല്ലാറിയിലും, മൈസൂർ രാജ്യത്തുമാണു്. ഇവയുടെ രോമംകൊണ്ടു കമ്പളി, ജാട മുതലായവ നെയ്യുന്നു. കോലാടിൻെറ പാലും, മാംസവും ഭക്ഷണമായി ഉപയോഗിക്കുന്നു.

കാടുകളിൽ വസിക്കുന്ന പ്രധാന മൃഗങ്ങൾ ആന, മാൻ, പുലി, കരടി, പന്നി, കാട്ടുപോത്തു് എന്നിവയാണു്. ആനക്കൂട്ടങ്ങൾ പശ്ചിമഘട്ടങ്ങളിലെ വനാന്തരങ്ങളിലാണു് അധികമുള്ളതു്. ആന[illegible]കൊമ്പും, എല്ലും, ദന്തവും ഉപയോഗമുള്ള സാധന[illegible] പന്നി മുതലായവയെ വേട്ടയാ[illegible]ന്നു് അവയുടെ മാംസം ഭക്ഷിക്കുന്നു. നരി[illegible]ലും, മാൻതോലും നിലം അലങ്കരിപ്പാൻ ഉപ[illegible]ഗിക്കുന്നു.

———o———

അദ്ധ്യായം 17.

വ്യവസായങ്ങൾ

സംസ്ഥാനത്തിലെ ജനങ്ങളിൽ നൂററുക്കു എഴുപതുവീതവും കൃഷിക്കാരാണു്. വ്യവസായങ്ങളും, അവയിൽ ഏൎപ്പെട്ടവരുടെ എണ്ണവും, കൃഷിയെ അപേക്ഷിച്ചു വളരെ ചുരുക്കമാകുന്നു. നടത്തിവരുന്ന വ്യവസായങ്ങളിൽത്തന്നെ അധികവും പാൎപ്പിടങ്ങളിലോ, വ്യവസായശാലകളിലോ ആണു് ചെയ്തുവരുന്നതു്. ആവിയുടെ ശക്തി, വിദ്യുച്ഛക്തി, മോട്ടോർശക്തി മുതലായവ ഉപയോഗിക്കുന്ന യന്ത്രശാലകൾ, സംസ്ഥാനത്തിൽ അതിൻെറ വിസ്തീൎണ്ണവും ജനസംഖ്യയും അപേക്ഷിച്ചു കുറവുതന്നെ.

ഈ സംസ്ഥാനത്തിൽ ഉണ്ടാകുന്ന പ്രധാനപ്പെട്ട വിളവുകളിൽ ഒന്നാണു് പരുത്തി എന്നു പറഞ്ഞുവല്ലോ. പരുക്കൻവസ്ത്രം നെയ്ത്തു കുടിൽവ്യവസായമായി സംസ്ഥാനത്തെല്ലാം നടന്നുവരുന്നു. മേത്തരം പരുത്തിത്തുണികൾ വിശാഖപട്ടണം, ഗോദാവരി, മദ്രാസ്സ്പട്ടണം, കോയമ്പത്തൂർ, സേലം, തഞ്ചാവൂർ, മധുര, തിരുനെൽവേലി, വടക്കെ മലയാളം എന്നീ സ്ഥലങ്ങളിലെല്ലാം നെയ്യുന്നുണ്ടു്. മദ്രാസ്സ് തിരുനെൽവേലി, കോയമ്പത്തൂർ മുതലായസ്ഥലങ്ങളിൽ നെയ്ത്തു് ഒരു യന്ത്രശാലാവ്യവസായമായും ചെയ്തുവരുന്നു. കോകനദം, മച്ചിലിപ്പട്ടണം, നെല്ലൂർ, കാഞ്ചീപുരം, തഞ്ചാവൂർ, മധുര, ഢിണ്ടിക്കൽ എന്ന നഗരങ്ങൾ നേരിയ മച്ചിലിൻ തുണിനെയ്ത്തിനു കീൎത്തിപ്പെട്ടവയാണു്.

നമ്മുടെ സംസ്ഥാനത്തിൽ ഒരു ദിക്കിലും പട്ടുനൂൽപ്പുഴുവിനെ വളൎത്തുന്നില്ലെങ്കിലും, അന്യരാജ്യങ്ങളിൽനിന്നു പട്ടുനൂൽ വരുത്തി സേലം, മധുര, കാഞ്ചീപുരം മുതലായ പട്ടണങ്ങളിൽ വിശേഷപ്പെട്ട പട്ടുവസ്ത്രങ്ങൾ നെയ്യുന്നുണ്ടു്. കോയമ്പത്തൂർ ജില്ലയിൽ ചെമ്മരിയാടുകൾ വളരെ ഉണ്ടല്ലോ. അവിടെ പലതരത്തിലുള്ള കമ്പിളികൾ നെയ്യുന്നുണ്ടു്. ശിങ്കനെല്ലൂർ കമ്പിളി കേൾവിപ്പെട്ടതാണു്. വിശേഷപ്പെട്ട രത്നകംബളങ്ങൾ എല്ലൂരിലും, സാൽവകൾ ബെല്ലാരിയിലും, പരവതാനികൾ സേലത്തിലും നെയ്തുവരുന്നു.

ചെമ്പു, പിച്ചള എന്നീ ലോഹങ്ങൾകൊണ്ടുള്ള പാത്രങ്ങൾ കുംഭകോണം, മധുര, തൃശ്ശിനാപ്പള്ളി, കാളഹസ്തി എന്നീ സ്ഥലങ്ങളിൽ ഉണ്ടാക്കുന്നു. പാലക്കാട്ടു്, ദിണ്ടിക്കൽ എന്നീ പട്ടണങ്ങളിൽ ഓട്ടുപാത്രവ്യവസായം നടത്തുന്നുണ്ടു്. കോയമ്പത്തൂരും, കുംഭകോണവും വെള്ളിപ്പാത്രങ്ങൾക്കു കീൎത്തിപ്പെട്ടവയാണു്. കുംഭകോണത്തിൽ ഈയപ്പാത്രങ്ങളും ഉണ്ടാക്കുന്നുണ്ടു്. മദ്രാസ്സ്, നാഗപട്ടണം, തൃശ്ശിനാപ്പള്ളി എന്ന സ്ഥലങ്ങളിൽ ഇരിമ്പുപെട്ടികൾ പലതരത്തിലും ഉണ്ടാക്കിവരുന്നു. മദ്രാസ്സ് പട്ടണത്തിൽ അലൂമിനിയപ്പാത്രങ്ങളും ഒരു യന്ത്രശാലയിൽ വാൎക്കുന്നു.

[illegible]കൾ അധികമുള്ള കോയമ്പത്തൂരിലും നെല്ലൂ[illegible]ലും തോൽ ഊറക്കിടുന്നു. കോയമ്പത്തൂർ ജില്ലയിൽ മധുരക്കുസമീപം യന്ത്രശാലയിൽ ചുണ്ണാമ്പുകല്ലുപയോഗിച്ചു സിമൻറ് ഉണ്ടാക്കുന്നുണ്ടു്. പടി

ഞ്ഞാറെ കരയിൽ ചകിരികൊണ്ടു് അനേകം സാധ നങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടാക്കിവരുന്നു. മലയാംജില്ലയിൽ, കോഴിക്കോട്ടു വെളിച്ചെണ്ണ ഉപയോഗിച്ചു പലതരം സോപ്പുകൾ ഉണ്ടാക്കുന്നുണ്ടു്. ചുര മേയാനുള്ള ശീമഓടിന്നു മംഗലാപുരം കീർത്തിപ്പെട്ടതാണു്. രാജമഹേന്ദ്രി, കോയമ്പത്തൂർ, തൃശ്ശിനാപ്പള്ളി, ദിണ്ടിക്കൽ, മംഗലാപുരം എന്ന സ്ഥലങ്ങളിൽ പുകയിലകൊണ്ടു ചുരുട്ടുകൾ പൊടി മുതലായവ ഉണ്ടാക്കുന്നു. ഈ നഗരങ്ങൾ പുകയില കൃഷി ചെയ്തുവരുന്ന പ്രദേശങ്ങളാണല്ലൊ.


അദ്ധ്യായം 18

ഗതാഗതമാർഗ്ഗങ്ങളും തുറമുഖങ്ങളും വാണിജ്യവും

[illegible] കഴിക്കുന്ന ഭക്ഷണസാധനങ്ങളുടെ സാരാംശങ്ങളെ ആമാശയത്തിൽനിന്നു ശരീരത്തിൽ വേണ്ടിടത്തേക്കെല്ലാം കൊണ്ടുപോകുന്നതു് എല്ലാ അവയവങ്ങളിലും വ്യാപിച്ചുകിടക്കുന്ന രക്തനാഡികളാണു്. സംസ്ഥാനത്തിലെ നാനാപ്രദേശങ്ങളിലു കൃഷിവ്യവസായങ്ങൾകൊണ്ടു് ഉണ്ടാക്കുന്ന സാധനങ്ങളെ അവ ആവശ്യമുള്ള നാനാഭാഗങ്ങളിലേക്കു കൊണ്ടുപോകാൻ സഹായിക്കുന്നതു് ഗതാഗതമാർഗ്ഗങ്ങളാണു്. കച്ചവടച്ചരക്കുകളുടേയും ജനങ്ങളുടേയും പോക്കുവരവിനു വേണ്ടതായ [illegible] നല്ല റോഡുകളും സംസ്ഥാനത്തിലുള്ള പ്രധാന[illegible]സ്ഥലങ്ങളെയെല്ലാം സംഘടിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ വടക്കുഭാഗത്തുള്ള രാജ്യങ്ങളായും അവ[illegible]

ജിപ്പിക്കപ്പെട്ടിരിക്കുന്നു. പശ്ചിമതീരപ്രദേശത്തുള്ള കായലുകളും പൂർവ്വതീരത്തിൽ ഗോദാവരിനദിയുടെ ത്രികോണസ്ഥലം മുതൽ മദ്രാസ്സ് പട്ടണത്തിനു തെ

മദ്രാസ്സ് സംസ്ഥാനം (ഗതാഗതമാർഗ്ഗങ്ങൾ)



ല്യം

മിന്

കവരെ നെടുനീളെ കഴിച്ചിട്ടുള്ള ബ

നെല്ലൂ തോടും വഞ്ചിമാർഗ്ഗമായി ഗതാഗതംചെയ്യു

ല്ലയിരു സൌകര്യപ്പെട്ടതാകുന്നു.

കല്പ പടത്തിൽനിന്നു പ്രധാന തീവണ്ടിപ്പാതകളെ

നമുക്കു മനസ്സിലാക്കാം. മദ്രാസ്സ് പട്ടണത്തിൽനിന്നു പൂർവ്വതീരതീവണ്ടിപ്പാത കടൽക്കരയോടടുത്തു സമനിലത്തിൽക്കൂടി കല്ക്കത്താ പട്ടണത്തിലേക്കു പോകുന്നു. ഇടയ്ക്കു കൃഷ്ണാജില്ലയിലുള്ള ബെസവാഡയിൽനിന്നു് ഒരു ശാഖ ഹൈദരാബാദ് രാജ്യത്തിൽക്കൂടിയും മദ്ധ്യ സംസ്ഥാനങ്ങളിലെ മുഖ്യപട്ടണമായ നാഗപുരിയിൽക്കൂടിയും ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലേക്കു് പോകുന്നു. മദ്രാസ്സിൽനിന്നു ഗുണ്ടക്കൽ വഴിക്കു്, വടക്കുപടിഞ്ഞാറായി പോകുന്ന വേറൊരു തീവണ്ടിപ്പാത അവസാനിക്കുന്നതു ബോംബെ പട്ടണത്തിലാണു്. തെക്കു വീതി കുറഞ്ഞ ഒരു പാത തൃശ്ശിനാപ്പള്ളി മധുര എന്നീ പട്ടണങ്ങളിൽക്കൂടി ചെന്നു്, രാമേശ്വരം ദ്വീപിൽ അവസാനിക്കുന്നു. ഇതിൽനിന്നു വളരെ ശാഖകൾ തെക്കൻജില്ലകളിലുള്ള എല്ലാ പ്രധാന സ്ഥലങ്ങളിലേക്കും പോകുന്നുണ്ടു്. അവയിൽ ഒന്നു മധുരയിൽനിന്നു തെക്കുപടിഞ്ഞാറായിപ്പോയി ഏലമലയെ ഒരു തുരങ്കത്തിൽക്കൂടി കടന്നു്, തിരുവിതാംകൂർ രാജ്യത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തിൽച്ചെന്നു അവസാനിക്കുന്നു. മദിരാശിനഗരത്തിൽനിന്നു പിന്നേയും ഒരു വലിയ തീവണ്ടിപ്പാത തെക്കുപടിഞ്ഞാറായിപ്പോയി പാലക്കാട്ടു ചുരം കടന്നു് ഷൊർണ്ണൂർ വെച്ചു മൂന്നായി പിരിഞ്ഞു്, വടക്കു മംഗലാപുരത്തും തെക്കു് എറണാകുളത്തും അവസാനിക്കുന്നു. എറണാകുളത്തേക്കുള്ള പാതയെ കൊച്ചിത്തുറമുഖത്തിന്റെ വക്കത്തേക്കു് അടുത്തകാലത്തു നീട്ടിയിട്ടുണ്ടു്. പുറ

മേ വേറൊരു ശാഖ പോത്തനൂരിൽനിന്നു നീലഗിരിയിന്മേലുള്ള ഉദഗ്ഗമണ്ഡ പട്ടണത്തിലേക്കു വളഞ്ഞുപുളഞ്ഞു പൊക്കംകയറിപ്പോകുന്നു. പിന്നേയും ഒരു ശാഖ ബാങ്കളൂർവഴിക്കു ഹബ്ളിക്കും, വേറൊന്നു പഴനിവഴിക്കു തെക്കേപ്പാൎത്തയിലും ചേരുന്നു. സംസ്ഥാനത്തിൽ മദ്രാസ്സ് പട്ടണത്തിന്നു വടക്കും വടക്കുപടിഞ്ഞാറുമുള്ള റെയിൽമാൎഗ്ഗങ്ങൾ നടത്തുന്നതു തെക്കെ മഹാരാഷ്ട്രതീവണ്ടിക്കമ്പനിക്കാരും തെക്കും തെക്കുപടിഞ്ഞാറുമുള്ളതു് തെൻഇന്ത്യാ തീവണ്ടിക്കമ്പനിക്കാരും ആണു്. ഇവർ ലാഭത്തിൽ ഒരു ക്ലിപ്തഭാഗം ഇന്ത്യാ ഗവൎമ്മെണ്ടിലേക്കു കൊടുക്കുന്നതുമുണ്ടു്. സംസ്ഥാനത്തിൽ ദൂരപ്പെട്ട സ്ഥലങ്ങൾ തമ്മിൽ കച്ചവടം നടത്താനും ജനസഞ്ചാരത്തിന്നും ഈ തീവണ്ടിമാൎഗ്ഗങ്ങൾ എത്രയും ഉപകരിക്കുന്നു.

മദിരാശി പട്ടണത്തിൽനിന്നു സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും രാജപാതകൾ പോകുന്നുണ്ടു്. ഈ പാതകൾ ശാഖോപശാഖകളായി പിരിഞ്ഞു് ഉൾനാടുകളിലെ പ്രധാന സ്ഥലങ്ങളിലെയ്ക്കെല്ലാം പോകുന്നതുമുണ്ടു്. ഇവയിൽക്കൂടെ വാഹനങ്ങളിൽ സഞ്ചരിക്കാനും വാണിജ്യസാധനങ്ങൾ കടത്തുവാനും സാധിക്കുന്നു.

[illegible]ണിജ്യത്തിന്നു സൌകൎയ്യമുള്ള തുറമുഖങ്ങൾ [illegible] സംസ്ഥാനത്തിൽ നന്നെ കുറവാണു്. മദിരാശി[illegible]ലും കൊച്ചിയിലും വിശാഖപട്ടണത്തിലും മാത്രമേ കപ്പലുകൾക്കു കരയ്ക്കടുക്കാനുള്ള സൌകൎയ്യമുള്ളൂ. മററു തുറമുഖങ്ങളിൽ കപ്പലുകൾക്കു് കരയി

ൽനിന്നു മൂന്നോ അതിലധികമോ നാഴിക ദൂരം നി ല്ക്കേണ്ടിവരുന്നു. ചരക്കുകൾ ഇറക്കുകയും കയററുകയും ചെയ്യണം. സമുദ്രത്തിൽ അല അധികമുള്ളപ്പോൾ അങ്ങിനെ ചെയ്യുന്നതു പ്രയാസവുമാണു്. അടുത്ത കാലത്താണു് വിശാഖപട്ടണം ഒരു ഒന്നാംതരം നൌകാശയമായിത്തീൎന്നതു്. അവിടെ കടൽ ഉള്ളിലേയ്ക്കു തള്ളിനില്ക്കുന്നു. ആ ഭാഗം താഴ്ത്തി കരകെട്ടി ഉറപ്പിച്ചു കഴിഞ്ഞിരിക്കകൊണ്ടു് കപ്പലുകൾക്കു കരയ്ക്കടുക്കാൻ സാധിക്കുന്നു.

പൂൎവ്വതീരത്തിൽ പ്രധാന തുറമുഖങ്ങൾ വിശാഖപട്ടണം, കോകനദം, മച്ചിലിപട്ടണം, മദ്രാസ്സു്, കടലൂർ, നാഗപട്ടണം, തൂത്തുക്കുടി എന്നിവയും പശ്ചിമതീരത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോടു്, തലശ്ശേരി, കണ്ണൂർ, മംഗലാപുരം എന്നിവയുമാണു്.

ഉൾനാട്ടിലെ സാമാനങ്ങൾ വിദേശങ്ങളിലേയ്ക്കു കയററിഅയയ്ക്കുന്നതും, വിദേശസാമാനങ്ങൾ ഉൾനാട്ടിലേയ്ക്കു കടത്തിവിടുവാനുമാണു് തുറമുഖങ്ങൾ. തുറമുഖത്തിൻെറ പുഷ്ടി അതിൻെറ അടുത്തുള്ള ഉൾനാടിൻെറ ഗുണം അനുസരിച്ചിരിക്കും. നമ്മുടെ സംസ്ഥാനത്തിൽവ്യാവസായികപട്ടാ[illegible]ങ്ങളേ[illegible]ഓ. എത്രയോ അധികം കാൎഷികസാധനങ്ങ[illegible]ല്ലൊ ഉണ്ടാകുന്നതു്. സംസ്ഥാനത്തിലുള്ള [illegible]ദേശങ്ങൾ തമ്മിലും, ഒരു പ്രദേശത്തുതന്നെയുള്ള ഭാഗങ്ങൾ തമ്മിലും നമ്മുടെ സംസ്ഥാനവും ഇന്ത്യയിലെ

മററു സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളും തമ്മിലും വളരെ സ്വദേശവാണിജ്യം നടക്കുന്നുണ്ട്. വ്യവസായച്ചരക്കുകളും കൃഷി ഉൽപന്നങ്ങളും അങ്ങിനെ കൈമാററംചെയ്തുവരുന്നു. ഇവയെപ്പററി കൃത്യമായ കണക്കുകൾ ഗവമ്മേണ്ടു വെക്കുന്നില്ല. എന്നാൽ സംസ്ഥാനങ്ങളിലെ വിദേശവാണിജ്യത്തെപ്പററി തുറമുഖങ്ങളിലെഅധികാരികൾ ശരിയായി കണക്കു എഴുതാറുണ്ട്. അതിനെസംബന്ധിച്ചു നമുക്കു കണിശമായി അറിവാനും സാധിക്കുന്നു.

മദ്രാസ്സ് സംസ്ഥാനത്തിൽനിന്നു് അന്യരാജ്യങ്ങളിലേയ്ക്കു കയററിഅയക്കുന്ന സാമാനങ്ങളിൽ പ്രധാനമായവ പരുത്തി, ചായ, കാപ്പിക്കുരു, റബ്ബർ, എണ്ണവിത്തുകൾ, കൊപ്ര, വെളിച്ചെണ്ണ, ചകിരി സാമാനങ്ങൾ, കുരുമുളകു, കശുവണ്ടി, ഇഞ്ചി, തേ[illegible], മരത്തടികൾ, അഭ്രം, മാംഗനീസ്സ് എന്നിവയാ[illegible]ന്നു. ഇവയെല്ലാം അതാതു സാധനങ്ങൾ ഉണ്ടാകു[illegible] പ്രദേശത്തിലെ തുറമുഖങ്ങളിൽക്കൂടെയാണു് ക[illegible]ററി അയക്കുന്നതു്.

വിദേശരാജ്യങ്ങളിൽനിന്നു നമ്മുടെ സംസ്ഥാ[illegible]ത്തേക്കു് ഇവിടെയുള്ള തുറമുഖങ്ങളിൽക്കൂടി ഇറക്കുമതി ചെയ്യുന്നതു പ്രായേണ വ്യാവസായികപദാത്ഥ[illegible] അവയിൽ മുഖ്യമായവ പരുത്തി, രോമം, [illegible] എന്നിവകൊണ്ടുള്ള തുണികൾ, ലോഹങ്ങൾ, യന്ത്രങ്ങൾ, ഇരിമ്പുസാമാനങ്ങൾ, മോട്ടോർവാഹനങ്ങൾ, ചവിട്ടുവണ്ടികൾ, കവിടിസ്സാമാനങ്ങൾ, ഭ[illegible]ണികൾ, ഗ്ലാസ്സ്, തോൽ ഇവകൊണ്ടുള്ള സാമാ

നങ്ങൾ, കടലാസ്സ്, ശീമമരുന്നുകൾ, വീഞ്ഞു, കളിക്കോപ്പുകൾ, മണ്ണെണ്ണ, ഉപ്പ്, പഞ്ചസാര, നെല്ല് അരി എന്നിവയാകുന്നു. വ്യവസായസാധനങ്ങൾ വരുന്നതു യൂറോപ്പ്, ആമേരിക്ക, ജാപ്പാൻ മുതലായ രാജ്യങ്ങളിൽനിന്നാണ്. ബർമ്മ, അമേരിക്കയിലെ ഐക്യരാജ്യങ്ങൾ, ഇവിടങ്ങളിൽനിന്നു മണ്ണെണ്ണയും, ബർമ്മയിൽനിന്നു നെല്ലും അരിയും, ജാവയിൽനിന്നു പഞ്ചസാരയും വരുന്നു.

—*—


അദ്ധ്യായം 19.

ജനം, മതം, ഭാഷ.

സ്വാഭാവികപ്രദേശങ്ങളെപ്പററി മുമ്പുവിവരിച്ചുവല്ലോ. പ്രദേശങ്ങൾ തമ്മിലുള്ള അന്തരം അവിടങ്ങളിലെ ജനത്തിരക്കിലും, ഭാഷയിലും കാണുന്നുണ്ട്. മലയാളക്കരയിൽ മഴ ധാരാളമുണ്ടു്. വെള്ളത്തിനു ക്ഷാമമില്ല; സസ്യസമൃദ്ധിയുമുണ്ടു്. സംസ്ഥാനത്തിൽ ഏററവും ജനത്തിരക്ക് അവിടെയാണ്. ചതുരശ്രനാഴികയ്ക്കു 610 ആളുകൾവീതമുണ്ടു്. കണ്ണാററിക്ക് സമനിലത്തിൽ മലിരാശിക്കുതെക്കു തഞ്ചാവൂർ ജില്ലയുടെ തെക്കെ അതിരുവരെയുള്ള കിഴക്കെക്കരയിൽ തുലാവർഷത്തിനു നല്ല ഫലനമുണ്ട്. കാവേരിനദിയുടെ മുഖത്തുള്ള തിരു[illegible], ചിങ്കൽപ്പേട്ടയിലുള്ള രണ്ടു വലിയ ഏരികളും [illegible]ിന്നുള്ളിൽ പെടുന്നു. ചെറിയ ഏരികളും ഇവ[illegible] അസംഖ്യം ഉണ്ടു്. ഇവിടേയും സസ്യങ്ങൾസുലഭ[illegible]മായി വളരുന്നുണ്ടു്. കണ്ണാററിക്ക് സമനിലത്തി[illegible] ഈ

ഭാഗങ്ങളിൽ ചതുരശ്രനാഴികക്കു 512_ൽ അധികം ആളുകൾ താമസിക്കുന്നു. സമനിലത്തിന്റെ മററു ഭാഗങ്ങളിൽ ഇതിൽനിന്നു് എത്രയോ ചുരുക്കമാണു്.

മദ്രാസ് സംസ്ഥാനം



വടക്കൻ സർക്കാർ സമനിലത്തിൽ വിശാഖപട്ടണം ജില്ലയുടെ തെക്കുഭാഗം മുതൽ കൃഷ്ണാജില്ലവരെയുള്ള പൂർവ്വതീരക്കര കാലവർഷമുള്ള ഭാഗമാണു്. ഇവിടേയും സസ്യങ്ങൾ പുഷ്ടിയായിഉണ്ടാകുന്നു. ഇതും ചതുരശ്ര

നാഴികയ്ക്കു 512-ൽ അധികം ജനമുള്ള ഭാഗമാണ്. പീഠപ്രദേശങ്ങളിൽ മഴ ചുരുക്കമാണല്ലോ. അവിടെ പറമ്പുകൃഷിയാണ് അധികം. ഈ പ്രദേശത്തിൽ ചതുരശ്രനാഴികയ്ക്കു 192വീതം ജനങ്ങളേയുള്ളു. മലം പ്രദേശം മിക്കവാറും ജനാധിവാസയോഗ്യമല്ല. അവിടവിടെയായി കാടർ അല്ലെങ്കിൽ മലയർ എന്ന അപരിഷ്കൃതജാതിക്കാർ താമസിച്ചുവരുന്നു. നീലഗിരിയിലുള്ള തോഡർ ഇവരിൽപ്പെട്ടവരാണ്. വടക്കൻ സക്കാരിലുള്ള ഏജൻസി മലംപ്രദേശത്തു നീലഗിരിയെക്കാൾ ജനങ്ങൾ അധികമുണ്ട്. അവിടെ ചതുരശ്രനാഴികയ്ക്കു 82 വീതമാണ് ആളുകൾ. സംസ്ഥാനത്തിൽ ഒട്ടാകെ 493½ ലക്ഷം ജനങ്ങളുണ്ട്. പടം നാക്കി ജനത്തിരക്ക താരതമ്യേന മനസ്സിലാക്കുക.

ഈ സംസ്ഥാനത്തിൽ ഭൂരിപക്ഷം ജനങ്ങളും, ദ്രാവിഡവർഗ്ഗക്കാരാണ്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്ന ജാതിക്കാർ പുരാതനകാലങ്ങളിൽ ഇന്ത്യാരാജ്യം ആക്രമിച്ചു കുടിയേറിപ്പാർത്ത ആര്യന്മാരുടെ സന്താനങ്ങളാകുന്നു. ഇവിടത്തെ ചുരുക്കം യൂറോപ്യന്മാരും ആര്യവർഗ്ഗക്കാരാണത്രെ. അരണ്യവാസികളായ മലയരും, പറയർ, ചെറുമർ മുതലായവരും ആദിമനിവാസികളുടെ സന്തതിപരമ്പരകളാണ്.

ഭാഷ:—മദ്രാസ്സ് പട്ടണത്തിൽ വടക്കു [illegible]ക്കു പടിഞ്ഞാറും ഭാഗങ്ങളിൽ തെലുങ്കുഭാഷ സംസാരിക്കുന്ന ജനങ്ങളാണ് അധികമുള്ളതു്. സംസ്ഥാനത്തിൻേറയും ആ ഭാഗങ്ങളിൽ തെലുങ്കുഭാഷയാണ്.

നഗരത്തിൻെറ തെക്കും തെക്കുപടിഞ്ഞാറും തമിഴ സംസാരിക്കുന്നവരാണ് മിക്കവരും. സംസ്ഥാനത്തിൻെറയും ആ ഭാഗങ്ങളിൽ തമിഴതന്നെയാണ് ഭാഷ. ഇവർ പട്ടണത്തിൻെറ അതാതു ഭാഗങ്ങളിലേക്കു വന്നു കുടിയേറിപ്പാൎത്തവരാണ്. കൎണ്ണാടകം, മലയാളം എന്ന ഭാഷകൾ മാതൃഭാഷയായിട്ടുള്ള ആളുകളും മദിരാശിയിൽ വളരെയുണ്ടു്. മൈസൂർ രാജ്യത്തിൻെറ വടക്കുള്ള ബല്ലാരി, ആനന്ദപുരം എന്നീ പ്രാംജില്ലകളിലെ നിവാസികളിൽ ഏതാനുംപേർ കൎണ്ണാടകഭാഷ സംസാരിക്കുന്നു. മൈസൂരിലും അതു തന്നെയാണ് ഭാഷ. ഇതിൻെറ പശ്ചിമഭാഗത്തു് കിടക്കുന്ന തെക്കൻകൎണ്ണാടകജില്ലയിലും ഭാഷ കൎണ്ണാടകംതന്നെ. കടപ്പ, കൎണ്ണൂൽ എന്നീ പ്രാംപ്രദേശങ്ങളിലും ഭാഷ തെലുങ്കാണ്. പശ്ചിമതീരപ്രദേശത്തുള്ള മലയാംജില്ല, കൊച്ചി, തിരുവിതാംകൂർ ഉൾനാടികുകളിൽ മലയാളഭാഷ സംസാരിച്ചുവരുന്നു. സ്വാഭാവികപ്രദേശം അനുസരിച്ചു ഏതാണ്ടു് ഇങ്ങിനെ ഭാഷകളിലും വ്യത്യാസം കാണുന്നുണ്ടു്.

തമിഴ്, തെലുങ്ക്, കൎണ്ണാടകം, മലയാളം എന്നിവ ദ്രാവിഡഭാഷകളാണ്. ഇവയ്ക്കു പുറമേ തെക്കൻകൎണ്ണാടകത്തിൽ തുളു ഭാഷയും, മുഹമ്മദീയരിൽ ഏതാനുംപേർ ഉർദ്ദുഭാഷയും സംസരേിച്ചുവരുന്നു. ഇ[illegible]യർ ഉത്തരേന്ത്യയിൽനിന്നുവന്നവരുടെ [illegible]നങ്ങളാണ്. അവിടത്തെ മുഹമ്മദീയരുടെ ഭാഷ ഉർദ്ദുവാകുന്നു. ഈ സംസ്ഥാനത്തിൽ കുടിയേറിപ്പാൎത്തുവരുന്ന യൂറോപ്യന്മാരുടെ ഭാഷ ഇംഗ്ലീഷാ

ണ്. പാശ്ചാത്യരീതിയിൽ ഉയന്നതരം വിദ്യാഭ്യാസം സിദ്ധിച്ചവർ ഈ ഭാഷ സംസാരിക്കയും എഴുതുകയും ചെയ്യുന്നുണ്ടു്. എന്നാൽ അതു് അവരുടെ മാതൃഭാഷയല്ല.

മതം:—സംസ്ഥാനത്തിൽ ആകെയുള്ള ജനങ്ങളിൽ ന്തറെക്ക 85 വീതം ഹിന്ദുക്കളാണു്. ഇവരിൽ അനേകം അവാന്തരവിഭാഗങ്ങളുണ്ടു്. പുറമേ മുഹമ്മദീയരും ക്രിസ്ത്യാനികളും ഇവിടെയുണ്ടു്. ഇവർ ഏഴും, മൂന്നും ശതമാനംവീതമേയുള്ളു. മുഹമ്മദീയരിൽ അധികഭാഗവും പശ്ചിമതീരജില്ലകളിലും ഗുണ്ടൂർ, ബെല്ലാരി, തിരുനെൽവേലി, മധുര, വടക്കനാർക്കാട്ട് എന്നീ ജില്ലകളിലുമാണു്. തിരുനെൽവേലി, തെൻകന്നാടകം, ഗുണ്ടൂർ എന്നീ ജില്ലകളിലാണു് ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ഉള്ളതു്.

———o———

അദ്ധ്യായം 20.

സംസ്ഥാന വിഭാഗങ്ങൾ

ഭരണസൌകയ്യത്തിന്നായി മദ്രാസ് സംസ്ഥാനത്തെ 26 ജില്ലകളായും, ഓരോ ജില്ലയെ പല താലൂക്കുകളായും, ഓരോ താലൂക്കിനെ അനേകം അംശങ്ങളായും ഭാഗിച്ചിരിക്കുന്നു. ജില്ലകളായി വിഭജിച്ചതിൻെറ അടിസ്ഥാനം സ്വാഭാവികപ്രദേശമല്ല, ചരിത്രകാരണങ്ങളാണു്. എങ്കിലും ജില്ലകളെ ഏറെക്കുറെ പ്രകൃതിയനുസരിച്ച് ആറു ഗ്രൂപ്പുകളായി തിരിക്കാം. ഇവ 1. കിഴക്കെ തീരജില്ലകൾ 2. കിഴക്കെ ഉൾപ്രദേശജില്ലകൾ 3. പശ്ചിമതീരജില്ലകൾ 4. വടക്കൻസർക്കാർജില്ലകൾ 5. പീ

ദേശജില്ലകൾ, 6 ഉന്നത മലമ്പ്രദേശത്തുള്ള നീല
ഗിരിജില്ല എന്നിവയാകുന്നു.

കണ്ണാററിക്കു് തീരജില്ലകൾ:— കണ്ണാ
ററിക്ക് സമനിലത്തിൽ കടലോരത്തിൽ സ്ഥിതിചെ

മദ്രാസ്സ് സംസ്ഥാനം (ജില്ലകൾ)

യ്യുന്നു. നെല്ലൂർ, ചിങ്കൽപേട്ട, മദ്രാസ്, തെക്കൻ ആ
ർക്കാട്ടു്, തഞ്ചാവൂർ, രാമനാട്ടു്, തിരുനെൽവേലി
എന്നീ ജില്ലകൾ ഈ ഗ്രൂപ്പിൽ അടങ്ങിയിരി

ക്കുന്നു. ഈ ജില്ലകൾ പ്രായേണ ഒരു താണ മൈതാനഭൂമിയാണ്. നെല്ലൂർ ജില്ലയുടെ പടിഞ്ഞാറ ഭാഗത്തുള്ള വേലിക്കൊട്ട എന്ന പൂർവ്വഘട്ടനിരയും, തെക്കൻ ആർക്കാട്ട് ജില്ലയുടെ പശ്ചിമഭാഗത്തുള്ള കൽറായൻ മലയുടെ ചില ശാഖകളും, തിരുനെൽവേലി ജില്ലയുടെ പടിഞ്ഞാറുള്ള ഏലമലയുടെ ഒരു ഭാഗവും മാത്രമാണ് ഇവിടെ ഉയരമുള്ള ഭൂമി. ഈ ജില്ലകളിൽക്കൂടെ വളരെ പുഴകൾ പടിഞ്ഞാറുഭാഗത്തുനിന്നു കിഴക്കോട്ടൊഴുകുന്നു. മഴക്കാലത്ത് ഇവ മിക്കവയിലേയും വെള്ളം ചാലുകൾവഴിയായി കൊണ്ടുപോയി ഏരികളിൽ നിറക്കുന്നു. വേനൽക്കാലത്തു കാവേരി, വൈഗൈ, താമ്രവർണ്ണി എന്ന നദികൾ ഒഴികെ ബാക്കിയെല്ലാം വററിപ്പോകുന്നു. നെല്ലൂർജില്ലയുടെ വടക്കുഭാഗവും തിരുനെൽവേലി ജില്ലയുടെ തെക്കുഭാഗവും ഒഴികെ ബാക്കി എല്ലാ ഭാഗങ്ങളിലും തുലാവർഷം നല്ലവണ്ണം ഉണ്ടാകുന്നു. സംസ്ഥാനത്തിൽ ഏററവും ഫലപുഷ്ടിയുള്ള ഭാഗങ്ങളിൽപ്പെട്ടതാണ് ഈ ജില്ലകൾ. ചിങ്കൽപ്പേട്ട ജില്ലയുടെ തെക്കെ ഖണ്ഡം മുതൽ തഞ്ചാവൂർ ജില്ലയുടെ തെക്കുഭാഗംവരെ ജനങ്ങൾ വളരെ ഇടതിങ്ങി പാർക്കുന്നുണ്ട്.

i) നെല്ലൂർ:—ഇതു കർണ്ണാ[illegible] ജില്ലകളിൽ ഏററവും വടക്കേതാകുന്നു. ഇതിന്റെ പശ്ചിമഭാഗം ഒഴികെ ബാക്കിയെല്ലാം സമതലമാണ്. [illegible]ൾവിട്ടുപ്പെട്ട നെല്ലൂർ കന്നുകാലികളെ ഈ ജില്ലയുടെ വടക്കുഭാഗത്തിൽ വരണ്ട കാലാവസ്ഥയുള്ള പുൽ

ത്തകിടികളിലാണ് വളത്തുന്നതു്. ജില്ലയുടെ മദ്ധ്യത്തിൽക്കൂടെ ഒഴുകുന്ന പെണ്ണാർ നദിയിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളം ഒരു ചാലുവഴിക്കു കൊണ്ടുപോയി കിലഗിരിതടാകത്തിൽ നിറച്ചു കൃഷിചെയ്യുവാൻ ഉപയോഗിക്കുന്നു. ഈ ജില്ലയിൽ ഗ്രഡൂർ എന്ന സ്ഥലത്തിന്നരികെ അഭ്രഖനികൾ ഉണ്ടു്.

നെല്ലൂർ പട്ടണമാണു് ഈ ജില്ലയുടെ ഭരണകേന്ദ്രം. ഒന്നാന്തരം നെല്ലു വിളയുന്ന സ്ഥലങ്ങളുടെ മദ്ധ്യത്തിലാണു് ഈ പട്ടണത്തിന്റെ സ്ഥിതി. നെല്ലൂർ പച്ചരി ധാവള്യത്തിനും രുചിക്കും കേൾവിപ്പെട്ടതാകുന്നു. പൂർവ്വതീര തീവണ്ടിപ്പാത ഈ പട്ടണത്തിൽക്കൂടി പോകുന്നു. ജില്ലയുടെ തെക്കുള്ള ഗ്രഡൂർ ഒരു തീവണ്ടി ജങ്ക്ഷനാകുന്നു. വെങ്കിടഗിരി ഈ ജില്ലയിലുള്ള ഒരു വലിയ ജമിണ്ടാ[illegible]

II) **ചിങ്കൽപ്പേട്ട**—ഈ ജില്ല നെല്ലൂരിന്റെ [illegible]തെക്കാണു് കിടക്കുന്നതു്. ഇതിൽ ചില കുന്നുകൾ [illegible]ഴികെ ബാക്കി എല്ലാ സ്ഥലവും താണ സമനില[illegible]ാണു്. പാലാർനദി ഇതിന്റെ തെക്കെ ഖണ്ഡത്തി[illegible]ൽക്കൂടെ തെക്കുകിഴക്കായി ഒഴുകുന്നു. ഈ ജില്ലയിലെ പ്രധാന പട്ടണമായ ചിങ്കൽപ്പേട്ട ചെമ്പരമ്പാക്കം [illegible]രിയുടെ തെക്കേ വക്കത്തു് ഒരു വമ്പിച്ച കൃഷിസ്ഥല[illegible]ിന്റെ അരികെ സ്ഥിതിചെയ്യുന്നു. ഇതു് ഒരു തീവ[illegible]ഷനും ജില്ലയിലെ ഭരണകേന്ദ്രവുമാ[illegible] പട്ടണത്തിൽനിന്നു പതിനഞ്ചു നാഴിക കിഴ[illegible] സമുദ്രതീരത്തുള്ള മഹാബലിപുരത്തിൽ ചരിത്രസംബന്ധമായ അവശിഷ്ടങ്ങളും ജീർണ്ണിച്ച

ക്ഷേത്രങ്ങളും ഒററപ്പാറയിൽ കൊത്തിയുണ്ടാക്കിയ അമ്പലങ്ങളും, മററ പല ശില്പവേലകളും ഇന്നും കാണ്മാനുണ്ടു്. അത്ഭുതകരമായ ഈ ശിലാക്ഷേത്രങ്ങളും മററും വളരെ ആളുകൾ വന്നു സന്ദശിച്ചുപോകുന്നു. ജില്ലയിലെ മറെറാരു മുഖ്യസ്ഥലം സൈദാപ്പേട്ടയാണു്. ഇവിടെ സംസ്ഥാനത്തിലെ ട്രെയിനിങ്ങ്കോളേജും ഇതിൻെറ അടുത്തുള്ള ഗിൻഡി എന്ന സ്ഥലത്തു് ഒരു വലിയ എഞ്ചിനിയറിങ്ങ്കോളേജുംഉണ്ടു്. ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമായകാഞ്ചീപുരം ഈ ജില്ലയുടെ പടിഞ്ഞാറുഭാഗത്തിൽ, ചിങ്കല്പേട്ടയിൽ നിന്നു് ആർക്കോണത്തേക്കു പോകുന്ന തീവണ്ടിപ്പാതയുടെ ഒരു ശാഖയിന്മേൽ സ്ഥിതിചെയ്യുന്നു. ഇവിടെ വളരെ പുരാതനമായ വിശിഷ്ടക്ഷേത്രങ്ങൾ ഉണ്ടു്.

[illegible]സ്സ് ജില്ല:—സംസ്ഥാനത്തിൻെറ [illegible]തലസ്ഥാനവും വ്യാപാരകേന്ദ്രവുമായ മദിരാശി നഗരവും അതിൻെറ ചുററുമുള്ള കുറേസ്ഥലവും കൂടിയാണു് ഈ ജില്ല. മദിരാശി 300 കൊല്ലംകൊണ്ടു ക്രമേണ വദ്ധിച്ചുണ്ടായിട്ടുള്ള ഒരു നഗരമാണു്. 300 കൊല്ലങ്ങൾക്കുമുമ്പു 1669_ാമാണ്ടിൽ ഇംഗ്ലീഷു കച്ചവടക്കമ്പെനിക്കാർ ഒരു ചെറിയ നാട്ടുരാജാവിൻെറ കയ്യിൽനിന്നു സമുദ്രക്കരയിൽ കുറേ സ്ഥലം വിലക്കു വാങ്ങി. അവിടെ ഫോട്ട് സെൻറ് ജോർജ്ജ് എന്നൊരു കോട്ടനിമ്മിച്ചു. കച്ചവടംചെയ്യ[illegible]കോട്ടയിലെ രക്ഷ അവലംബിച്ചും, ജനങ്ങൾ അ[illegible] ചെന്നുകൂടി. കാലക്രമത്തിൽ പട്ടണം വലിയതായി. ഇംഗ്ലീഷുകാൎക്കു് സംസ്ഥാനത്തിൽ ആധിപത്യം കി

ട്ടിയപ്പോഠം, മദിരാശി ഭരണകേന്ദ്രവും വ്യാപാരകേന്ദ്രവുമായിത്തീൎന്നു മേല്ക്കുമേൽ പുഷ്ടിപ്പെട്ടു. കല്ക്കത്തയും ബോംബെയും ഒഴിവാക്കിയാൽ ഇപ്പോഠം ഇന്ത്യാസാമ്രാജ്യത്തിൽ ഏററവും വലിയ നഗരം മദിരാശിയാണു്.

ഈ പട്ടണത്തിൻെറ സ്ഥിതി ഒരു താണ സമനിലത്തിൽ ആകുന്നു. ഇതിനു 9 നാഴിക നീളവും 5 നാഴിക വീതിയും ഉണ്ടു്. ഇതിൻെറ മദ്ധ്യത്തിൽക്കൂടെ കൂവം എന്നൊരു ചെറുപുഴ ഒഴുകുന്നു. നഗരത്തിലെ അഴുക്കുവെള്ളമെല്ലാം ഈ പുഴയിൽക്കൂടെയാണു് കടലിലേക്കു പോകുന്നതു്. ചെറുവഞ്ചികഠക്കു് ഇതിൽക്കൂടെ ഗതാഗതം ചെയ്യാം. കടൽത്തീരം വളരെ ആഴംകുറഞ്ഞതാണു്. പട്ടണത്തിൻെറ വടക്കേഭാഗത്തെ തീരത്തിൽ വളരെ പണം ചിലവു ചെയ്തു് ഒരു നൌകാശയം പണിചെയ്തിട്ടുണ്ടു്. ഇതിൽ കപ്പലുകഠക്കു കരയ്ക്കടുത്തുവരുവാനും സാമാനങ്ങഠ ഇറക്കുവാനും കയററുവാനും സൌകൎയ്യമുണ്ടു്. കടലിൽ കൊടുങ്കാററും കോളുമുള്ളപ്പോഠം കപ്പലുകഠ നൌകാശയത്തിന്നകത്തുനിന്നാൽ കാററിൻെറ ശക്തിയാൽ അവ കരക്കുമുട്ടി കേടുപററാവുന്നതുകൊണ്ടു്, ആ സമയങ്ങളിൽ അവയ്ക്കു പുറത്തുപോയി കടലി[illegible]നില്ക്കേണ്ടിവരുന്നു. നൌകാശയം തുറന്ന കടലി[illegible]ലുള്ളതുകൊണ്ടുള്ള വൈഷമ്യമാണിതു്.

[illegible]ദിരാശി നഗരത്തിൽ ഏററവും ജനത്തിരക്കു ജോൎജ്ജ്ടൌൺ എന്ന ഉത്തരഭാഗത്തിലാണു്. മൈ

ണ്ടു് റോഡ്, ചൈനാബസാർ, ബ്രോഡ്വെ എന്ന സ്ഥലങ്ങളിലാണ് കച്ചവടം ഏററവും അധികം നടക്കുന്നതു്. മൂർമാക്കററു്, കൊത്തുവാൾചാവടി, ഫ്ളൂട്ട്സ്ററാൾ എന്നസ്ഥലങ്ങൾ നിത്യചന്തകളാണ്. സംസ്ഥാനത്തിലെ ഉൾപ്രദേശങ്ങളിലേക്കു വിദേശച്ചരക്കുകൾ കൊണ്ടുപോകുന്നതു് നൌകാശയത്തിൽ നിന്നു തീവണ്ടിയിൽ കയററി നേരിട്ടാകുന്നു. മദിരാശിയിൽ പലേ വ്യവസായങ്ങളും നടത്തുന്നുണ്ടെന്നു മുമ്പു പറഞ്ഞുവല്ലൊ. പെരമ്പൂരിൽ തെക്കെ മഹാരാഷ്ട്രക്കമ്പെനിക്കാരുടെ വക ഒരു വലിയ വർക്ക്ഷാപ്പുണ്ടു്. ടാറിട്ട റോഡുകളും ട്രാംപാതകളും ഗതാഗതസൌകര്യം നൽകുന്നു. നഗരത്തിലെ നാനാഭാഗങ്ങളിലേക്കും മോട്ടോർവാഹനങ്ങൾ പതിവായി ഓടുന്നുണ്ടു്.

സംസ്ഥാനത്തിലെ മുഖ്യമായ ആപ്പീസ്സുകളെല്ലാം മദിരാശി പട്ടണത്തിൽ ആകുന്നു. അതിൽ പ്രധാനമായവ ഗവമ്മേണ്ടുമന്ദിരം, ഹൈക്കോടതി, നിയമസഭാമന്ദിരം, ജനറൽആസ്പത്രി, സർവ്വകലാശാലാമന്ദിരം, സെൻട്രൽസ്റ്റേഷൻ, നഗരസഭാമന്ദിരം, റവന്യൂബോർഡാപ്പീസ്സ്, തെക്കെ മഹാരാഷ്ട്രതീവണ്ടിക്കമ്പെനി ആപ്പീസ്സ്, മ്യൂസിയം എന്നിവയാകുന്നു. ഇവിടെ ഏഴ് ഒന്നാംഗ്രേഡ് കോളെജ്ജുകളും മററുപല വിദ്യാലയങ്ങളും ഉണ്ടു്.

നഗരശുചീകരണം, വിളക്കുവെയ്പ്, [illegible]ിതരണം, റോഡു നന്നാക്കൽ, പ്രാഥമിക വിദ്യാഭ്യാസം മുതലായ പൊതുക്കാര്യങ്ങൾ നടത്തുന്നതു് പ്രതി

നിധികൾ അടങ്ങിയിട്ടുള്ള മദിരാശികോർപ്പറേഷൻ അല്ലെങ്കിൽ നഗരസഭയാകുന്നു. നഗരത്തിലേക്കു കുഴൽവെള്ളം കൊണ്ടുവരുന്നതു വടക്കുപടിഞ്ഞാറായി പതിനെട്ടു നാഴിക ദൂരെയുള്ള "റെഡ് ഹിൽസ്" തടാകത്തിൽനിന്നാണ്. പട്ടണത്തിൽ പല സ്ഥലങ്ങളിലും ജനങ്ങൾക്കു വൈകുന്നേരം കാററുകൊണ്ടുലാത്തുവാനും ഇരിപ്പാനും മററും കോർപ്പറേഷൻ വക ഉദ്യാനങ്ങൾ ഉണ്ടു്. ഇവയിൽ ഏർപ്പെടുത്തിയിട്ടുള്ള ആകാശവാണികളിൽനിന്നു പലതരം പാട്ടുകളും സായാഹ്നത്തിൽ കേൾക്കാം. നഗരവാസികളുടെവിനോദത്തിന്നായി അനേകം സിനിമാക്കൊട്ടരങ്ങളും പട്ടണത്തിൻെറ പ്രധാനഭാഗങ്ങളിലെല്ലാം നിർമ്മിച്ചിട്ടുണ്ടു്. മദിരാശിപട്ടണത്തിലെ ജനസംഖ്യ 6½ ലക്ഷമാണ്.

iv) **തെക്കൻ ആർക്കാട്.**—ഈ ജില്ലയിലെ പടിഞ്ഞാറെ അററം ഒഴികെ മററു ഭാഗമെല്ലാം ഒരു സമതലമാണ്. പ്രധാനവിളവുകൾ നിലക്കടലയും അമരിയുമാണ്. ഇവിടേയും ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്നു. ജില്ലയിലെഭരണകേന്ദ്രം വില്ലുപുരമാണ്. മദിരാശിയിൽനിന്നുള്ള ദക്ഷിണേന്ത്യാ തീവണ്ടിപ്പാത ഈ നഗരത്തിൽക്കൂടെ പോകുന്നു. ഇവിടെ [illegible] റെയ്യിൽപ്പാതകൾ പൂർവ്വതീരത്തു പരന്ത്രീസു [illegible] തലസ്ഥാനപട്ടണമായ പുതുച്ചേരിക്കും, കട[illegible]റമുഖത്തേക്കും, കാട്ടുപാടിയിലേക്കും പോകുന്നുണ്ടു്. ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമായ ചിദംബരം ഈ ജില്ലയുടെ തെക്കുഭാഗത്താണ്. അവിടെ പ്ര

സിദ്ധമായ ഒരു ശിവക്ഷേത്രമുണ്ട്. അണ്ണാമല സർവ്വകലാശാലയും ഈ നഗരത്തിൽത്തന്നെയാണ്.

പോർട്ടോനോവൊ എന്ന ചെറിയ തുറമുഖത്തിൽക്കൂടെ ഇവിടെനിന്ന് അന്യരാജ്യങ്ങളിലേക്കു നിലക്കടല കയററുമതി ചെയ്യുന്നു.

v) **തഞ്ചാവൂർ.**—കാവേരിനദിയുടെ മുക്കോൺതുരുത്തും അതിന്നു തെക്ക് ഒരു ചെറിയഭാഗവും അടങ്ങിയതാണ് തഞ്ചാവൂർ ജില്ല. നദിയുടെ പ്രധാന കൈവഴി വടക്കും മററു കൈവഴികൾ മദ്ധ്യത്തിൽക്കൂടേയും ഒഴുകുന്നു. ചോളരാജാക്കന്മാരുടെ കാലംമുതൽക്ക് ഈ താണ സമനിലം നദീജലം അണകെട്ടി തിരിച്ചാണ് കൃഷിചെയ്തു വരുന്നത്. മേട്ടൂർ അണക്കെട്ട് പണിതീർന്നതോടുകൂടി, മുമ്പ് ഒരുപ്പൂവായിരുന്ന സ്ഥലങ്ങൾ ഇപ്പോൾ ഇരുപ്പൂവും കൃഷി ചെയ്യാതിരുന്ന ഭാഗങ്ങൾ ഒരു പഞ്ചയെങ്കിലും ഇടുന്ന സ്ഥലങ്ങളും ആയിട്ടുണ്ട്. കാവേരിനദിയുടെ കൈവഴികളും നിർമ്മിതമായ തോടുകളും വഴിയേ വെള്ളം തിരിച്ചുകൊണ്ടുപോയി ത്രികോണസ്ഥലം മുഴുവനും നെല്ല്, തെങ്ങ്, വാഴ, വെററിലക്കൊടി, കായ്കറികൾ എന്നീ സാധനങ്ങൾ കൃഷി ചെയ്യുന്നു. ഈ ജില്ലയെ "കർണ്ണാററിക് സമനിലത്തിലെ തോട്ടം" എന്നു പറയാം. ഇവിടെ ജനങ്ങൾ [illegible]തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളും പട്ടണങ്ങളും [illegible]യുണ്ട്. റോഡുകളും തീവണ്ടിമാർഗ്ഗങ്ങളും മുഖ്യ [illegible]ങ്ങളെയെല്ലാം യോജിപ്പിക്കുന്നു.

പ്രധാനപട്ടണം തഞ്ചാവൂർതന്നെ. ഇതു പുരാ

തനകാലങ്ങളിൽ ചോളരാജാക്കന്മരുടേയും, പിന്നീട് മഹാരാഷ്ട്രരാജാക്കന്മാരുടേയും തലസ്ഥാനമായിരുന്നു. ഇവിടെ ഭംഗിയേറിയ ഒരു ക്ഷേത്രവും ഒരു കോട്ടയും ഉണ്ട്. കുംഭകോണം, മായപുരം, നാഗപട്ടണം എന്നിവയാകുന്നു മററു പട്ടണങ്ങൾ. കുംഭകോണം പാത്രങ്ങൾ, പട്ടവസ്ത്രങ്ങൾ എന്നീ വ്യവസായങ്ങൾക്കു കീർത്തിപ്പെട്ടതാണു്. ഇവിടെ ഒരു വലിയതരം കലാശാലയും നാലു ഹൈസ്കൂളുകളും ഉണ്ടു്. നാഗപട്ടണം ഒരു തുറമുഖമാണു്. ഇവിടെ ഇരിമ്പുപെട്ടിവ്യവസായം നടത്തിവരുന്നു. ഇവിടെ നിന്നു മലയാ, സിലോൺ എന്നീ രാജ്യങ്ങളിലേക്കും പതിവായി കപ്പൽസഞ്ചാരമുണ്ടു്. മലയായിലേക്കു കൂലിവേലക്കു തെക്കൻ ജില്ലകളിൽനിന്നു പോകുന്ന പണിക്കാർ ഇവിടെനിന്നാണു് കപ്പൽ കയറിപ്പോവുക പതിവു്. ജില്ലയിലുള്ള നാഗൂർ എന്ന സ്ഥലം ഒരു പുണ്യസ്ഥലവും, കടൽത്തീരത്തുള്ള കാരിക്കൽ പരന്ത്രീസുകാരുടെ വക ഒരു സ്ഥലവും ആകുന്നു.

vi) **രാമനാട്:**—തഞ്ചാവൂരിൻെറ തെക്കു കിടക്കുന്ന ഒരു സമനിരപ്പായ ജില്ലയാണു് രാമനാട്. ഇതിൽ വൈഗൈ നദീതടമൊഴികെ ബാക്കി ഭാഗമെല്ലാം ഫലപുഷ്ടിയില്ലാത്തതാണു്. ഇവിടെ കരിമ്പനക്കാട്ടുകൾ വളരെയുണ്ടു്. ജില്ലയുടെ വടക്കുകിഴക്കു [illegible]ത്തിനു ചെട്ടിനാട് എന്നു പറയുന്നു. ധനികരായ നാട്ടുകോട്ടച്ചെട്ടിമാരുടെ സ്വദേശമാണു് ഇതു്. കടൽത്തീരത്തിൻെറ കിഴക്കു രാമേശ്വരം ദ്വീപു് കിടക്കുന്നു. കാശിയും രാമേശ്വരവുമാ

ണു് ഹിന്ദുക്കൾക്കു് ഏററവും പ്രധാനമായ പുണ്യസ്ഥലങ്ങൾ. രാമേശ്വരം ദ്വീപിലേക്കു കടലിൽ പാമ്പൻചാലിൽ കെട്ടീട്ടുള്ള പാലത്തിൽക്കൂടെ തീവണ്ടി പോകുന്നുണ്ടു്. അനവധി തീർത്ഥയാത്രക്കാർ രാമേശ്വരസ്നാനത്തിന്നു പോവുക പതിവാണു്.

ജില്ലയിൽ പ്രധാനപട്ടണം ശ്രീവില്ലിപുത്തൂരാണു്. ശിവഗംഗ, രാമനാട്ടു് എന്നിവ രണ്ടു വലിയ ജമിണ്ടാരികളും, ദേവക്കോട്ട, കാരക്കുടി എന്നിവ നാട്ടുകോട്ടച്ചെട്ടികളുടെ മുഖ്യസ്ഥലങ്ങളുമാകുന്നു.

vii) **തിരുനൽവേലി**:— സംസ്ഥാനത്തിന്റെ തെക്കെ അററത്തുള്ളതാണു് ഈ ജില്ല. ഇതിന്റെ പടിഞ്ഞാറുഭാഗം ഏലമലയുടെ തെക്കെ അംശത്തിൻെറ കിഴക്കെ ചരിവാണു്. ജില്ലയുടെ മദ്ധ്യത്തിൽക്കൂടെ താമ്രപർണ്ണിനദി ഒഴുകുന്നു. നദീതാഴ്വരയാണു് ഏററവും ഫലവത്തായ പ്രദേശം. ജില്ലയിലെ പ്രധാന വിളവു പരുത്തിയാണു്. വ്യവസായവും അതുതന്നെ. ഭരണകേന്ദ്രമായ തിരുനെൽവേലി പട്ടണത്തിൽ പരുത്തിയന്ത്രശാലകൾ ഉണ്ടു്. തീരത്തുള്ള തൂത്തുക്കുടി സിലോൺ ദ്വീപിന്നു് ഏററവും അടുത്തുള്ള തുറമുഖമാണു്. ജില്ലയിൽ കുത്താലം, പാപനാശം എന്നീ സ്ഥലങ്ങളിലെ ജലപാതങ്ങളിൽ കുളിച്ചു താമസിക്കുവാൻ വളരെ ജന[illegible]കാലത്തിൽ പോകാറുണ്ടു്. മണിയാച്ചി ഒരു [illegible]ണ്ടി ജങ്ക്ഷനും, തീരത്തുള്ള തിരുച്ചെന്തൂർ ഒരു [illegible]ഹാക്ഷേത്രമുള്ള പുണ്യസ്ഥലവുമാകുന്നു.

———:o:———

അദ്ധ്യായം 21

കണ്ണാറഭിക്ക് ഉം പ്രദേശജില്ലകഠം.

ചിററൂർ, വടക്കൻ ആർക്കാട്ട്, സേലം, കോയമ്പത്തൂർ, മധുര, തൃശ്ശിനാപ്പള്ളി എന്നീ ജില്ലകഠം ഈ വിഭാഗത്തിൽ അടങ്ങിയിരിക്കുന്നു. പൂർവ്വഘട്ടങ്ങളുടെ തെക്കെ നിരകഠം ചിററൂർ, വടക്കൻ ആർക്കാട്ട്, സേലം എന്നീ ജില്ലകളിലും, കോയമ്പത്തൂർ ജില്ലയുടെ ഉത്തരഭാഗത്തിലും, പശ്ചിമഘട്ടങ്ങളുടെ ചില നിരകഠം കോയമ്പത്തൂർജില്ലയുടെ ദക്ഷിണഭാഗത്തിലും, മധുരജില്ലയിലും ഉണ്ട്. ഈ ജില്ലകളുടെയെല്ലാം ചരിവു സാമാന്യമായി വടക്കുപടിഞ്ഞാറുനിന്നു തെക്കുകിഴക്കോട്ടാണ്. പൂർവ്വതീരജില്ലകളേക്കാഠം ഇവയ്ക്കു് ഉയരം കൂടും. സമനിരപ്പായ ഭൂമി തൃശ്ശിനാപ്പള്ളി ജില്ലയിലും ചിററൂർ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തിലും മാത്രമേ ഉള്ളു.

i) **ചിററൂർ.**—ഈ ജില്ല മൈസൂർ രാജ്യത്തിനും ചിങ്കൽപ്പേട്ടയ്ക്കും മദ്ധ്യേ കിടക്കുന്നു. ഇതിൻെറ വടക്കുപടിഞ്ഞാറെ ഖണ്ഡം ഉന്നതമലമ്പ്രദേശവും തെക്കുകിഴക്കുഭാഗം സമനിലവുമാണ്. ഈ ജില്ലയുടെ വടക്കുഭാഗത്താണ് പ്രസിദ്ധപ്പെട്ട വൈഷ്ണവക്ഷേത്രമുള്ള തിരുപ്പതിമല. ഇന്ത്യയിൽ നാനാഭാഗങ്ങളി[illegible]ന്നും ഹിന്ദുക്കഠം വന്നു മലകയറി ക്ഷേത്രദർ[illegible]ചെയ്തു വഴിവാട്ട കഴിച്ചുപോകുന്നു. തിരുപ്പതി[illegible]ക്ഷേത്രസ്ഥാനം വളരെ സ്വത്തുള്ളതാണ്. ചിററൂർ ജില്ലയുടെ ഭരണകേന്ദ്രം ചിററൂർപട്ടണംതന്നെ. ഒരു ക്ഷയരോഗാസ്പത്രിയുള്ള മദനപ്പിള്ളിയും, മഹാക്ഷേ

ത്രങ്ങളുള്ള കാളഹസ്തി, തിരുത്താണി എന്നീ സ്ഥലങ്ങളും ജില്ലയിൽ മററു പ്രധാന സ്ഥലങ്ങളാകുന്നു.

ii) **വടക്കൻ ആർക്കാട്:**— ഈ ജില്ലയുടെ പശ്ചിമഭാഗം ഉയരംകൂടിയതും പൂർവ്വഭാഗം ഉയരം കുറഞ്ഞതുമാകുന്നു. ഒട്ടുമാവു്, ചെറുനാരകം, മാതിളനാരകം എന്നീ വൃക്ഷങ്ങൾ വടക്കൻ ആർക്കാട്, സേലം, ചിററൂർ എന്നീ ജില്ലകളിലെ പ്രധാനമായ തോട്ടകൃഷിയാണു്. വളരെ പഴങ്ങൾ അന്യപ്രദേശങ്ങളിലേക്കു കയററി അയക്കുന്നതുമുണ്ടു്. ജില്ലയുടെ ഭരണസ്ഥാനം വെല്ലൂർ പട്ടണമാണു്. ഇവിടെ ഒരു കോട്ടയും സംസ്ഥാന പോലീസ്സ് വിദ്യാലയവും ഉണ്ടു്. കണ്ണാററിക്ക് വാണിരുന്ന നവാബുമാരുടെ തലസ്ഥാനമായിരുന്ന ആർക്കാടുനഗരം ഈ ജില്ലയിൽതന്നെ. കാട്ട്പാടിയും ജോലാർപേട്ടയും മദിരാശി—മംഗലാപുരം റെയിൽമാർഗ്ഗത്തിലുള്ള തീവണ്ടി സംഗമസ്ഥാനങ്ങളാണു്. കാട്ട്പാടിയിൽനിന്നു തെക്കു പുതുച്ചേരിക്കും, വടക്കു പീഠജില്ലകളിലേക്കും, ജോലാർപേട്ടയിൽനിന്നു ബങ്കളൂർവഴിക്കും, റെയിൽപ്പാതകൾ പോകുന്നുണ്ടു്.

iii) **സേലം:**— ഈ ജില്ല, കിഴക്ക് ആർക്കാടുജില്ലാദ്വയത്തിൻേറയും പടിഞ്ഞാറു കോയമ്പത്തൂർ ജില്ലയുടേയും ഇടയിലാണു്. ഇതിൻെറ നടുവിലാണു് ഷെവറായി മലനിര. ജില്ലയുടെ വടക്കും കിഴക്കും ഭാഗങ്ങൾക്കു പശ്ചിമദക്ഷിണഭാഗങ്ങളേക്കാൾ ഉയരംകൂടും. മഴ കുറവാണു്. പല സ്ഥലങ്ങളിലും ജലക്ഷാമം ഉണ്ടാകുന്നു. പരുത്തി, പട്ടു്, എന്നവകൊ

ണ്ടുള്ള നെയ്ത്ത് ഈ ജില്ലയിലെങ്ങും കുടിൽവ്യവസായമായി നടത്തിവരുന്നു. പ്രധാനപട്ടണം സേലംതന്നെ. ഇതു സംസ്ഥാനത്തിലെ പ്രധാന തുണിവ്യാപാരകേന്ദ്രങ്ങളിൽ ഒന്നാണ്. സേലംമാമ്പഴങ്ങളും, ഹൊസൂർപശുക്കളും, കൃഷ്ണഗിരിനല്ലെണ്ണയും ഖ്യാതിയുള്ളവയാണ്. മേട്ടൂർ അണക്കെട്ടു സംബന്ധിച്ച് അതിന്നരികെ ഇയ്യിടെ ഉണ്ടായതാണ് മേട്ടൂർ പട്ടണം.

iv) **കോയമ്പത്തൂർ:**—ഈ ജില്ലയുടെ വടക്കു മൈസൂർ രാജ്യവും തെക്കു മധുരജില്ലയും ആണ്. ഇതിൻെറ കിഴക്കെ അററം ഒഴികെ മറെറല്ലാ ഭാഗങ്ങളും സമുദ്രനിരപ്പിൽനിന്നു 1,000 അടിയിലധികം പൊക്കമുള്ളതാണ്. പാലക്കാട്ടു പിള്ളപ്പ് ഈ ജില്ലയുടെ പടിഞ്ഞാറുവശത്താകുന്നു. കാലവർഷം പടിഞ്ഞാറുഭാഗത്തും തുലാവർഷം ജില്ല മുഴവനും ഉണ്ടാകുന്നു. ജില്ല മുഴവനും ഫലപുഷ്ടിയുള്ള മണ്ണാണ് ഉള്ളതു്. പരുത്തി, പുകയില, വെററില, എണ്ണവിത്തുകൾ, കായ്കറികൾ, നവധാന്യങ്ങൾ എന്നിവയാകുന്നു പ്രധാന കൃഷികൾ. ഉയൎന്ന ഭാഗങ്ങളിലെ പുൽത്തകിടികളിൽ കന്നുകാലികളേയും ആടുകളേയും കൂട്ടംകൂട്ടമായി വളൎത്തുന്നുണ്ടു്.

...കേന്ദ്രം കോയമ്പത്തൂർപട്ടണംതന്നെ. ഈ നഗ...ഇടക്കാലങ്ങളിൽ വളരെ വലുതായിട്ടുണ്ടു്. ഇതു് ഒരു വലിയ കച്ചവടസ്ഥലമാണ്. ഇവിടെ നെയ്ത്തുയന്ത്രശാലകളും, സംസ്ഥാനത്തിലെ വനക്കാളേജും കൃഷിക്കാളേജും ഉണ്ടു്. മററു പട്ടണങ്ങൾ

ഭവാനി, ഈറോട്ട്, പോത്തന്നൂർ, പൊള്ളാച്ചി, കാങ്കേയം എന്നിവയാകുന്നു. ഭവാനി ഹിന്ദുക്കളുടെ ഒരു പുണ്യസ്നാനസ്ഥലമാണു്. ഈറോഡിൽനിന്നു് ഒരു തീവണ്ടിപ്പാത തൃശ്ശിനാപ്പിള്ളിക്കുപോകുന്നു. പശ്ചിമതീരത്തേക്കു പോകുന്ന റെയിൽപ്പാതയിന്മേൽ സ്ഥിതിചെയ്യുന്ന പോത്തന്നൂരിൽനിന്നു് ഒരു ശാഖ പൊള്ളാച്ചിവഴിക്കു ഡിൻഡിക്കലിലേക്കും, വേറൊന്നു് നീലഗിരിയിലേക്കും പോകുന്നുണ്ടു്. പൊള്ളാച്ചി ഒരു വലിയ ചന്തസ്ഥലവും, കാങ്കേയം കന്നുകാലിവ്യാപാരത്തിന്നു കീർത്തിപ്പെട്ടതുമാകുന്നു.

v) **തൃശ്ശിനാപ്പിള്ളി**:— ഈ ജില്ലയുടെ അധികഭാഗവും തെക്കൻ ആർക്കാട്ട്, തഞ്ചാവൂർ എന്നീ ജില്ലകളുടെ ഇടയിലാണു്. ഇതിന്റെ പശ്ചിമഭാഗത്തിൽ ചില ഉയരം കുറഞ്ഞ മലകൾ ഉണ്ടു്. ബാക്കി ഭാഗമെല്ലാം കാവേരിനദിയുടെ തടത്തിൽ പെട്ടുന്ന സമനിലമാണു്. കാവേരിനദി ഈ ജില്ലയിൽ വെച്ചു രണ്ടു ശാഖകളായി പിരിഞ്ഞു പിന്നേയും കൂടുന്നു. വടക്കെ ശാഖയ്ക്കു കെല്ലടം എന്നു പറയുന്നു. തുലാവർഷം ഇവിടെ നല്ലവണ്ണം ഉണ്ടാകുന്നുണ്ടു്; കാവേരിനദിയിലെ ജലം മേട്ടൂർ അണക്കെട്ടിൽനിന്നു് ഈ ജില്ലയിലേക്കു തോടുകൾ വഴിക്കു തിരിച്ചുകൊണ്ടുവന്നു വളരെ നിലം കൃഷിചെയ്യുവരു[illegible]്യയിലെ അധികഭാഗവും ഫലപുഷ്ടിയുള്ളതാണ[illegible]ല്ല്, പുകയില, വെററില, വാഴ എന്നിവയാണു് പ്രധാന വിളവുകൾ.

ജില്ലയുടെ ഭരണകേന്ദ്രം കാവേരിയുടെ തീരത്തു

ള്ള തൃശ്ശിനാപ്പിള്ളി നഗരമാണു്. പട്ടണത്തിന്റെ മദ്ധ്യത്തിൽ വളരെ വിസ്താരവും ഉയരവുമുള്ള ഒരു പാറക്കുന്നിന്മേൽ ഒരു ഗണപതിക്ഷേത്രമുണ്ടു്. അതിന്നു് "ഉച്ചിപിള്ളയാർകോവിൽ" എന്നു പറയുന്നു. ഈ നഗരം ഒരു വലിയ കച്ചവടസ്ഥാനവും പിച്ചളപ്പാത്രവ്യവസായം നടത്തുന്ന സ്ഥലവുമാണു്. ഇവിടെ ആറു ഹൈസ്കൂളുകളും രണ്ടു് ഉയർന്നതരം കലാശാലകളും ഉണ്ടു്. ഇതിന്നടുത്തുള്ള സ്വർണ്ണപ്പാറ (Golden Rock) എന്ന സ്ഥലത്താണു് തെൻഇന്ത്യാ തീവണ്ടിക്കമ്പനിക്കാരുടെ പ്രധാന വർക്ഷാപ്പും ഭരണ ആപ്പീസ്സും ഉള്ളതു്. തൃശ്ശിനാപ്പള്ളി ഒരു വലിയ തീവണ്ടി ജങ്ക്ഷനും ആണു്. മററു പ്രധാന സ്ഥലങ്ങൾ ശ്രീരംഗം, കരൂർ, കുളിത്തലൈ എന്നിവയാകുന്നു. ശ്രീരംഗം ഒരു പുണ്യസ്ഥലവും, വിശിഷ്ടമായ ഒരു വിഷ്ണുക്ഷേത്രത്തിന്നും ഒരു ശിവക്ഷേത്രത്തിന്നും കീർത്തിപ്പെട്ടതുമാകുന്നു. കുളിത്തലയിൽ നേരിയ പരുത്തിവസ്ത്രങ്ങൾ കൈത്തറികളിൽ വളരെ നെയ്യുന്നുണ്ടു്.

vi) **മധുര**:—കർണ്ണാററിക്ക് ഉൾപ്രദേശത്തിലെ ഏററവും തെക്കെ ജില്ല ഇതാകുന്നു. ഇതിന്റെ പശ്ചിമഭാഗം ഉയരമുള്ളതും പൂർവ്വഭാഗം സമനിലവുമാകുന്നു. ഏലമലയുടെ ശാഖയായ പഴനിമലയും മററു ചില ചെറുശാഖകളും ഈ ജില്ലയിൽ ഉണ്ടു്. വൈഗൈനദി പടിഞ്ഞാറെ മലയിൽനിന്നുത്ഭവിച്ചു് ഇതിൽക്കൂടെ ഒഴുകുന്നു. ഈ പുഴയിലേക്കു വെള്ളം

കൊണ്ടുവരുവാൻ പെരിയാറിൽ കെട്ടിട്ടുള്ള അണക്കെട്ടിനെപ്പററി മുമ്പു പറഞ്ഞുവല്ലോ. നദീതാഴ്‌വരയിൽ ചാലുകൾ വഴിക്കു ജലം കൊണ്ടുപോയി കൃഷിചെയ്യുവാൻ സൌകര്യപ്പെടുത്തുന്നു. ജില്ലയിലെ പ്രധാന വിളവുകൾ പരുത്തിയും പുകയിലയുമാണ്. പരുത്തി, പട്ട്, ഇവകൊണ്ടുള്ള വസ്ത്രനെയ്ത്താണ് ജനങ്ങളുടെ പ്രധാന കൈത്തൊഴിൽ.

ജില്ലയിലെ ഭരണകേന്ദ്രവും മധുരാപുരിയാകുന്നു. പുരാതനകാലങ്ങളിൽ പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന ഈ നഗരത്തിൽ മഹത്തായ മീനാക്ഷിക്ഷേത്രവും തിരുമലനായ്ക്കരുടെ കൊട്ടാരവും ഉണ്ട്. ജില്ലയിലുള്ള നെയ്ത്തുവ്യവസായത്തിന്റെയും തുണിവ്യാപാരത്തിന്റേയും കേന്ദ്രമാണ് മധുരാപട്ടണം. ഇവിടെനിന്നാണ് തിരുവനന്തപുരത്തേക്കുള്ള റെയിൽ ശാഖയും രാമേശ്വരത്തേക്കുള്ള തീവണ്ടിപ്പാതയും പോകുന്നതു്. ജില്ലയിലെ മററു പ്രധാന സ്ഥലങ്ങൾ ദിൻഡിക്കലും, പഴനിയും, കൊഡൈയ്ക്കനാലും ആണ്. ദിൻഡിക്കലിലെ ഓട്ടുപാത്രങ്ങളും ചുരുട്ടുകളും പ്രസിദ്ധിയുള്ളവയാണ്. പഴനിമലയ്ക്കടുത്തു സ്ഥിതിചെയ്യുന്ന പഴനിനഗരത്തിൽ ഉയരമുള്ള ഒരു കുന്നിന്മേൽ വിശിഷ്ടമായ ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ടു്. ഇവിടേക്കു് അസംഖ്യം ഹിന്ദുക്കൾ നാനാഭാഗങ്ങളിൽനിന്നും കാവടിയെടുത്തു പോവുക പതിവാണ്. കൊഡൈയ്ക്കനാൽ പഴനിമലയിന്മേൽ 7,000 അടി ഉയരത്തിലുള്ള ഒരു സുഖവാസസ്ഥലമാകുന്നു.

അദ്ധ്യായം 29.

പശ്ചിമതീരജില്ലകൾ

മലയാളവും തെക്കൻ കൎണ്ണാടകവുമാണ് സംസ്ഥാനത്തോട്ട ചേൎന്ന പടിഞ്ഞാറെ തീരജില്ലകൾ. ഇവയുടെ പൂൎവ്വഭാഗത്തിൽ പശ്ചിമഘട്ടങ്ങളും പടിഞ്ഞാറ് അറബിക്കടലും ആണല്ലൊ. തെക്കു കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളുമാണ്. ജില്ലയുടെ പശ്ചിമഭാഗം വൻകാടുകൾ നിറഞ്ഞ മലംപ്രദേശമാണ്. മൈതാനഭാഗം വീതികുറഞ്ഞതെന്നുമാത്രമല്ല അവിടേയും ഇടയ്ക്കിടെ പല ഉയരത്തിലുള്ള കന്നുകളും കാടുകളും കാണാം. ജൂൺമാസം മുതൽ ആറുമാസത്തേക്ക് ഈ പ്രദേശത്തിൽ മഴയുള്ളതുകൊണ്ടു് അനേകം തോടുകളും ചെറിയ പുഴകളും ഇവിടെയുണ്ടു്. വരൾച്ചതുടങ്ങിയാൽ മി[illegible] പുഴകളും വററിപ്പോവുകയും ചെയ്യും. പശ്ചിമ[illegible]രം ഒട്ടാകെ വളരെ ഫലപുഷ്ടിയുള്ളതാണ്. മൈ[illegible]ാനത്തിൽ നെല്ലും, കവുങ്ങും, കടലോരത്തുള്ള മ[illegible]ൽഭൂമിയിൽ തെങ്ങും ആണ് പ്രധാനമായി കൃഷി [illegible]ചയ്യുന്നതു്. കുരുമുളക് എല്ലാഭാഗങ്ങളിലും നടത്തു[illegible] ഒരു പറമ്പുകൃഷിയാണ്. പടിഞ്ഞാറെക്കരയിൽ ഉണ്ടാകുന്ന പ്രത്യേകവൃക്ഷങ്ങളാണ് പ്ലാവും കശുമാവും.

i. മലയാളം:—മലയാംജില്ലയുടെ വടക്കു, പശ്ചിമം [illegible] അറബിക്കടൽത്തീരം തൊട്ടുകിടക്കുകയും തെക്കൻ കൎണ്ണാടകത്തെ ഇതിൽനിന്നു വേർതിരിക്കുകയും ചെയ്യുന്നു. രണ്ടു ജില്ലകളിലുമുള്ള ജനങ്ങളുടെസമ്പൎക്കത്തിന് ഇതൊരു വലിയ പ്രതിബന്ധമാണ്.

ആചാരങ്ങളിലും, ഉടുപ്പിലും ഭാഷയിലും, ആഹാര സമ്പ്രദായത്തിലും രണ്ടു ജില്ലകളിലേയും ജനങ്ങൾ വിഭിന്നരായിരിക്കുന്നു. ഭൂപ്രകൃതിയിലും,കാലാവസ്ഥയിലും, വിളവുകളിലുമാണു് ജില്ലകളുടെ പ്രധാനമായ സാമ്യം. മലയാളത്തിൻെറ തെക്കുഭാഗത്തുള്ള പാലക്കാട്ടുചുരം സംസ്ഥാനത്തിൻെറ പൂൎവ്വഭാഗത്തേക്കു പ്രവേശനം നൽകുന്നു. ഇതിൽക്കൂടെയാണു് പശ്ചിമതീരത്തേക്കുള്ള തീവണ്ടിമാൎഗ്ഗം പോകുന്നതെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ.

ജില്ലയിലെ പ്രധാനപട്ടണം കോഴിക്കോടാണു്. ഈനഗരം പണ്ടു മലയാളം ഭരിച്ചിരുന്ന സാമൂതിരി രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇവിടെയാണു് ഒന്നാമതായി വാസ്ഗോഡിഗാമ എന്ന പോൎത്തുഗീസ്സു് നാവികവീരൻ കപ്പലിറങ്ങി, സാമൂതിരി[illegible] ജാവുതിരുമനസ്സിലെ അനുമതിയോടുകൂടി കച്ചവ[illegible] ഏൎപ്പെടുത്തിയതു്. പുരാതനകാലംമുതല്ക്കുതന്നെ [illegible] യ്ത്തുവ്യവസായത്തിന്നു കീൎത്തിപ്പെട്ടതാണു് ഈ[illegible] ഗരം. ഓടുണ്ടാക്കൽ,സോപ്പുവ്യവസായം,ചകിരി[illegible] മാനങ്ങൾഉണ്ടാക്കൽ എന്നിവയും ഇവിടെനടത്തി[illegible] രുന്നു. ജില്ലയിലെപ്രധാനതുറമുഖവും ഭരണകേന്ദ്രവും കോഴിക്കോടുതന്നെ. ചുരത്തിൽ സ്ഥിതിചെയ്യുന്ന പാലക്കാടു് ഒരു വാണിജ്യസ്ഥാനവു[illegible]ട്ടുപാത്രങ്ങൾ വാക്കുന്ന സ്ഥലവുമാണു്. ഇവി[illegible]പ്പുസുൽത്താൻ കെട്ടിയ ഒരു കോട്ടയുണ്ടു്. മററു പ്രധാന പട്ടണങ്ങൾ തലശ്ശേരിയും, കണ്ണൂരുമാണു്. ഇവിടെ ത്തുണിനെയ്ത്തുശാലകൾ വളരെ ഉണ്ടു്. ഇവ രണ്ടും

ചെറിയ തുറമുഖങ്ങളാണു്. കണ്ണൂർ ഒരു സൈന്യ സ്ഥാനവുമാണു്.

തെക്കൻകണ്ണാടകം:—ഈ ജില്ലയിൽ, കട ലോരത്തുള്ള ചില ഭാഗങ്ങളിൽ മണ്ണിന്നു മഞ്ഞനിറ വും ഗന്ധകക്കലൎപ്പും ഉണ്ടു്. അവിടങ്ങളിൽ പുകയി ല കൃഷിചെയ്യുന്നു. മററു വിളവുകളെല്ലാം മലയാള ത്തിലുള്ളവതന്നെ. ജില്ലയുടെ വടക്കെ അംശം പ്രകൃ തിരമണീയമായ കാഴ്ചകൾ ഉള്ളതാണു്. ഇവിടെ കാലാവസ്ഥ അധികം സുഖകരമാണു്. ജനങ്ങൾ പ്രായേണ വൎണ്ണധാവല്യവും സൌന്ദൎയ്യവുമുള്ളവ രാണു്.

ജില്ലയിലെ ഭരണസ്ഥാനം മംഗലാപുരമാണു്. ഇതിനെ ഒരു ഉദ്യാനനഗരമെന്നു പറയാം. ഇതി ൻെറ മൂന്നുഭാഗത്തും മദ്ധ്യത്തിൽ ചില സ്ഥലങ്ങളി ലും കശുമാവുകളും മുളംകൂട്ടങ്ങളുമുള്ള കുന്നുകളാണു്. ഇവ ദൃഷ്ടിക്കു എത്രയും മനോഹരങ്ങളാണു്. ഇതി ൻെറ തെക്കുഭാഗത്തായി നേത്രവതിനദി കടലിൽ ചേരുന്നു. തുണിനെയ്ത്തു്, ഓടുണ്ടാക്കൽ, കാപ്പി കുരു നന്നാക്കൽ എന്നിവയാകുന്നു മംഗലാപുരത്തി ലെ വ്യവസായങ്ങൾ. പശ്ചിമ മൈസൂർ, കുടകു്, വയനാടു് എന്നീ പ്രദേശങ്ങളിൽ ഉണ്ടാവുന്ന കാ പ്പി, മംഗലാപുരത്തുള്ള യന്ത്രശാലകളിലാണു് ന ന്നാ[illegible] ഈ തുറമുഖത്തിൽനിന്നു വിദേശങ്ങളിലേ ക്കയ[illegible]ന്നതു്. ഈ നഗരത്തിൽ ക്രിസ്തീയപാതിരി മാരുടെ വക ഒരു സൎവ്വകലാശാലയും മററുചില വി ദ്യാലയങ്ങളും ഉണ്ടു്. മദ്ധ്വാചാൎയ്യരുടെ ജനനസ്ഥ

ലമായ ഉഡുപ്പിയും, കന്താപുരവുമാണ് ഈ ജില്ല യിലെ മററു പ്രധാന സ്ഥലങ്ങൾ.

അദ്ധ്യായം 23.

വടക്കൻ സക്കാർ ജില്ലകൾ

ഗുണ്ടൂർ, കൃഷ്ണ, പൂർവ്വഗോദാവരി, പശ്ചിമഗോദാവരി, വിശാഖപട്ടണം, ഗഞ്ചാം എന്നീ ജില്ലകൾ ഈ വിഭാഗത്തിൽ അടങ്ങിയിരിക്കുന്നു. ഈ ജില്ലകളുടെ പശ്ചിമഭാഗത്തിൽ പൂർവ്വഘട്ടങ്ങളുടെ നിരകൾ വടക്കുതെക്കായി കിടക്കുന്നുണ്ടു്. പൂർവ്വതീരം വീതി കുറഞ്ഞ സമഭൂമിയാണ്. ഈ ജില്ലകളിലും ജൂൺ മുതൽ മൂന്നു മാസത്തേക്കു ബങ്കാൾ ഉൾക്കടലിൽക്കൂടെ കാലവർഷക്കാററു വീശി മഴ പെയ്യുന്നു. തീരപ്രദേശവും, നദീതാഴ്വരകളും, നദികളുടെ ത്രികോണസ്ഥലങ്ങളും ഫലപുഷ്ടിയുള്ളവയാണ്. ജില്ലകളുടെ പടിഞ്ഞാറുഭാഗങ്ങളിൽ ജനങ്ങൾ കുറവുതന്നെ.

i) ഗുണ്ടൂർ.—ഈ ജില്ല നെല്ലൂരിൻെറ വടക്കും കൃഷ്ണാനദിയുടെ തെക്കുഭാഗത്തുമാണ്. നദിയുടെ മുക്കോൺതുരുത്തിൻെറ ഒരു ഭാഗം ഈ ജില്ലയിൽ ഉൾപ്പെടുന്നു. തെക്കുഭാഗം വരണ്ട കാലാവസ്ഥയുള്ളതും അധികം പുൽപ്രദേശവുമാണ്. ഒന്നാന്തരം കന്നുകാലികൾ ഇവിടെ സമൃദ്ധിയായി വള[illegible]ണ്ടു്. ജില്ലയിലെ പ്രധാനകൃഷി നെല്ലും പുകയിലയു[illegible] പരുത്തിയുമാണ്. പ്രധാനപട്ടണം നദീതാഴ്വരയിലുള്ള ഗുണ്ടൂർതന്നെ. ഇവിടെ സ്ത്രീകൾക്കുള്ള ഒരു വലിയ

ആസ്പത്രിയും, ഒരു കലശാലയും ഉണ്ടു്. ജില്ലയുടെ തെക്കഭാഗത്തുള്ള ഓങ്കോറം കന്നുകാലിവ്യാപാരത്തിന്റെ കേന്ദ്രമാണു്. ബാപ്പട്ടു്ല വേറൊരു പ്രധാന പട്ടണമാണു്. ഈ നഗരങ്ങളെല്ലാം പൂർവ്വേന്ത്യാ റെയിൽപാതയിന്മേൽ സ്ഥിതിചെയ്യുന്നു.

ii) കൃഷ്ണ:—കൃഷ്ണജില്ലയുടെ തെക്കേഭാഗം കൃഷ്ണാനദീതാഴ്വരയും അതിന്റെ മുക്കോൺതുരുത്തുമാണു്. ഇതിന്റെ ഏതാണ്ടു മദ്ധ്യത്തിലായി കോലയാർ ശുദ്ധജലതടാകം കിടക്കുന്നു. ജില്ലയുടെ അധികഭാഗവും വളരെ ഫലപുഷ്ടിയുള്ളതാണു്. ഇവിടേയും പരുത്തി, പുകയില, നെല്ലു്, എന്നിവയാണു പ്രധാനവിളവുകൾ. ജില്ലയിലെ ഭരണകേന്ദ്രവും, തുറമുഖവും, മച്ചിലിപട്ടണമാകുന്നു. ഇതു പുരാതനകാലം മുതല്ക്കുതന്നെ നേരിയ മച്ചിലിൻ തുണിനെയ്ത്തിനു കീർത്തിപ്പെട്ടതാണു്. ഇംഗ്ലീഷുകാർ ഇന്ത്യയിൽ പ്രഥമമായി കച്ചവടം നടത്തുവാൻ വന്നിറങ്ങിയ സ്ഥലങ്ങളിൽ ഒന്നാണു് ഇതു്. ബെസവാഡ പൂർവ്വേന്ത്യാ റെയിൽപാതയിലെ ഒരു വലിയ പരിഷ്കരിച്ച തീവണ്ടി സംഗമസ്ഥാനവും വ്യാപാരകേന്ദ്രവുമാണു്. മച്ചിലിപട്ടണത്തിൽനിന്നും ഹൈദരാബാദിൽനിന്നും, പീഠപ്രദേശത്തുനിന്നും റെയിൽമാർഗ്ഗങ്ങൾ ഇവിടെ വന്നുചേരുന്നു. ഈ പട്ടണത്തിന്റെ അടുത്താണു് കൃഷ്ണാനദിയിലെ ബസവാഡ അണക്കെട്ടു്. ജില്ലയിൽ വേറൊരു സ്ഥലമായ കൊണ്ടപ്പള്ളിയിൽ ഒരു മലങ്കോട്ടയുണ്ടു്.

iii) ഗോദാവരി:— പൂർവ്വപശ്ചിമഗോദാവരി

ജില്ലയുടെ വടക്കുപടിഞ്ഞാറുഭാഗം ഇടതിങ്ങിയ കാടുകൾ നിറഞ്ഞ മലമ്പ്രദേശവും തെക്കുകിഴക്കു ഭാഗം സമനിരപ്പുമാകുന്നു. ഗോദാവരിനദിയുടെ ത്രികോണസ്ഥലം ഈ സമനിലത്തിൻെറ ഒരംശമാണ്. സമനിലഭാഗം ജനങ്ങൾ ഇടതിങ്ങിപ്പാക്കുന്നതും, മലമ്പ്രദേശം പനിപിടിക്കുന്നതും ജനങ്ങൾ ചുരുങ്ങിയതുമാകുന്നു. പ്രധാനവിളവുകൾ പുകയില, നെല്ല്, കരിമ്പ് എന്നിവയാണ്.

പൂർവ്വഗോദാവരിജില്ലയിലെ പ്രധാന പട്ടണം രാജമഹേന്ദ്രിയാണ്. ഗോദാവരിനദിയുടെ വക്കത്ത് മുക്കോൺതുരുത്തിൻെറ അല്പം മുകളിലായി, പൂർവ്വതീരത്ത് റെയിൽപാതയിന്മേൽ, ഈ നഗരം സ്ഥിതിചെയ്യുന്നു. ഇതു ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലവും ഒരു വാണിജ്യകേന്ദ്രവുമാണ്. ഇവിടെ ഒരു കലാശാലയുണ്ട്. ധവളേശ്വരം അണക്കെട്ട് ഇതിൻെറ അടുത്താണ്. ഈ പട്ടണത്തിൽനിന്ന് ഒരു നിർമ്മിതതോട് ഗോദാവരി, കൃഷ്ണ എന്നീ ജില്ലകളിലെ ത്രികോണസ്ഥലങ്ങളിലേക്കു പോകുന്നുണ്ട്. ജില്ലയിലെ തുറമുഖപട്ടണം കോകനദമാകുന്നു. സമൽക്കോട്ട കരിമ്പുവിളയുന്ന ഭൂമിയുടെ മദ്ധ്യത്തിലാണ്. ഇവിടെ ശക്കരയും പഞ്ചസാരയും ഉണ്ടാക്കുന്നു. കടൽക്കരയിലുള്ള യാനം പരന്ത്രീസുകാരുടെ വകയാണ്.

പശ്ചിമഗോദാവരിയിലെ ഭരണകേന്ദ്രം എല്ലൂർ പട്ടണമാണ്. ഇതു വിശേഷപ്പെട്ട പരവതാനികൾക്കും നല്ലെണ്ണക്കും കീർത്തിപ്പെട്ടതാകുന്നു.

iv) **വിശാഖപട്ടണം:**— ഈ ജില്ല ഗോദാവ

രിയുടെ വടക്കുകിഴക്കായി കിടക്കുന്നു. ഇതിൻെറ വടക്കുപടിഞ്ഞാറുഭാഗം മുഴുവനും കാടുനിറഞ്ഞ മലമ്പ്രദേശവും, തെക്കുകിഴക്കുഭാഗം വീതികുറഞ്ഞ സമനിലവുമാണ്. തീരക്കരയിലാണ് ജനങ്ങൾ അധികമുള്ളതു്. കാട്ടുപ്രദേശത്തു മലമ്പനി പിടിക്കുന്നു. അവിടെ ജനങ്ങൾ ചുരുക്കമാണ്. പുകയിലയാണ് ഈ ജില്ലയിൽ പ്രധാനമായി കൃഷിചെയ്യുന്നതു്. ജില്ലയിലെ മുഖ്യനഗരവും, തുറമുഖവും, ഭരണസ്ഥാനവും വിശാഖപട്ടണമാകുന്നു. ഇവിടെ പ്രകൃത്യാ ഉള്ള ഒരു നൌകാശയമുണ്ടു്. അതിൻെറ പണിമുഴുവൻ കഴിഞ്ഞു് അതു് ഒരൊന്നാന്തരം നൌകാശമായിത്തീൎന്നിട്ടുണ്ടു്. ഉയരമുള്ള ഒരു കുന്നിന്മേൽ സ്ഥിതിചെയ്യുന്ന വാൾട്ടയർ ഒരു തീവണ്ടിജങ്ക്ഷനും, ആന്ധ്ര സൎവ്വകലാശാലയുടെ കേന്ദ്രസ്ഥാനവും, ഒരു സുഖവാസസ്ഥലവുമാണ്. സിംഹാചലം ഒരു പുണ്യസ്ഥലവും, വിശാഖപട്ടണത്തിലേക്കുള്ള ശാഖാറെയിൽപാത പുറപ്പെടുന്ന ഒരു ജങ്ക്ഷനുമാകുന്നു. വിജയനഗരം ഈ ജില്ലയിലുള്ള ഒരു വലിയ ജമിണ്ടാരിയാണ്.

V) ഗഞ്ചാം:—സംസ്ഥാനത്തിൻെറ ഏററവും വടക്കുള്ള ജില്ലയാണ് ഗഞ്ചാം. ഒറിയഭാഷ സംസാരിച്ചുവരുന്ന ഇതിൻെറ വടക്കുകിഴക്കുഭാഗം പുതിയ ഒറീസ്സാസംസ്ഥാനത്തോടു് ഇടക്കാലത്തിൽ ചേൎത്തിരിക്കുന്നു. ഭൂപ്രകൃതിയിൽ ഇതു വിശാഖപട്ടണം ജില്ല പോലെതന്നെ. ഈ ജില്ലയിൽ പൂൎവ്വഘട്ടങ്ങളുടെ ശൈലമായ മഹേന്ദ്രഗിരിക്കു 4,920 അടി ഉയരമുണ്ടു്. വംശധര, ഋഷികുല്യ എന്ന രണ്ടു പുഴകൾ ഈ

ജില്ലയിൽക്കൂടി ഒഴുകുന്നു. ഋഷികുല്യയിൽ അണകെട്ടി വെള്ളം തിരിച്ചു് ഏതാനും സ്ഥലം കൃഷിചെയ്യുന്നുണ്ടു്. തീരപ്രദേശം പ്രായേണ ഫലപുഷ്ടിയുള്ളതാണു്. നെല്ലും കരിമ്പുമാണു് പ്രധാന കൃഷികൾ. ജില്ലയിലെ മുഖ്യപട്ടണങ്ങൾ ശ്രീക്കാകുളം, ബ്രഹ്മപുരം, ആസ്കാ എന്നിവയാകുന്നു. ആസ്കാനഗരം പഞ്ചസാര ഉണ്ടാക്കുന്ന സ്ഥലമാണു്. ഈ ജില്ലയിൽ പാർലിക്കമെഡി എന്നൊരു വലിയ ജമിണ്ടാരിയുണ്ടു്.

അദ്ധ്യായം 19.

പീഠദേശജില്ലകൾ

കടപ്പ, കർണ്ണൂൽ, ബെല്ലാരി, ആനന്ദപുരം എന്നിവയാകുന്നു ഈ ജില്ലകൾ. ഹൈദരാബാദിന്നു തെക്കും, മൈസൂർ രാജ്യത്തിന്നു വടക്കുകിഴക്കും ആയിട്ടാണു് ഇവ കിടക്കുന്നതു്. ദക്ഷിണഖണ്ഡപീഠഭൂമിയുടെ ഒരു ഭാഗമാണു് ഈ ജില്ലകൾ എന്നു മുമ്പു പറഞ്ഞുവല്ലൊ. ഇവയുടെ അധികഭാഗത്തിന്നും സമുദ്രനിരപ്പിൽനിന്നു 1,200 മുതൽ 3,000 അടിവരെ പൊക്കമുണ്ടു്. കടപ്പജില്ലയിൽ പെണ്ണാർനദീതടത്തിൽ ഒരു ചെറിയ ഭാഗം മാത്രമേ ഏതാനും താണ പ്രദേശമുള്ളു. കർണ്ണൂൽ, കടപ്പ, ആനന്ദപുരം എന്നീ ജില്ലകളിൽ പൂർവ്വഘട്ടനിരകൾ, രണ്ടു പംക്തികളായി, വടക്കുതെക്കായി കിടക്കുന്നുണ്ടു്. ബെല്ലാരിയിലും ചില ചെറിയ നിരകൾ ഉണ്ടു്. തുംഗഭദ്രയുടെ ചില പോഷകനദികളും പെണ്ണാറുമാണു് ഇവിടത്തെ പ്രധാ

ന നാദികൾ. ഇവിടെ മഴ ചുരുക്കമാണ്. വെള്ളം അ ധികം ആവശ്യമില്ലാത്ത പരുത്തിയും എണ്ണവിത്തു കളും, ചോളം, മുത്താറി, കമ്പു എന്ന ധാന്യങ്ങളു മാണ് ഇവിടത്തെ പ്രധാന കൃഷി. പുൽപ്രദേശ ങ്ങളിൽ ആടുമാടുകളേയും ധാരാളമായി വളൎത്തുന്നു ണ്ട്. മദ്രാസ്സ്—ബോമ്പെ തീവണ്ടിപ്പാത ഈ ജി ല്ലകളിൽക്കൂടിപോകുന്നു. ജനങ്ങളുടെ ഭാഷ തെലു ങ്കും കന്നാടകവുമാണ്.

i) കടപ്പ—ഈ ജില്ല വടക്കൻ ആൎക്കാടിന്റെ ഉത്തരഭാഗത്തും നെല്ലൂർ ജില്ലയുടെ പടിഞ്ഞാറുമായി കിടക്കുന്നു. പ്രധാന വിളവു പരുത്തിയാണ്. നില ത്തു വിരിക്കുന്ന കടപ്പക്കല്ല് ഈ ജില്ലയിൽനിന്നാ ണ് പല സ്ഥലങ്ങളിലേക്കും കയററി അയക്കുന്നതു്. ജില്ലയുടെ മദ്ധ്യത്തിൽ തീവണ്ടിമാൎഗ്ഗത്തിന്മേലുള്ള കടപ്പയാണ് മുഖ്യ പട്ടണവും ഭരണകേന്ദ്രവും.

ii) **കൎണ്ണൂൽ**:—കടപ്പ ജില്ലയുടെ വടക്കാണ് ഈ ജില്ല. ഇതിന്റെ വടക്കെ അതിരു തുംഗഭദ്രയും കൃഷ്ണാനദിയുമാണ്. ജില്ലയിലുള്ള പൂൎവ്വഘട്ടനിരക ൾക്കു നല്ലമല എന്നും ഏലമലയെന്നും പറയുന്നു. പ്ര ധാനകൃഷി പരുത്തിയും, ചോളം, കമ്പ്, മുത്താറി എന്ന ധാന്യങ്ങളുമാണ്. തുംഗഭദ്രയുടെ കരക്കു സ്ഥിതിചെയ്യുന്ന കൎണ്ണൂൽ ആണ് പ്രധാനപട്ടണം. കമ്പം ഏരി ഈ ജില്ലയിലാണ്. ജില്ലയുടെ മദ്ധ്യ ത്തിലായി ബംഗനപ്പിള്ളി എന്ന ചെറിയ നാട്ടുരാ ജ്യവും കിടക്കുന്നു.

iii) **ബെല്ലാരി**:—ഈ ജില്ലയുടെ പടിഞ്ഞാറും വടക്കും അതിരായി തുംഗഭദ്രാനദി ഒഴുകുന്നു. തെക്കു മൈസൂർരാജ്യമാണു്. ആടുവളർത്തലും പരുത്തികൃഷിയും ആണു് ഇവിടെയുള്ള ജനങ്ങളുടെ പ്രധാന തൊഴിലുകൾ. ജില്ലയുടെ ഭരണകേന്ദ്രമായ ബെല്ലാരിപട്ടണം ബോംബെയിലേക്കുള്ള തീവണ്ടിമാർഗ്ഗത്തിൽസ്ഥിതിചെയ്യുന്നു. രോമവ്യവസായത്തിന്നും, സാൽവകൾക്കും കീർത്തിപ്പെട്ടതാണു് ഈ സ്ഥലം. ജില്ലയിലുള്ള അധോണി എന്ന പട്ടണത്തിൽ പരുത്തിവ്യവസായം നടത്തിവരുന്നു. ഹോസ്പെട്ട് വേറൊരു പ്രധാന സ്ഥലമാണു്. പുരാതനകാലത്തെ വിജയനഗരസാമ്രാജ്യത്തിൻെറ കേന്ദ്രസ്ഥാനം ഈ ജില്ലയിലുള്ള ഹംപി എന്ന സ്ഥലത്തിന്നടുത്തായിരുന്നു. ജില്ലയിൽ പല സ്ഥലങ്ങളിലും മഹാരാഷ്ട്രരും, വിജയനഗരരാജാക്കന്മാരും പണിയിച്ച കോട്ടകൾ ഉണ്ടു്. സാന്ദൂർ എന്ന ചെറിയ നാട്ടുരാജ്യം ഈ ജില്ലയിലാണു്.

iv) **ആനന്ദപുരം**:—ഈ ജില്ലയും മൈസൂർ രാജ്യത്തിൻെറ വടക്കാണു്. പരുത്തിയും എണ്ണബീജങ്ങളുമാണു് ഇവിടത്തെ മുഖ്യ വിളവുകൾ. ജില്ലയുടെ ഭരണകേന്ദ്രം ആനന്ദപുരം പട്ടണമാകുന്നു. ഇവിടെ ഒരു ഉയൎന്നതരം കലാശാലയുണ്ടു്. ഗൂടി എന്ന സ്ഥലത്തു് ഒരു ഒന്നാന്തരം മലക്കോട്ടയുണ്ടു്. ഗുണ്ടക്കൽ, ധൎമ്മവാരം എന്ന സ്ഥലങ്ങൾ തീവണ്ടി സംഗമസ്ഥാനങ്ങളാണു്.

—*—

അദ്ധ്യായം 20.

ഉന്നതമലപ്രദേശത്തുള്ള നീലഗിരിജില്ല.

നീലഗിരിജില്ല പൂർവ്വഘട്ടങ്ങളും പശ്ചിമഘട്ടങ്ങളും സംയോജിക്കുന്നതായ ഉന്നതപ്രദേശമാണു്. അതു മുഴുവനും മലനിരകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. നിരകളുടെ മുകൾഭാഗം ചില സ്ഥലങ്ങളിൽ വിസ്താരം കൂടിയതുമാകുന്നു. ജില്ലയുടെ മിക്ക ഭാഗവും 6,000 അടിയലധികം ഉയരമുണ്ടു്. ചരിവു വടക്കുപടിഞ്ഞാറുനിന്നു തെക്കുകിഴക്കോട്ടേക്കാണു്. ഡൊഡബെട്ടയാണു് ഏററവും ഉന്നതമായ കൊടുമുടി. അതിന്നു 8,780 അടി പൊക്കമുണ്ടു്. പ്രകൃതിരമണീയമായ കാഴ്ചകൾ ഈ ജില്ലയിൽ വളരെയുണ്ടു്. ഭവാനിയുടെ പോഷകനദികളായ പൈക്കാറയും, മോയാറും മലകൾക്കിടയിൽക്കൂടി ഒഴുകുന്നു. പൈക്കാറ നദിയിലെ വെള്ളച്ചാട്ടത്തിൽനിന്നു വിദ്യുച്ഛക്തിയെടുത്തു ശേഖരിച്ചു ദൂരെയുള്ള പല സ്ഥലങ്ങളിലേക്കും കമ്പികൾ വഴിക്കു കൊണ്ടുപോയി, വ്യവസായങ്ങൾ നടത്തുവാനും വിളക്കു കത്തിക്കുവാനും ഉപയോഗിക്കുന്നു.

നീലഗിരി ജില്ലയിലെ കാലാവസ്ഥ മിതശീതോഷ്ണവും സുഖകരവുമാണു്. മഴ ധാരാളമുണ്ടു്. ശീതോഷ്ണമേഖലയിലെ മുന്തിരി, ആപ്പിൾ മുതലായ പഴങ്ങളും, മൊട്ടഗ്രസ്, ഉരുളക്കിഴങ്ങു് തുടങ്ങിയ കായ്കനികളും, പയിൻ, യൂക്കാലിപ്പ്ടസ്സ് മുതലായ വൃക്ഷങ്ങളും ഇവിടെയുണ്ടാകുന്നു. മലഞ്ചെരിവുകളിൽ കാപ്പിത്തോട്ടങ്ങളും ചായത്തോട്ടങ്ങളും വളരെയു

ണ്ടു്. ഈ പ്രദേശം യൂറോപ്യന്മാർക്കു വസിക്കുവാൻ പററിയതാണു്.

നീലഗിരി മലകളിൽ അപരിഷ്കൃതരായ ടോഡർ എന്ന ആദിമവർഗ്ഗക്കാർ പാർക്കുന്നുണ്ടു്. എത്ര ശ്രമിച്ചിട്ടും അവരെ പരിഷ്ക്കരിക്കുവാൻ സാധിച്ചിട്ടില്ല. എരുമകളെ വളർത്തിയും, എരുമപ്പാൽ വിററും, കാട്ടുമൃഗങ്ങളെ വേട്ടയാടിയും ഇവർ ഉപജീവനം കഴിച്ചുവരുന്നു.

വളരെ ബുദ്ധിസാമർത്ഥ്യം ഉപയോഗിച്ചും, പണിപ്പെട്ടും, ധനവ്യയംചെയ്തും നീലഗിരിയിലേക്കു് ഒരു തീവണ്ടിമാർഗ്ഗം നിർമ്മിച്ചിട്ടുണ്ടു്. കോയമ്പത്തൂർ പട്ടണത്തിൽനിന്നു നേരെ വടക്കുള്ള മേട്ടുപ്പാളയംവരെ തീവണ്ടിക്കു വലിയ കയററങ്ങൾ കയറുവാനില്ല. ഇവിടെനിന്നു മുകളിലേക്കുള്ള റെയിലുകളും വണ്ടിച്ചക്രങ്ങളും ഒരു പ്രത്യേകതരമാണു്. ചക്രങ്ങളിൽ പല്ലുകളും, പാളങ്ങളിൽ അറപ്പുകളും ഉണ്ടു്. വണ്ടി കീഴ്പോട്ടു് ഉരസിപ്പോകാതിരിപ്പാനുള്ള ഒരു വിദ്യയാണിതു്. റെയിൽമാർഗ്ഗത്തെ ഏതാനും അടുപ്പിച്ചു്, റോഡുകളും നീലഗിരിയിലേക്കു വെട്ടീട്ടുണ്ടു്. ഇവയിൽക്കൂടെ മോട്ടോർവണ്ടികളിൽ ജില്ലക്കു വടക്കുള്ള മൈസൂർ രാജ്യത്തേക്കു പോകാം.

നീലഗിരിയിൽ തീവണ്ടി കയറി എത്തുന്ന ഒന്നാമത്തെ പട്ടണം കുന്നൂരാണു്. ഇവിടെ വേനൽക്കാലങ്ങളിൽ സുഖമെടുത്തു താമസിക്കുന്നവരിൽ അധികം ഭാഗവും ഇന്ത്യക്കാരാകുന്നു. അതിശൈത്യം ഇവിടെ തോന്നുന്നില്ല. നാട്ടുരാജാക്കന്മാരുടേയും പ്ര

ഭുക്കന്മാരുടേയും വകയായി വളരെ കെട്ടിടങ്ങൾ ഇവിടെയുണ്ടു്. പട്ടിവിഷത്തിന്നു ചികിത്സിക്കുന്ന പ്രധാന ആസ്പത്രി ഇവിടെയാണു്. പവ്വതറെയിൽമാൎഗ്ഗം അവസാനിക്കുന്ന സ്ഥലമായ ഉൗട്ടക്കമെണ്ടു് ജില്ലയുടെ ഭരണസ്ഥാനവും മദിരാശി ഗവമ്മേണ്ടിൻെറ വേനൽക്കാലത്തെ തലസ്ഥാനവുമാകുന്നു. ഇവിടെ കുന്നൂരേക്കാൾ തണുപ്പു് കൂടുതൽ ആണു്. യൂറോപ്യന്മാൎക്കു് ഈ സ്ഥലമാണു് അധികം ഇഷ്ടം. ഇവിടെ ഒരു വിശേഷപ്പെട്ട ഉദ്യാനവും, മദിരാശി ഗവണ്ണരുടേയും പ്രഭുക്കന്മാരുടേയും ബങ്കുളാവുകളും ഉണ്ടു്. ഇവിടെനിന്നു മൂന്നു നാഴിക ദൂരെയുള്ള വെല്ലിംഗ്ടൻ ഇംഗ്ലീഷു സൈന്യത്തിൻെറ ഒരു സങ്കേതസ്ഥാനമാണു്.

അദ്ധ്യായം 21.
ഭരണം

മദിരാശി ഗവണ്ണരാണു് സംസ്ഥാനം ഭരിക്കുന്നതു്. ഇദ്ദേഹത്തെ നിയമിക്കുന്നതു് ബ്രിട്ടീഷ് ചക്രവത്തി തിരുമനസ്സുകൊണ്ടാണു്. ബ്രിട്ടീഷ് മന്ത്രിയോഗത്തിലെ ഒരംഗമായ ഇന്ത്യാ സിക്രട്ടറിയോടു് ആലോചിച്ചാണു് തിരുമനസ്സുകൊണ്ടു ഗവണ്ണരെ കല്പിച്ചുവെക്കുന്നതു്. സാധാരണയായി ഗവണ്ണരായി തീൎച്ചപ്പെടുത്തുന്നതു കുലമഹിമയും, ബ്രിട്ടീഷ് രാഷ്ട്രജീവിതത്തിൽ പരിചയവും പഴക്കവും ഉള്ള ആളെയാണു്. ഇദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി അഞ്ചു വത്സരമാണു്. ഇന്ത്യാസാമ്രാജ്യം ഭരിക്കുന്ന ഗ

വൎണ്ണർ ജനറൽ അവർകളാണ് ഇദ്ദേഹത്തിൻെറ അടുത്ത മേലധികാരി. ഗൌരവമേറിയ ഭരണകാൎയ്യങ്ങളിൽ ഇദ്ദേഹം ഗവൎണ്ണർ ജനറലോട് ആലോചിച്ചും മേലധികാരിയുടെ കല്പനപ്രകാരവും പ്രവൎത്തിക്കുന്നു.

സംസ്ഥാനഭരണത്തിൽ പങ്കുകൊള്ളുവാൻ രണ്ടു ജനപ്രതിനിധിസഭകൾ ഉണ്ടു്. ഇവ ലെജിസ്ലേററീവ് അസംബ്ലിയും ലെജിസ്ലേററീവ് കൌൺസിലും ആണ്. അസംബ്ലിയിൽ സംസ്ഥാനത്തിലെ ജനങ്ങൾ വോട്ടുചെയ്തു തിരഞ്ഞെടുക്കുന്ന 250 അംഗങ്ങൾ ഉണ്ടു്. മററെ സഭയിൽ ജന്മികൾ മുതലായ നാട്ടുപ്രമുഖന്മാർ തിരഞ്ഞെടുക്കുന്ന 52 അംഗങ്ങളും, ഗവൎണ്ണർ അവർകൾ നിശ്ചയിക്കുന്ന 8 അംഗങ്ങളുമാണ് ഉള്ളതു്. അസംബ്ലിയുടെ കാലാവധി അഞ്ചു കൊല്ലമാണ്. കൌൺസിലിൻെറ കാലാവധി ഒമ്പതുവൎഷമാണ്. പക്ഷേ, ഈ സഭയിൽനിന്നു മുമ്മൂന്നു കൊല്ലംകൂടുമ്പോൾ മൂന്നിലൊരുഭാഗം അംഗങ്ങളെ നീക്കി അത്രയും ആളുകളെ വീതപ്രകാരം പ്രമുഖന്മാർ തിരഞ്ഞെടുക്കുകയും, ഗവൎണ്ണർ നിശ്ചയിക്കുകയും ചെയ്യുന്നു. മേൽ വിവരിച്ചവ രണ്ടും സംസ്ഥാനത്തിലെ നിയമസഭകളാണ്.

രണ്ടു സഭകളുടേയും അദ്ധ്യക്ഷന്മാരും പകരം അദ്ധ്യക്ഷന്മാരും അവതന്നെ അവ ഓരോന്നിലേയും അംഗങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്നവരാണ്. നിയമങ്ങൾ പാസ്സാക്കുക, മദിരാശി ഗവൎമ്മേണ്ടിൻെറ പ്രവൃത്തികളെപ്പററി ചോദ്യം ചോദിക്കുക, ചെയ്യേ

ണ്ട കാൎയ്യങ്ങളെപ്പററി പ്രമേയങ്ങൾ ഉദ്ധരിക്കുക എന്നിവയാണ് സഭകൾ നിൎവ്വഹിക്കുന്ന കൃത്യങ്ങൾ. ഭൂരിപക്ഷം വോട്ടുപ്രകാരമാണ് എല്ലാ കാൎയ്യങ്ങളും തീൎച്ചപ്പെടുത്തുന്നതു്. ഒരു നിയമം അസംബ്ലിയിലും കൌൺസിലിലും വഴിക്കുവഴി പാസ്സാക്കിയശേഷം മദിരാശി ഗവൎണ്ണരും ഗവൎണ്ണർ ജനറൽ അവർകളും യഥാക്രമം സ്വീകരിച്ചു സമ്മതിച്ചതിൽപ്പിന്നെ അതു നടപ്പിൽ വരുന്നു.

സംസ്ഥാനഭരണം നടത്തുന്നതു് ഗവൎണ്ണർ അവർകളും പത്തു മന്ത്രിമാരുള്ള ഒരു മന്ത്രിയോഗവുമാണ്. ഈ യോഗത്തിലെ ഒരംഗം പ്രധാനമന്ത്രിയും, മന്ത്രിയോഗത്തിൻെറ അദ്ധ്യക്ഷൻ ഗവൎണ്ണരും ആകുന്നു. അസംബ്ളിയിൽ ഭൂരിപക്ഷത്തിൻെറ പിൻതാങ്ങലുള്ള തലവനെയാണ് ഗവൎണ്ണർ പ്രധാനമന്ത്രിയായി നിശ്ചയിക്കുന്നതു്. ഇദ്ദേഹം മററുള്ള മന്ത്രിമാരെ സഭകളിലെ അംഗങ്ങളിൽനിന്നു തിരഞ്ഞെടുക്കുകയും അവരെ ഗവൎണ്ണർ മന്ത്രിമാരായി സ്വീകരിച്ചു വെക്കുകയും ചെയ്യുന്നു. ഗവൎമ്മെണ്ടുവകുപ്പുകളിലെ അദ്ധ്യക്ഷന്മാരെല്ലാം മന്ത്രിമാരുടെ കീഴിലാണ്. ഇങ്ങിനെ ജനങ്ങളുടെ പ്രതിനിധികളിൽനിന്നുള്ള മന്ത്രിമാർ സഭയിലെ ഭൂരിപക്ഷാഭിപ്രായപ്രകാരം സംസ്ഥാനഭരണം നടത്തുന്നു. ഈ രീതിയിലുള്ള ഭരണമാണ് ഉത്തരവാദിത്വസ്വയംഭരണം.

ഗവൎമ്മെണ്ടുവകുപ്പുകൾ പലതുമുണ്ടു്. ഇവയിൽ ഒന്നോ അതിലധികമോ വീതം ഓരോ പ്രത്യേകമന്ത്രിമാരുടെ കീഴിലാണ്. മന്ത്രിമാൎക്കുപുറമെ ഓരോ

വകുപ്പിനും അദ്ധ്യക്ഷന്മാരുണ്ട്. നികുതിസംബന്ധമായ കാര്യം നോക്കുന്നതു് റവന്യൂബോർഡാണു്. ഇതിൽ ഭരണവൈദഗ്ദ്ധ്യമുള്ള അംഗങ്ങൾ ഉണ്ട്. ഇവരാണു് മദിരാശി ഗവമ്മേണ്ടിന്റെ മുതലെടുപ്പുകാര്യങ്ങളെ വേണ്ടതുപോലെ നോക്കി തിട്ടപ്പെടുത്തുന്നതു്. റവന്യൂബോർഡ് റവന്യൂമന്ത്രിയുടെ കീഴിലാണു്.

സംസ്ഥാനത്തിലെ ഏറ്റവും ഉയന്ന കോടതി മദിരാശി ഹൈക്കോടതിയാണു്. ഇതിൽ ഇപ്പോൾ പതിന്നാലോളം വിദ്യാസമ്പന്നന്മാരായ ന്യായാധിപതികൾ ഉണ്ട്. ചക്രവത്തി തിരുമനസ്സുകൊണ്ടാണു് തീട്ടൂരം കൊടുത്തു് ഇവരെ ഉദ്യോഗത്തിൽ വെക്കുന്നതു്. ഡിസ്ത്രിക്ട ജഡ്ജിമാരും, സബ്ബ്ജഡ്ജിമാരും, മൻസിഫ്മാരും യഥാക്രമം ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരുടെ കീഴിലുള്ള ന്യായാധികാരികളാണു്. അതുപോലെതന്നെ ഡിസ്ത്രിക്ട മജിസ്ത്രേട്ടുമാരും, തുക്കിടികളും, സബ്മജിസ്ത്രേട്ടുമാരും, ഹൈക്കോടതി ജഡ്ജിമാരിൽനിന്നു ക്രമേണ താണ ന്യായാധിപന്മാരാണു്. ആദ്യത്തെ വകുപ്പുകാർ സിവിൽനിയമവും രണ്ടാമത്തെ വകുപ്പുകാർ ക്രിമിനൽ നിയമവും നടത്തുന്നു. എന്നാൽ കൊലക്കുററം സംബന്ധിച്ചുള്ള കേസ്സു വിചാരണചെയ്തു വിധിക്കുന്നതു് ഡിസ്ത്രിക്ട മജിസ്ത്രേട്ടുമാരല്ല; ഡിസ്ത്രിക്ട് ജഡ്ജിമാരും, പിന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ജഡ്ജിമാരുമാണു്.

സംസ്ഥാനത്തിലെ ഓരോ ജില്ലയുടേയും ഭരണാ

ധികാരി ഡിസ്ത്രിക്റ്റ് കലക്കടർ ആകുന്നു. ജില്ലയിലെ നിലനികതിപിരിവും ആദായനികുതിപിരിവും സമാധാനരക്ഷയും ഇദ്ദേഹത്തിൻെറ ചുമതലകളാണ്. ഈ ജില്ലയിലുള്ള ഖജാനകളെ സംബന്ധിച്ചും പയ്യവസാനത്തിൽ ചുമതല ഇദ്ദേഹത്തിനുതന്നെ. കലക്കടർ ജില്ലയിലെ ഡിസ്ത്രിക്കട് മജിസ്ത്രേട്ടുമാണ്. കലക്കടർമാരെല്ലാം റവന്യൂ ബോർഡിൻെറ കീഴിലാണ്.

ഓരോജില്ലകളിലും ഉള്ള താലൂക്കുകളെ രണ്ടോ മൂന്നോ വീതം കൂട്ടിച്ചേർത്ത് ഇങ്ങിനെയുള്ള ഓരോ വിഭാഗത്തിനേയും ഭരിപ്പാൻ ത്രക്കിടിയെ (ഡിവിഷനൽ ഓഫീസരെ) നിയമിച്ചിട്ടുണ്ട്. കലക്കടക്കു ജില്ലയെ ഒട്ടാകെ സംബന്ധിച്ച ചുമതലയുള്ള പോലെ, ത്രക്കിടിക്ക് അദ്ദേഹത്തിൻെറ കീഴിലുള്ള താലൂക്കുകളെപ്പററി ചുമതലയുണ്ടു്. ത്രക്കിടിമാർ കലക്കടർമാരുടെ കീഴിലാണ്. അതുപോലെത്തന്നെ ഓരോ തല്ലൂക്കിലും ഓരോ താസിൽദാരുണ്ടു്. താസിൽദാർ ത്രക്കിടിയുടെ കീഴിലാണ്. താസിൽദാക്കു നിലനികതിയേയും നിലത്തേയും സംബന്ധിച്ചുള്ള ചുമതല മാത്രമേ ഉള്ളു. ഓരോ താലൂക്കിലും താസിൽദാരുടെ കീഴിൽ ഡെപ്യൂട്ടി താസിൽദാർമാരുമുണ്ടു്. ഇവർ സബ്ബ് മജിസ്ത്രേട്ടുമാരുംകൂടിയാണ്. ഈ ജോലിയെസംബന്ധിച്ച് ഇവർ ത്രക്കിടിയുടെ നേരെ കീഴിലുമാണ്.

ഓരോ താലൂക്കിനേയും അംശങ്ങളായി വിഭാഗിച്ചിട്ടുണ്ടു്. അംശങ്ങളിലെ നിലനികതിപിരി

ക്കുന്നതു് അധികാരിയാണു്. ഇദ്ദേഹത്തിന്നു ചുരുക്കത്തിൽ സിവിൽ അധികാരവും ക്രിമിനൽ അധികാരവുംകൂടി ഉണ്ടു്. ഇങ്ങിനെയാണു് ഓരോ ജില്ലയും ഭരിക്കുന്നതു്.

ജില്ലയിലെ മററു പ്രധാന ഉദ്യോഗസ്ഥന്മാർ, ഡിസ്ത്രിക്ടു്ജഡ്ജി, ഡിസ്ത്രിക്ടുപോലീസ്സ് സൂപ്രണ്ടു്, ഡിസ്ത്രിക്ടുവിദ്യാഭ്യാസ ഓഫീസർ, ഡിസ്ത്രിക്ടു റജിസ്ത്രാർ, ഡിസ്ത്രിക്ടു് ഡാക്കടർ, ഡിസ്ത്രിക്ടുപോസ്റ്റു്മാസ്റ്റർ എന്നിവരാകുന്നു.

ജില്ലയിലെ റോഡുകരം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ, നാട്ടുപുറങ്ങളിലുള്ള ചെറിയ ആസ്സത്രികരം എന്നിവയെപ്പററിയുള്ള കായ്യങ്ങരം ഡിസ്ത്രിക്ടു ബോർഡാണു് നിവ്വഹിക്കുന്നതു്. ഇതിലെ അംഗങ്ങരം ജില്ലയിലെ ജനങ്ങളുടെ പ്രതിനിധികളാണു്.

സംസ്ഥാനത്തിലെ നഗരങ്ങളിലെല്ലാം മുൻസിപ്പാലിററി യോഗങ്ങളുണ്ടു്. നഗരജനങ്ങളാണു് മുൻസിപ്പാൽ യോഗത്തിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു്. നഗരശുചീകരണം, വിളക്കുവെപ്പു് റോഡു നന്നാക്കൽ, ജലവിതരണം, വിദ്യാഭ്യാസം എന്നീ പൊതുക്കായ്യങ്ങളെ നഗരയോഗങ്ങരം നടത്തുന്നു. ഇതിന്നുവേണ്ട പണം വീട്ടുനികുതി, ശുചീകരണ നികുതി, തൊഴിൽനികുതി, വിനോദനികുതി മുതലായവ നഗരജനങ്ങളിൽ ചുമത്തി പിരിച്ചെടുക്കുന്നതുമുണ്ടു്.

മദിരാശി ഗവമ്മേണ്ടും മുൻസിപ്പാലിററികരംക്കു് ചുരുങ്ങിയ ധനസഹായം ചെയ്യുന്നുണ്ടു്. മുൻ

സിപ്പാൽ യോഗങ്ങൾ ഗവമ്മേണ്ടിന്നു വരവുചിലവു കണക്കുകൾ ബോധിപ്പിക്കുകയും വേണം. വലിയ മുൻസിപ്പാലിററികളുടെ മേൽനോട്ടത്തിന്നായി ഗവമ്മേണ്ടിൽനിന്നു കമ്മീഷണർമാരെനിയമിച്ചിട്ടുണ്ടു്.

——:o:——

പൌരധമ്മം.

1) പോലീസ്:—നിങ്ങളുടെ സ്ഥലത്തു പോലീസ് സ്റ്റേഷൻ ഇല്ലേ? പോലീസുകാർ നിങ്ങളുടെ വില്ലേജിലേക്കു് ഇടയ്ക്കിടെ വരുന്നതു നിങ്ങൾ കണ്ടിരിക്കണം. ഒരു പോലീസ് സ്റ്റേഷനിൽ കോൺസ്റ്റബിൾമാരും, ഹെഡ്കോൺസ്റ്റബിളും, പോലീസ് സബ്ബ് ഇൻസ്പെക്ടരും ഉണ്ടായിരിക്കും. സബ്ബ് ഇൻസ്പെക്ടർ മററുള്ളവരുടെ മേലധികാരിയാണു്. നമ്മുടെ രാജ്യത്തിൽ ഓരോ താലൂക്കിലും പ്രധാന സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനും, പോലീസ്സുദ്യോഗസ്ഥന്മാരും ഉണ്ടു്. ഇവരുടെപ്രവൃത്തികളെ പരിശോധിപ്പാനും മററുമായി മൂന്നു ഡിവിഷനൽ ഇൻസ്പെക്ടർമാരും രണ്ടു ഡെപ്യൂട്ടികമ്മീഷണർമാരും, പോലീസ്സുദ്യോഗസ്ഥന്മാരുടെയെല്ലാം മേലധികാരിയായി ഒരു പോലീസ്സ്കമ്മീഷണരും ഉണ്ടു്. രാജ്യത്തിൽ എന്തിനാണു് പോലീസ്സുകാരെ നിയമിച്ചിരിക്കുന്നതു്?

എല്ലാ ജനങ്ങളുടേയും സ്വഭാവം ഒരുപോലെയല്ല, തങ്ങളുടെ ജോലിനോക്കി, തങ്ങൾക്കുള്ള വക കൊണ്ടു് സദ്വൃത്തിയോടുകൂടി ജീവിതം നയിക്കുന്നവരും, അങ്ങിനെയല്ലാതെ മോഷണം, കവച്ച്, ചതി മുതലായ ദുഷ്പ്രവൃത്തികൾകൊണ്ടു ജീവിതം കഴി

ക്കാൻ തോന്നുന്നവരും, ക്രോധം, അസൂയ, മത്സരബുദ്ധി മുതലായ ദോഷങ്ങളാൽ പ്രേരിതരായി കഠിനമായ പരദ്രോഹം ചെയ്യുന്നവരും ഉണ്ടു്. ഈ രണ്ടാമത്തെ കൂട്ടർ ഒരു രാജ്യത്തിന്റെ ക്ഷേമത്തെ ഒരു വിഷമെന്നപോലെ ചീത്തയാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. രാജ്യത്തെങ്ങും ജനങ്ങൾക്കു സമാധാനമായിരിപ്പാനും, കളവു, ചതി, കവൎച്ച, കൊല മുതലായ ദുഷ്കൎമ്മങ്ങളെ തടയുവാനും, ആ ദുഷ്കൃത്യങ്ങൾ ചെയ്യുവരെ കണ്ടുപിടിച്ചു നിയമാനുസരണം ശിക്ഷിപ്പാനുമാണു് പോലീസ്സുകാർ.

കയ്യേററമോ, കളവോ, കൊലയോ മററോ ഒരു സ്ഥലത്തുണ്ടായാൽ അവിടത്തെ പോലീസ്സുകാർ അതിനെപ്പററി ഉടനെ ശ്രദ്ധമായി അന്വേഷണം നടത്തി കുററക്കാരെ കണ്ടുപിടിച്ചു്, ബന്ധവസ്ഥയിലാക്കി, താമസിക്കാതെ താലൂക്കിലെ മജിസ്ത്രേട്ടിന്റെ മുമ്പാകെ ഹാജരാക്കുന്നു. കുററത്തിന്റെ ഗൌരവം അനുസരിച്ചു മജിസ്ത്രേട്ടു കക്ഷിയെ ജാമ്യത്തിൽ വിടുകയോ, പോലീസുകാരുടെ ബന്ധവസ്ഥയിൽ വെപ്പിക്കയോ ചെയ്യുന്നു. പിന്നീടു മജിസ്ത്രേട്ടു കേസ്സു് വിചാരണ ചെയ്യുമ്പോൾ കുററം തെളിയിക്കേണ്ടതു് പോലീസുകാരുടെ ചുമതലയാണു്. കുററം തെളിഞ്ഞാൽമജിസ്ത്രേട്ടു കുററക്കാരനു ശിക്ഷ കല്പിക്കുകയും തടവുശിക്ഷയാണെങ്കിൽ പോലീസ്സധികാരികൾ മുഖേന കുററക്കാരനെ വിയ്യൂർ ജെയിലിലേക്കു് അയക്കുകയും ചെയ്യുന്നു. ഇങ്ങിനെ ക്രിമിനൽകുററം ചെയ്യുന്നവരെ കണ്ടുപിടിച്ചു തെളിവുകൊടുത്തു ശിക്ഷിപ്പി

ക്കകയും, ന്യായാധികാരികളെ നീതിന്യായനടവടികളിൽ സഹായിക്കുകയും ചെയ്യുന്നതു പോലീസുകാരുടെ മുഖ്യ ചുമതലയാണു്.

പോലീസുകാർ രാവുംപകലും വില്ലേജുകളിലും നഗരങ്ങളിലും ബീററുപോകുന്നതും, ഉത്സവം, പൂരം, വേല മുതലായ ആഘോഷങ്ങൾ നടക്കുമ്പോൾ ജനത്തിരക്കിൽ നടന്നുകൊണ്ടിരിക്കുന്നതും, സമാധാനരക്ഷയ്ക്കും കളവു മുതലായ ദുഷ്കൃത്യങ്ങളെ തടയുവാനുമാണു്. വലിയ പട്ടണങ്ങളിൽ റോഡുകൾ കൂട്ടിമുട്ടുന്ന സ്ഥലങ്ങളിൽ പോലീസ്സുകാർനിന്നു്, വഹനങ്ങളുടെ ഗതിയെ ക്രമീകരിച്ചു് അപായം വരാതെ നോക്കുന്നു. ഖജാനകളിലും, കോടതികളിലും ചില വലിയ ആപ്പീസ്സുകളിലും അവർ രാവും പകലും പാറാവുനില്ക്കുന്നു. ചുരുക്കത്തിൽ പ്രജകളുടെ ദേഹരക്ഷയ്ക്കും, ധനരക്ഷയ്ക്കും ഗവർമ്മേണ്ടിന്റെ അലംഘ്യമായ അധികാരം നടത്തുവാനുമാണു് പോലീസ്സുസൈന്യത്തെ നിയമിച്ചിരിക്കുന്നതു്.

ii) അഞ്ചൽ ആപ്പീസുകളും പോസ്റ്റാപ്പീസ്സുകളും:—നിങ്ങളുടെ സ്ഥലത്തു അഞ്ചൽ ആപ്പീസ്സും പോസ്റ്റാപ്പീസ്സും ഉണ്ടോ? അവ തമ്മിൽ എന്താണു് വ്യത്യാസം? നമ്മുടെ രാജ്യത്തിൽ പ്രധാനപ്പെട്ടസ്ഥലങ്ങളിലെല്ലാം അഞ്ചലാപ്പീസുകൾ ഉണ്ടെന്നും, ഒരു സ്ഥലത്തുനിന്നു മറേറതു സ്ഥലത്തേയ്ക്കും എഴുത്തുകൾ മുതലായവ അയപ്പാൻ സൌകര്യം ഉണ്ടെന്നും നിങ്ങൾ മുമ്പു പഠിച്ചുവല്ലൊ. ഇതുപോലെതന്നെ തിരുവിതാംകൂറിലുള്ള ഏതു സ്ഥലത്തേക്കും നമ്മുടെ രാ

ജ്യത്തുള്ള അഞ്ചലാപ്പീസ്സുകളിൽനിന്നു് എഴുത്തുക ളും മററും അയക്കാം. നമ്മുടെ രാജ്യത്തിലെ ഗവ ൎമ്മേണ്ടും, തിരുവിതാംകൂർ ഗവൎമ്മേണ്ടും തമ്മിൽ അ ഞ്ചൽവിഷയത്തിൽ ഇങ്ങിനെ ഒരു ഐക്യമുണ്ടു്. എ ന്നാൽ ബ്രിട്ടീഷ് ഇന്ത്യയിലും, ഇതരനാട്ടുരാജ്യങ്ങളി ലുമുള്ള നാനാസ്ഥലങ്ങളിലേക്കും കത്തുകൾ മുതലായ വ അയക്കുന്നതു് തപാലാപ്പീസ്സുവഴിക്കു വേണം. എ ല്ലാ സംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും ഇന്ത്യാ ഗവൎമ്മേണ്ടിന്റെ വക പോസ്റ്റാപ്പീസ്സുകൾ ഉണ്ടു്. ഇവയ്ക്കും, അഞ്ചലാപ്പീസ്സുകൾക്കും തമ്മിൽ യാതൊരു സംബന്ധവുമില്ല. അതുകൊണ്ടു മദിരാശിക്കോ, മൈ സൂരിലേയ്ക്കോ മറേറാ പോകേണ്ട എഴുത്തിനെ അഞ്ച ൽമുദ്രപതിച്ചു് അഞ്ചൽപെട്ടിയിൽ ഇട്ടാൽ അയപ്പാ ൻ തരമില്ല. ഇങ്ങിനെയുള്ള എഴുത്തിന്മേൽ തപാൽമു ദ്രപതിച്ചു തപാൽപെട്ടിയിൽ ഇട്ടാൽ മാത്രമെ അതു് എത്തേണ്ട ദിക്കിലെത്തുകയുള്ളു. എന്നുമാത്രമല്ല, ത പാൽവഴിക്കു ലോകത്തിലെ ഏതു രാജ്യത്തേക്കും, നി രക്കുപ്രകാരം മുദ്രപതിച്ചാൽ, എഴുത്തുകൾ മുതലാ യവ അയക്കാവുന്നതാണ്. ഇതാണ് അഞ്ചലാപ്പീ സ്സിന്നും തപാലാപ്പീസ്സിന്നും തമ്മിൽ വ്യത്യാസം.

അഞ്ചൽവഴിക്കു, അര ഉറുപ്പികത്തൂക്കംവരെയു ള്ള ഒരു കത്തയപ്പാൻ അരയണ ചിലവുണ്ടു്. അര യണയ്ക്കു മുദ്രവാങ്ങി ലക്കോട്ടിന്മേൽ പതിക്കുകയോ, അരയണയ്ക്കു ലക്കോട്ടുവാങ്ങി അതിൽ എഴുത്തു് അ ടക്കം ചെയ്യുകയോ വേണം. തപാൽവഴിക്കു് ഇങ്ങി നെയുള്ള ഒരെഴുത്തു അയപ്പാൻ 1½ണ. ചിലവുണ്ടു്.

അഞ്ചലിൽ 1½ ഉറുപ്പികത്തൂക്കംവരെയുള്ള എഴുത്തി ന്നു് ഒന്നരണയും പിന്നെ ഓരോ 2½ ക. തൂക്കത്തിന്നു് ഓരോ അണയുമാണു്. ഒരു കത്തു റജിസ്ത്രാക്കിയാൽ വിലാസക്കാരൻ അതു കിട്ടി എന്നു രശീതി ഒപ്പിട്ടു കൊടുക്കണം. കത്തു് ഉടമസ്ഥന്നുതന്നെ കിട്ടേണ്ട ഉറപ്പിന്നാണു് റജിസ്ത്രു് ചെയ്യുന്നതു്. അതിന്നു സാധാരണയുള്ള കൂലിക്കു പുറമെ അഞ്ചലിൽ 2¼ അണയുള്ള മുദ്രയും, തപാലിൽ 3 അണയുള്ള മുദ്രയും, മുൻകൂറായി അയയ്ക്കുന്ന ആൾ പതിക്കണം. ഇതു് അയയ്ക്കുമ്പോൾ അയയ്ക്കുന്ന ആപ്പീസ്സിൽനിന്നു രശീതിയും തരും.

അഞ്ചൽവഴിക്കും തപാൽവഴിക്കും പണവും അയക്കാം. അഞ്ചലാപ്പീസ്സു മുഖേന പണം അയയ്ക്കുന്നതിന്നു ഹുണ്ടി എന്നും, തപാൽവഴിക്കാണെങ്കിൽ മണിഓർഡർ എന്നും പ്രത്യേകപേരുകൾ പറയുന്നു. പണം അടയ്ക്കുന്നതു്, ഹുണ്ടി അല്ലെങ്കിൽ മണിഓർഡർ ഫോറം വാങ്ങി, അതിൽ വേണ്ട സ്ഥലങ്ങളിൽ അയക്കുന്ന സംഖ്യ അക്ഷരത്തിലും, കിട്ടേണ്ട ആളുടെ പേരും മേൽവിലാസവും, അയക്കുന്ന ആളുടെ ഒപ്പും അയക്കുന്ന തിയ്യതിയും, അയക്കുന്ന ആളുടെ പേരും വിലാസവും മററും എഴുതി മാസ്റ്ററുടെ പക്കൽ അതൊരുമിച്ചു സംഖ്യയും കമ്മീഷനും കൊടുക്കണം. അഞ്ചലിൽ അഞ്ചുറുപ്പികവരെ ഒരണയും, പത്തുറുപ്പികവരെ ഒന്നരണയും, ഇരുപത്തഞ്ചുറുപ്പികവരെ മൂന്നണയുമാണു് കമ്മീഷൻ. തപാലിൽ 10ക. വരെ രണ്ടണയും, 25ക. വരെ നാലണയുമാണു് കമ്മീഷൻ. പ

ണം അയക്കുമ്പോഠം സംഖ്യയും കമ്മീഷനും കാണി ച്ചു രശീതി തരികയും, പിന്നീടു പണംകിട്ടിയ ആളു ടെ ഒപ്പും, തിയ്യതിയുമുള്ള രശീതി തരികയും ചെയ്യും.

പ്രധാനപ്പെട്ട തപാൽ ആപ്പീസ്സുകളിൽ കമ്പി അടിപ്പാനും ഏർപ്പാടുണ്ടു്. അടിയന്തരവൎത്തമാനങ്ങ ഠം അറിയിക്കുന്നതു കമ്പിവഴിക്കാണു്. കമ്പിസന്ദേ ശത്തിലെ വാക്കുകഠം ചുരുക്കമായിരിക്കണം. മേൽവി ലാസവും വൎത്തമാനവുംകൂടി എട്ടു വാക്കാണെങ്കിൽ ഒമ്പതണയും, കൂടുതൽ ഓരോ വാക്കിന്നു് ഓരോ അ ണ വീതവും കൂലി മുദ്രപ്പത്തിൽ കമ്പി അടക്കുന്ന ഫാറത്തിന്മേൽ പതിക്കണം. ഇതിന്നും രശീതി ത രും. കമ്പി മണിഓർഡർ അയക്കുന്നതിന്നു സംഖ്യ യ്ക്കുള്ള കമ്മീഷന്നുപുറമെ കമ്പി അയപ്പാനുള്ള ചി ലവും കൂടി കൊടുക്കണം.

iii) കൊച്ചി റെയിൽപ്പാതയും നൌകാ ശയവും — ഷൊറണ്ണൂർനിന്നു് എറണാകുളത്തേക്കു ള്ള തീവണ്ടിപ്പാത പണികഴിച്ചതു പ്രഖ്യാതനും, പ ണ്ഡിതശിരോമണിയും, രാജോത്തമനുമായ സ്ഥാന ത്യാഗംചെയ്ത മഹാരാജാവു തിരുമനസ്സിലെ ഭരണ കാലത്താണു്. റെയിൽ മാൎഗ്ഗനിൎമ്മാണകാലത്തു തി രുമനസ്സിലെ ദിവാൻജി സർ പി. രാജഗോപാലാ ചാരി അവർകളായിരുന്നു. തീവണ്ടിവരുന്നതിന്നു മു മ്പു് ജനങ്ങഠംക്കു കച്ചവടത്തിന്നും, സഞ്ചാരത്തിന്നും അതികഷ്ടം അനുഭവിക്കേണ്ടിവന്നിരുന്നു. അക്കാല ത്തു യാത്ര മഞ്ചലിലോ, കാളവണ്ടിയിലോ, കാൽനട യായോ വേണ്ടിവന്നിരുന്നു. കിഴക്കൻ ചരക്കുകഠം കൊ

ണ്ടുവന്നിരുന്നതു കാളവണ്ടിയിലോ പോത്തുവണ്ടിയിലോ ആയിരുന്നു. ഇതിനു ജനങ്ങൾക്കു വളരെ സമ



സർ. ശ്രീരാമവർമ്മ മഹാരാജാവ്.

യനഷ്ടവും ധനവ്യയവും, ബുദ്ധിമുട്ടും വേണ്ടിയിരുന്നു. പൊന്നുതമ്പുരാൻ തിരുമനസ്സിലെ വിശിഷ്ടവാഴ്ചക്കുള്ളിൽ കല്പിച്ചേർപ്പെടുത്തിയ അനേകം ശ്രേഷ്ഠപരിഷ്കാരങ്ങളിൽ ഒന്നായ തീവണ്ടിവന്നപ്പോൾ പ്രജകൾക്കു മാർഗ്ഗശ്രമം കൂടാതെ ഷൊർണ്ണൂർ മുതൽ എറണാകുളംവരെ സ്വല്പചിലവിന്മേൽ യാത്രചെയ്യാ

നം, വാണിജ്യസാമാനങ്ങൾ കൊണ്ടുവരുവാനും സാധിച്ചുതുടങ്ങി.

കൊച്ചി തീവണ്ടിപ്പാതയ്ക്കു 70 നാഴികനീളമാണ്. മദ്രാസ്സ് സംസ്ഥാനത്തിൽ മററു തീവണ്ടിപ്പാതകളെ അപേക്ഷിച്ചു നമ്മുടെ രാജ്യത്തെ പാത എത്രയോ ചെറുതാണ്. ഇത്രയും ദീർഘം കുറഞ്ഞ ഒരു പാതയെ ഗവമ്മേണ്ടിൽനിന്നു നേരിട്ടു ഭരിക്കുന്നതുകൊണ്ടു ഗുണമില്ല. ഒരു ചെറിയ റെയിൽമാർഗ്ഗം നടത്തുന്നതിനുവേണ്ട സാമാനങ്ങൾവരുത്തുവാൻ ചിലവ് അധികവും, ദൂരെയുള്ള റെയിൽക്കമ്പനിക്കാരുമായി കണക്കേപ്പെടുത്തുന്നതു ബുദ്ധിമുട്ടമാണ്. അതുകൊണ്ട് അടുത്തുള്ള തീവണ്ടിപ്പാത ഭരിക്കുന്ന തെൻഇന്ത്യാകമ്പനിക്കാരെയാണ് നമ്മുടെ രാജ്യത്തെ പാതയും നടത്തുവാൻ ഏല്പിച്ചിരിക്കുന്നതു്. ഖരാറുപ്രകാരം ഇവർ കൊച്ചിഗവമ്മേണ്ടിനു ഒരു ക്ലിപ്തലാഭം കൊടുപ്പാൻ നിർബ്ബന്ധിതരാണ്,

തീവണ്ടി വന്നതിൽപ്പിന്നെ നമ്മുടെ രാജ്യത്തെ കച്ചവടവും, വ്യവസായവും, ധനപുഷ്ടിയും, പരിഷ്കാരവും ക്രമേണ വദ്ധിച്ചുവന്നു. എന്നാൽ, കൊച്ചിരാജ്യത്തെപ്പാതയ്ക്കു് അതു യോജിക്കുന്ന പാതയേക്കാൾ വീതി കുറവായിരുന്നതിനാൽ യാത്രക്കാക്കും, ചരക്കുകൾക്കും, വണ്ടി മാറേണ്ടിയിരുന്നു. കൊച്ചി നൌകാശയം പണിതുടങ്ങിയതോടുകൂടി, തീവണ്ടിപ്പാതയുടെ വീതി കൂട്ടുകയും അതിൽപിന്നെ ആ ബുദ്ധിമുട്ടിന്നു നിവാരണം വരികയും ചെയ്തു. ഇപ്പോൾ മംഗലാപുരം, ബങ്കളൂർ, മദ്രാസ് മുതലായ

സ്ഥലങ്ങൾക്ക കയറിയവണ്ടിയിൽനിന്നു് ഇറങ്ങാതെ തന്നെ പോകാം; ചരക്കുകളും ഇറക്കി കയറേറണ്ട ആവശ്യമില്ല. ഈ മാററത്തിന്നു നമ്മുടെ ഗവർമ്മേണ്ടിന്നു 85ലക്ഷം ഉറുപ്പികയോളം ചിലവു വേണ്ടിവന്നു.

നമ്മുടെ രാജ്യത്തെ റെയിൽപ്പാത കൊച്ചിന്ൌകാശയത്തിൻെറ വക്കത്തേക്ക നീട്ടിക്കഴിഞ്ഞു. കായലിൽ അതിന്നു വേണ്ടിവന്ന പാലത്തിൻെറ പണിയും, കരയിൽ പാതയിടുവാൻ വേണ്ടിവന്ന പണിയും, ധൃതിയിൽ നടത്തി. ഈ പണി കഴിഞ്ഞതിൽപിന്നെ രാജ്യത്തിലെ വാണിജ്യത്തിന്നും, വ്യവസായങ്ങൾക്കും മേല്ക്കുമേൽ പുഷ്ടിയുണ്ടായിത്തുടങ്ങിയിട്ടുണ്ടു്. കൊച്ചിയിൽനിന്നു തിരുവിതാംകൂറിലുള്ള കൊല്ലത്തേക്കും, ബ്രിട്ടിഷ്മലബാറിലെ പാലക്കാട്ടു താലൂക്കിലുള്ള കൊല്ലങ്കോടു തീവണ്ടിയാപ്പീസ്സിലേക്കും റെയിൽമാർഗ്ഗങ്ങൾ നിർമ്മിക്കേണ്ടതിലേക്കുള്ള പൂർവ്വനടവടികൾ നടത്തിയിട്ടുമുണ്ടു്.

തുറമുഖം:—നമ്മുടെ രാജ്യത്തിലെ തീവണ്ടിപ്പാതയുടെ വീതികൂട്ടിയതും വില്ലിങ്ങ്ഡൻ ദ്വീപിലേക്കു് അതു് നീട്ടിക്കൊണ്ടുപോയതും, പുതിയപാതകൾ നിർമ്മിക്കുവാൻ ആലോചിക്കുന്നതും കൊച്ചിത്തുറമുഖത്തിൻെറ പുഷ്ടിക്കുവേണ്ടിയാണു്. രക്തനാഡികൾ ഹൃദയത്തിലേക്ക മററവയവങ്ങളിൽനിന്നു ചോര കൊണ്ടുപോയും, ഇവയിലേക്ക രക്തം കൊണ്ടുവന്നു ഇവയെ പോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ, തീവണ്ടിപ്പാതകളും, മററു ഗതാഗതമാർഗ്ഗങ്ങളും തുറമുഖത്തിലേക്കു് ഉൾനാട്ടിലെ സാമാനങ്ങൾ

വിദേശങ്ങളിലേക്കു അയക്കുന്നതിന്നു കൊണ്ടുപോകാൻ സഹായിക്കുകയും, തുറമുഖത്തിൽനിന്നു വിദേശസാമാനങ്ങൾ ഉൾനാട്ടുകളിലേക്കു കൊണ്ടുവരുവാൻ സഹായിക്കുകയും ചെയ്യുന്നു. തുറമുഖം സംബന്ധിച്ചുള്ള ലാഭം ഇങ്ങിനെ കൈമാറുന്ന ചരക്കുകളിന്മേൽ ചുമത്തുന്ന ചുങ്കമാണു്.

കൊച്ചി നൌകാശയത്തെ സംബന്ധിച്ച കോടിക്കണക്കായി ധനവ്യയം ഉണ്ടു്. ഈ ചിലവു നമ്മുടെ ഗവൎമ്മെണ്ടും, ഇന്ത്യാഗവൎമ്മെണ്ടും, തിരുവിതാംകൂർ ഗവൎമ്മെണ്ടും കൂടി വഹിച്ചു. തുറമുഖംതുറക്കുന്ന സ്ഥലം ബ്രിട്ടീഷിന്ത്യയിൽപ്പെടുന്നു; ഉൾഭാഗമെല്ലാം കൊച്ചിഗവൎമ്മെണ്ടിലേക്കു ചേൎന്നതാണു്. തിരുവിതാംകൂർവക യാതൊരു സ്ഥലവും അവിടെയില്ല. എന്നാൽ കൊച്ചിത്തുറമുഖം തിരുവിതാംകൂർ രാജ്യത്തെ ചരക്കുകളെ ആകൎഷിക്കുകയും അവിടേക്കു വിദേശസാമാനങ്ങളെക്കൊണ്ടുപോകാൻ സൌകൎയ്യപ്പെടുത്തുകയും ചെയ്യുന്നു. ചുങ്കനഷ്ടം എന്ന സംഗതിയിൽനിന്നു തിരുവിതാംകൂർ ഗവൎമ്മെണ്ടിനും തുറമുഖത്തെ സംബന്ധിച്ച ഒരവകാശം ആവിർഭവിക്കുന്നു. അതുകൊണ്ടു മൂന്നു ഗവൎമ്മെണ്ടുകളുംകൂടി ഒരു നിശ്ചിതനിരക്കുപ്രകാരമാണു് തുറമുഖപ്പണിക്കു ചിലവു ചെയ്യുന്നതും, ലാഭം വീതിക്കുന്നതും, തുറമുഖഭരണം നടത്തുന്നതും. ഈ നൌകാശയഭരണം നടത്തുന്നതു മൂന്നു ഗവൎമ്മെണ്ടുകളുടേയും, ബ്രിട്ടീഷകൊച്ചി, മട്ടാഞ്ചേരി, എറണാകുളം എന്നീ മൂന്നു മുൻസിപ്പാലിററികളുടേയും ഇവിടങ്ങളിലുള്ള വണിക്കുയോഗങ്ങളുടേയും

പ്രതിനിധികൾ അടങ്ങിയ ഒരു പോർട്ടട്രസ്റ്റ് അല്ലെങ്കിൽ തുറമുഖയോഗമാണ്.

തുറമുഖത്തിൽ ഇപ്പോൾ പണിയുടെ നാലാം പദ്ധതിയെ സംബന്ധിച്ചുള്ള ജെട്ടികൾ, മതിലുകൾ, തീവണ്ടിമാറ്റം, ചരക്കിടുവാനുള്ള കെട്ടിടങ്ങൾ മുതലായ സകല വേലകളും ചെയ്തുകഴിഞ്ഞു. ഇതെല്ലാം പൂർത്തിയായതോടുകൂടി കൊച്ചി, ദക്ഷിണേന്ത്യയിലെ പ്രധാന തുറമുഖവും, കേന്ദ്രവും ആയിത്തീരുകയും, നമ്മുടെ രാജ്യത്തിന്റെ വാണിജ്യവ്യവസായങ്ങളുടേയും ധനത്തിന്റേയും പുഷ്ടിക്കു കാരണമായിത്തീരുകയും ചെയ്യും.

റോഡുകൾ, നിർമ്മിതതോടുകൾ, അണക്കെട്ടുകൾ മുതലായവ—

റോഡുകൾ:—നമ്മുടെ രാജ്യത്തിലും, മററു പരിഷ്കരിച്ച എല്ലാ രാജ്യങ്ങളിലും എന്നപോലെ പ്രധാനസ്ഥലങ്ങളെ വലിയ രാജപാതകൾ യോജിപ്പിക്കുന്നു. വീതികൂടിയ ഈ പാതകളിൽനിന്നു അസംഖ്യം ചെറുപാതകളും, പഞ്ചായത്തുറോഡുകളും, മനുഷ്യാധിവാസമുള്ള ചെറിയ നാട്ടുപുറങ്ങളിലേക്കും പോകുന്നുണ്ട്. ഈ റോഡുകളെയെല്ലാം ഇടക്കിടെ ചില്ലിട്ടു നന്നാക്കേണ്ടതിലേക്കു പ്രതിവർഷം ലക്ഷക്കണക്കായി നമ്മുടെ ഗവമ്മേണ്ടു ചിലവുചെയ്യുന്നു. പുതിയ റോഡുകൾ നിർമ്മിക്കേണ്ട കാര്യങ്ങളെപ്പററി ആലോചിച്ചു തീർച്ചപ്പെടുത്തുവാൻ നമ്മുടെ ഗവമ്മേണ്ടു "റോഡുബോർഡ്" എന്നൊരു ചെറിയ യോഗ

ത്തെ നിയമിച്ചിട്ടുണ്ട്. ഇതിൽ നിയമസഭയിലെ പ്രതിനിധികളും ഉണ്ട്.

റോഡുകൾ മനുഷ്യരുടെ ഗതാഗതത്തിന്നും, വാണിജ്യത്തിന്നും, പരിഷ്കാരവൎദ്ധനക്കും അത്യാവശ്യമാണ്. മോട്ടോർ വാഹനങ്ങൾ വൎദ്ധിച്ചിട്ടുള്ള നവീനകാലത്തിൽ അവയുടെ ആവശ്യം തുലോം വൎദ്ധിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിൽ ഇപ്പോൾ 24 മണിക്കൂറുകൊണ്ടു ഒരു സ്ഥലത്തുനിന്നു മറേറതു ദൂരെയുള്ള സ്ഥലത്തേക്കും മോട്ടോർമാൎഗ്ഗമായിപ്പോയി മടങ്ങി വരാവുന്നതാണ്. ജൎമ്മനി മുതലായ പരിഷ്കൃതരാജ്യങ്ങളിൽ കോൺക്രീററു റോഡുകൾ മോട്ടോർവണ്ടികൾക്കു തനിയെ പോകുവാൻ വലിയ പട്ടണങ്ങളെ യോജിപ്പിച്ചു നിൎമ്മിച്ചിട്ടുണ്ട്.

നമ്മുടെ രാജ്യത്തിലെ കാലാവസ്ഥ ഏതാനും മാസങ്ങളിൽ ഉഷ്ണമായതുകൊണ്ട്, പാതകളുടെ ഇരുവശത്തും തഴച്ചുള്ള വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ വൃക്ഷങ്ങളുടെ തണലിൽക്കൂടെ ഭാരവണ്ടി വലിക്കുന്ന മൃഗങ്ങൾക്കും മനുഷ്യൎക്കും സഞ്ചരിപ്പാൻ സുഖമുണ്ട്.

നിൎമ്മിതതോടുകൾ:— കൃഷി ആവശ്യത്തിന്നുള്ളവ, ഗതാഗതത്തിന്നുള്ളവ— എന്നു രണ്ടു തരമുണ്ട്. ചിററൂർ താലൂക്കിൽ മൂലത്തറ അണക്കെട്ടിൽനിന്നു തോടുകൾ വഴിയായി വെള്ളം തിരിച്ചുകൊണ്ടുപോയി കൃഷി നനയ്ക്കുന്നുണ്ടെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഇങ്ങിനെയുള്ള വലിയതോടുകൾ തൃശ്ശിനാപ്പിള്ളി, തഞ്ചാവൂർ എന്ന ജില്ലകളിലും, കൃഷ്ണാ,

ഗോദാവരി എന്നീ നദികളുടെ മുക്കോൺ തുരുത്തുകളിലും ഉത്തരേന്ത്യയിൽ സിന്ധു ഗംഗാനദികളുടെ തടങ്ങളിലും വളരെയുണ്ടു്. പുഴയുടെ ഉയൎന്ന ഭാഗങ്ങളിൽനിന്നു് ഈ ചാലുകൾ വെട്ടുന്നതുകൊണ്ടു വെള്ളം നിഷ്പ്രയാസം താണ വിളഭൂമിപ്രദേശങ്ങളിലേക്കു് ഒഴുകുന്നു. വൃഥാവിൽ കടലിലേക്കു് ഒഴുകിപ്പോകുന്ന ജലത്തെ ഇപ്രകാരം മനുഷ്യർ ബുദ്ധിക[illegible] ഉപയോഗിച്ചു് ഉപകാരപ്രദമാക്കുന്നു. വലിയ തോടുകളിൽകൂടെ വഞ്ചികൾക്കും പത്തേമ്മാരികൾക്കും ഗതാഗതത്തിന്നു സൌകൎയ്യമുണ്ടു്.

എന്നാൽ കപ്പൽസഞ്ചാരത്തിന്നു വെട്ടീട്ടുള്ള ചില തോടുകളാണു് ആശ്ചൎയ്യജനകമായവ. വടക്കെ അമേരിക്കയും, തെക്കെ അമേരിക്കയുംകൂടി ചേരുന്നതായ പനാമ കരയിടുക്കിനെ ഭേദിച്ചു കപ്പൽമാൎഗ്ഗമുണ്ടാക്കി ശാന്തസമുദ്രത്തിനേയും അത്ലാന്തിക്കു് സമുദ്രത്തിനേയും യോജിപ്പിച്ചിരിക്കുന്നു. ഇതുകൊണ്ടു് അമേരിക്കയിൽനിന്നു ജപ്പാനിലേക്കു പോകുന്ന കപ്പലുകൾക്കു് അനേകായിരം നാഴിക ലാഭമുണ്ടു്. ഇതുപോലെത്തന്നെ ഏഷ്യയും ആഫ്രിക്കയും സന്ധിക്കുന്ന സ്ഥലത്തു സൂയസ്സു് തോടു് വെട്ടീട്ടുള്ളതുകൊണ്ടു് ഇന്ത്യയിൽനിന്നു യൂറോപ്പിലേക്കു കപ്പലുകൾക്കു വളരെ എളുപ്പത്തിൽ സഞ്ചരിക്കാം. ഈ വിധം തന്നെ ഇംഗ്ലണ്ടു്, ജൎമ്മനി, ഐക്യദേശങ്ങൾ മുതലായ രാജ്യങ്ങളിൽ കപ്പൽത്തോടുകൾ വെട്ടി വാണിജ്യവ്യവസായങ്ങൾ നടത്തുവാൻ വളരെ സൌകൎയ്യമുണ്ടാക്കിയിട്ടുണ്ടു്.

അണക്കെട്ടുകൾ.—കൊച്ചിരാജ്യത്തിലേയും സംസ്ഥാനത്തിലേയും ചില പുഴകളിലുള്ള അണക്കെട്ടുകളെപ്പററി മുമ്പു പഠിച്ചിട്ടുണ്ടല്ലൊ. മേട്ടൂർ അണക്കെട്ടിനേയും, അതുകൊണ്ടുള്ള പ്രയോജനത്തേയും പററി അല്പമൊന്നു വിസ്തരിക്കാം. ഈ കെട്ടിൻെറ പിൻസ്ഥലത്തു 1630 ചതുരശ്രനാഴിക വിസ്താരമുള്ള പ്രദേശത്തിലെ ജലം വന്നുചേരുന്നുണ്ടു്. ആ ഭാ[illegible] കൊച്ചിരാജ്യത്തേക്കാൾ വലിയതാണു്. നില്ലു[illegible] വെള്ളത്തിൻെറ വിസ്തീർണ്ണം 59½ ചതുരശ്ര നാഴി[illegible] യാണു്. കെട്ടിൻെറ മുകൾഭാഗം സമുദ്രനിരപ്പി[illegible] നിന്നു 801 അടി പൊക്കത്തിലും വെള്ളം നില്ക്കുന്നതു 796 അടി ഉയരത്തിലുമാണു്. ഈ അണക്കെട്ടിലെ വെള്ളം 45 നാഴികയിലധികം ദൂരെയുള്ള തഞ്ചാവൂർ ജില്ലയിലേക്കു ചാലുകൾവഴിക്കു കൊണ്ടുപോയി കൃഷിസ്ഥലങ്ങൾ നനയ്ക്കുന്നു. ഉയർന്ന സ്ഥലത്തു നില്ക്കുന്ന വെള്ളം അതിൽനിന്നു താണ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുവാൻ പ്രയാസമില്ലല്ലൊ. കെട്ടിനില്ക്കുന്ന വെള്ളത്തെ ചാടിക്കുന്ന സ്ഥലത്തു യന്ത്രംവെച്ചു് അതിൻെറ തിരിച്ചലിൽനിന്നു വിദ്യുച്ഛക്തിയെടുത്തു യന്ത്രം മുഖേന ശേഖരിച്ചു്, കമ്പിവഴിക്കു വളരെ ദൂരെയുള്ള നഗരങ്ങളിലേക്കു കൊണ്ടുപോയി വ്യവസായങ്ങൾ നടത്തുവാനും, വിളക്കു കത്തിപ്പാനും മററും ഉപയോഗിക്കുന്നു. ഇതുപോലെയും ഇതിൽ വലിയ തരവുമുള്ള അണക്കെട്ടുകൾ ലോകത്തിൽ പല രാജ്യങ്ങളിലുമുണ്ടു്.

കുളങ്ങൾ.—മഴ പെയ്തുണ്ടാകുന്ന വെള്ളത്തി

ൻെറ ഏതാനുംഭാഗം ഒഴുകിപ്പോകാതെ ഇരിപ്പാൻ കുളങ്ങൾ കുഴിച്ച് വരമ്പുകൾ പൊക്കി ബലപ്പെടുത്തി വെക്കുന്നു. കിഴക്കൻപ്രദേശങ്ങളിൽ ഇവക്കു ഏരികൾ എന്നു പറയുന്നു. കുളിപ്പാനും വയലുകളും തോട്ടങ്ങളും നനക്കുവാനും കുളങ്ങൾ ഉപകരിക്കുന്നു. കുളങ്ങളിൽ ഉഷ്ണകാലത്തു ജലം കുറയുന്നതു സൂര്യോഷ്ണത്താൽ അതു് ആവിയായിപ്പോയിട്ടും ഭൂമിയുടെ അന്തർഭാഗത്തുകൂടി ഒഴുകീട്ടുമാണു്. കുളങ്ങൾ അണക്കെട്ടുകളുടെ ഒരു ചെറിയ രൂപഭേദമാണെന്നും പറയാം.

കിണറുകൾ:—ഒരു മഴപെയ്തു വെള്ളം ഒഴുകിപ്പോയതിൻെറശേഷം ചെറിയ കുണ്ടുകളിൽ അവിടവിടെയായി വെള്ളം കെട്ടിനില്ക്കാറുണ്ടല്ലോ. ഭൂമിയുടെ അന്തർഭാഗത്തു മണ്ണിൻെറ അടിയെല്ലാം പാറയാണു്. പാറ നിമ്നോന്നതമാണു്. ഭൂമിയുടെ ഉള്ളിലേക്കു പ്രവേശിക്കുന്ന മഴവെള്ളത്തിൽ ഏതാനും ഭാഗം ഉള്ളിൽക്കൂടെയുള്ള വഴിയിൽക്കൂടി ക്രമമായി കീഴ്പോട്ടേക്കു ഗമിക്കുകയും മററുഭാഗം നമുക്കു് അദൃശ്യമായ പാറക്കുണ്ടുകളിലായി നില്ക്കുകയുംചെയ്യുന്നു. ചാലുകൾ വഴിയായി വരുന്ന വെള്ളത്തെയാണു് ഉറവു് എന്നു പറയുന്നതു്. ചില കിണറുകളിൽ പാറക്കുണ്ടിലെ വെള്ളം മാത്രമേ നില്ക്കുകയുള്ളു. അതെടുത്തുകഴിഞ്ഞാൽപിന്നെ മഴ പെയ്യുന്നതുവരെ അതിൽ വെള്ളം ഉണ്ടാകുകയില്ല. കുഴിക്കുന്ന കിണർ അന്തർഭാഗത്തുള്ള വെള്ളച്ചാലുകളിൽപ്പെട്ടാൽ, ജലം സമൃദ്ധിയായുണ്ടാകും. അധികം ജനങ്ങൾക്കും കുടിപ്പാനും, കുളിപ്പാനും, ചുരുക്കത്തിൽ സസ്യാദികൾ നന

ക്കാനും കിണറുകളിലെ വെള്ളം ഉപകരിക്കുന്നു.

v) **നാണയങ്ങളും നോട്ടുകളും:**— ആദികാലങ്ങളിൽ മനുഷ്യർ തങ്ങളുടെ വശം അധികമുള്ള സാമാനങ്ങൾ ആവശ്യമുള്ളവൎക്കു കൊടുത്തു് അവരുടെ പക്കൽനിന്നു തങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങിയാണു് വാണിഭം നടത്തിയിരുന്നതു്. ഈ സമ്പ്രദായത്തിൽ ഇരുകൂട്ടൎക്കും അന്യോന്യം ആവശ്യമുള്ളതും കൊടുക്കാവുന്നതുമായ സാധനങ്ങ[ൾ] ഉണ്ടായിരിക്കണം. നൂതനസാധനങ്ങൾ ഓരോന്നാ യി കണ്ടുപിടിച്ചു്, മനുഷ്യൻെറ ആവശ്യങ്ങൾ വൎദ്ധിച്ചുതുടങ്ങിയപ്പോൾ, ഈ ഏൎപ്പാടു പററാതെവന്നു. ചൈനയിൽ ചായയും, ജപ്പാനിൽ അരിയും ഒരു കാലത്തിൽ വില കണക്കാക്കുവാൻ ഉപയോഗിച്ചിരുന്നു. മററുരാജ്യങ്ങളിൽ വേറെ സാധനങ്ങളായിരുന്നു വിലയായി ഗണിച്ചിരുന്നതു്. ഈ സാധനങ്ങൾ കേടുവരുന്നവയായതുകൊണ്ടു് ഇവയും പററാതെവന്നു. സ്വൎണ്ണവും വെള്ളിയും കണ്ടുപിടിച്ചു അവയെ ഭൂമിയിൽനിന്നു കുഴിച്ചെടുത്തു തുടങ്ങിയപ്പോൾ അവയുടെ അനശ്വരതയും പ്രഭയും കാരണത്താൽ അവയെ പല രൂപത്തിലും നാണയങ്ങളായി ഉപയോഗിച്ചുതുടങ്ങി. എല്ലാ രാജ്യങ്ങളിലും ഈ ലോഹങ്ങൾകൊണ്ടുള്ള നാണയങ്ങളാണു് ഇപ്പോൾ വില കണക്കാക്കുവാൻ ഉപയോഗിക്കുന്നതു്. ചെമ്പു്, ഇരിമ്പു്, ഈയം എന്ന ലോഹങ്ങൾപോലെ രാജലോഹങ്ങൾ ഭൂമിയിൽ അധികമില്ല; എങ്കിലും ആ

വശ്യത്തിന്നു വേണ്ടതുണ്ടു്. അതുകൊണ്ടു് ഇവയുടെ വിലയ്ക്കു വലിയ മാററങ്ങൾ വരുന്നില്ല.

സ്വൎണ്ണവുംവെള്ളിയുംകൊണ്ടുള്ള നാണയങ്ങൾക്കു് ഓരോ രാജ്യത്തിലും പ്രത്യേകരൂപങ്ങളും, പ്രത്യേക തൂക്കങ്ങളും ഉണ്ടു്. ഇന്ത്യാഗവൎമ്മേണ്ടിൻെറ ...ക നാണയങ്ങൾ അടിക്കുന്നതു് ബോംബെയിലും കല്ക്കത്തയിലും അതിന്നു പ്രത്യേകമുള്ള യന്ത്രശാലകളിലാണു്. നമ്മുടെ രാജ്യത്തിൽ ഇപ്പോൾ ഉപയോഗിക്കുന്ന വെള്ളിനാണയങ്ങൾ ഉറപ്പികയും, അര, കാൽ, അരയ്ക്കാൽ എന്ന ചില്ലറ ഉറപ്പികയുമാണു്. ചില്ലറയ്ക്കു നിക്കൽകൊണ്ടുണ്ടുള്ള ഒരണ, രണ്ടണ, നാലണ എന്ന നാണയങ്ങളും ചെമ്പുകൊണ്ടു് കാലണ, പൈ എന്ന നാണയങ്ങളും ഇപ്പോൾ നടപ്പിൽ ഉണ്ടു്. സ്വൎണ്ണനാണയമായ പവൻെറ വിലയ്ക്കു് ഇപ്പോൾ സ്ഥിരതയില്ല. പണ്ടു 15 ഉറപ്പികയായിരുന്നു. ഇപ്പോൾ വില വളരെ കൂടിയിരിക്കുന്നു. നാണയത്തിലെല്ലാം അല്പം ഒരു കൂട്ടുണ്ടു്. അതു ചേൎക്കുന്നതു ദാൎഢ്യത്തിന്നും, ശബ്ദത്തിന്നും വേണ്ടിയാകുന്നു. നാണയത്തിൻെറ ഒരു പുറത്തു ചക്രവൎത്തിയുടെ തലയുടെ രൂപവും മറുഭാഗത്തു വിലയും കാണാം.

നാണയങ്ങൾക്കു പുറമെ 5, 10, 50, 100, 500, 1000, 10,000 ഉറപ്പികയ്ക്കുള്ള നോട്ടുകളും ഉണ്ടു്. ഇവ നമ്മുടെ രാജ്യത്തിൽ നാണയത്തിന്നു പകരം കൈമാററം ചെയ്യുന്നുണ്ടു്. നോട്ടുകൾ യഥാൎത്ഥത്തിൽ ഇന്ത്യാഗവൎമ്മേണ്ടിൻെറ പ്രോനോട്ടുകളാണു്. നോട്ടിന്നു നാണയം തരുവാൻ ഗവൎമ്മെണ്ടിന്നു ബാ

ധ്യതയുണ്ടു്. ഏതാണ്ടു നോട്ടുകളുടെ വിലയോളം നാണയം ഗവമ്മേണ്ടു കരുതിയിരിക്കുകയും ചെയ്യും. കൊച്ചിരാജ്യം ചെറിയതായതുകൊണ്ടു പ്രത്യേകം നാണയങ്ങൾ ഇവിടെ അടിയ്ക്കുന്നില്ല.

vi) **ഗവമ്മേണ്ടും രോഗനിവാരണവും ആരോഗ്യസംരക്ഷണവും:—** പ്രജകളെസ്സംബന്ധിച്ചു നമ്മുടെ ഗവമ്മേണ്ടിന്നു് ഒരു പിതാവിൻെറ സ്ഥാനമാണു്. തൻെറ സന്താനങ്ങൾക്കു രോഗം പിടിച്ചാൽ ചികത്സിച്ചുമാററുന്നതും ദീനം ബാധിക്കാതെ നോക്കുന്നതും ഒരു പിതാവിൻെറ ചുമതലയാണല്ലൊ. നമ്മെസ്സംബന്ധിച്ചു നമ്മുടെ ഗവമ്മേണ്ടു് ഇങ്ങിനെ പ്രവത്തിക്കുന്നുണ്ടു്.

രാജ്യത്തുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം ആസ്പത്രികളോ വൈദ്യശാലകളൊ സ്ഥാപിച്ചിട്ടുണ്ടു്. ആസ്പത്രികളിൽ ഡോക്ടർമാർ, കമ്പൌണ്ടർമാർ, വയററാട്ടികൾ, ശുശ്രൂഷയ്ക്കു വേണ്ട മററു ചിലർ മുതലായവരേയും, വൈദ്യശാലകളിൽ നാട്ടുവൈദ്യന്മാരേയും കമ്പൌണ്ടർമാരേയും നിയമിച്ചിട്ടുണ്ടു്. അവിടങ്ങളിലെല്ലാം രോഗികളെ സൌജന്യമായി ചികിത്സിക്കുകയും, മിക്ക ആസ്പത്രികളിലും അവശന്മാരായ രോഗികളെ ആഹാരാദികൾ കൊടുത്തു്, കിടത്തിച്ചികിത്സിക്കുകയുംചെയ്യുന്നു. രോഗബാധിതരായപ്രജകൾക്കു നമ്മുടെ ഗവമ്മേണ്ടു് ഇങ്ങിനെ നിരന്തരമായി പ്രവത്തിച്ചു രോഗവിമോചനം ഉണ്ടാക്കുന്നു.

ജനങ്ങളെ രോഗങ്ങൾ ആക്രമിക്കാതിരിപ്പാൻ വേണ്ടി എല്ലാ താലൂക്കുകളിലും, മുഖ്യനഗരങ്ങളിലും

ശുചിത്വപരിശോധകന്മാരേയും (സാനിട്ടറി ഇൻസ്പെക്ടർമാരേയും) നാലോ അഞ്ചോ വില്ലേജുകൾ കൂട്ടിച്ചേർത്ത ഖണ്ഡങ്ങളിൽ വാക്സിനേററർമാരേയും നിയമിച്ചിട്ടുണ്ട്. തൻെറ ഉദ്യോഗവരുതിയിൽ ജനാധിവാസമുള്ള സ്ഥലങ്ങളിലും മററും രോഗബീജജന്യമായ മാലിന്യം ഇല്ലാതേയും പകച്ച്വ്യാധികൾ പുറപ്പെടാതേയും, അഥവാ, ഉണ്ടായാൽ അവ പരക്കാതേയും, നോക്കുന്നതിന്നാണ് സാനിട്ടറി ഇൻസ്പെക്ടർ. വാക്സിനേററർമാർ ശിശുക്കൾക്കും മററും മസൂരി കുത്തിവെച്ച് ഈ ദീനത്തെ അകററുന്നു. മസൂരി എന്ന കഠിനരോഗം ഉണ്ടാകുന്നതു പരമാണുക്കളായ ഒരുതരം പ്രാണികൾ വായു, ജലം മുതലായവകളിൽക്കൂടി ശരീരത്തിൽ പ്രവേശിച്ചിട്ടാണ്. കുത്തിവെക്കുന്ന മരുന്നിൽ ഈ പ്രാണികൾ ഉണ്ട്. കുത്തിവെച്ചവരുടെ ശരീരങ്ങളിൽ ഇവ സ്ഥിരവാസം ചെയ്യുന്നുണ്ടെങ്കിലും യാതൊരു ഉപദ്രവവും ചെയ്യുന്നില്ല. എന്നുമാത്രമല്ലാ അവയുടെ കൂട്ടുകാൎക്ക് ആ ശരീരങ്ങളിൽ അവ പ്രവേശനം കൊടുക്കുന്നതുമില്ല. ഇതുകൊണ്ടാണ് മസൂരി കുത്തിവെച്ചാൽ പിന്നീട് സാമാന്യമായി ആ ദീനം പിടിപെടാത്തതു്. ഇടക്കിടെ മസൂരി കുത്തിവെപ്പിക്കുന്നതു രോഗം ഒരിക്കലും പിടിപെടാതെ ഇരിപ്പാനുള്ള ഒരു നല്ല മാൎഗ്ഗമാണ്.

നമ്മുടെ രാജ്യത്തിൽ ചില സ്ഥലങ്ങളിലെല്ലാം ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ച്, ഇവ മൂലം സ്ത്രീജനങ്ങൾക്കു പ്രസവരക്ഷ, ശിശുസംരക്ഷണം മുതലായ

വിഷയങ്ങളെപ്പററി സൂക്ഷ്മജ്ഞാനം ഉണ്ടാക്കുകയും, പ്രസവാദികാൎയ്യങ്ങളിൽ സഹായം കൊടുപ്പിക്കുകയും ഗവൎമ്മെണ്ടിൽനിന്നു ചെയ്യുന്നുണ്ടു്.

ഒരു രാജ്യത്തിൻെറ ക്ഷേമത്തിന്നു രോഗപീഡയെ ഇല്ലാതാക്കുകയും, അരോഗതയെ നിലനിൎത്തുകയും ചെയ്യുന്നതു് അത്യാവശ്യമാണല്ലൊ. ഈ കൃത്യങ്ങൾ ശ്രദ്ധാപൂൎവ്വം നിൎവ്വഹിച്ചു നമ്മുടെ ഗവൎമ്മെണ്ടു പ്രജകളായ നമ്മെ രക്ഷിക്കുന്നു.

vii) **വിദ്യാലയങ്ങൾ**:—തൻെറ സന്താനങ്ങൾക്കു് വിദ്യാബലം, സ്വഭാവഗുണം, കായികശക്തി എന്നിവ ഉണ്ടാക്കുന്നതും ഒരു പിതാവിൻെറ ചുമതലയാണു്. പൌരസന്താനങ്ങൾക്കു് ഈ മൂന്നു ഗുണങ്ങളും സിദ്ധിക്കാൻവേണ്ടി നമ്മുടെ പിതൃതുല്യരായ ഗവർമ്മേണ്ടു രാജ്യത്തെങ്ങും വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. കൊച്ചിരാജ്യത്തിലെ വിദ്യാഭ്യാസവകുപ്പു്, നാട്ടിൻെറ വിസ്താരമപേക്ഷിച്ചു്, ഇന്ത്യയിൽ മററുള്ള സംസ്ഥാനങ്ങളിലും, നാട്ടുരാജ്യങ്ങളിലുമുള്ള വിദ്യാഭ്യാസവകുപ്പുകളേക്കാൾ എത്രയോ വലിയതാണു്. ഇത്രയും ചെറിയ ഒരു രാജ്യത്തിൽ 600_ൽപരം പ്രാഥമികവിദ്യാലയങ്ങളും, 60 മദ്ധ്യതരവും 40_ൽ അധികം ഉയൎന്ന തരവുമായ സ്കൂളുകളും, ഏഴു് കലാശാലകളും, അനേകം വ്യവസായവിദ്യാലയങ്ങളും ഉണ്ടു്. സ്കൂളുകളെല്ലാം ഭരിക്കുന്നതു് വിദ്യാഭ്യാസഡയറക്ടർ അവർകളും, അദ്ദേഹത്തിൻെറ കീഴിലുള്ള ഇൻസ്പെക്ടർമാരും ആണു്.

സ്കൂളുകളിൽ ബാല്യയൌവനദശകളിലുള്ള പ്ര

ജകൾക്ക് അറിയേണ്ടതായ വിഷയങ്ങൾ പഠിപ്പിച്ചു വിദ്യയും, സാരപാഠങ്ങൾ, പ്രാൎത്ഥന, പ്രസംഗം മുതലായവയെക്കൊണ്ടു സ്വഭാവഗുണവും, കായികാഭ്യാസങ്ങൾ, കളികൾ എന്നിവകൊണ്ടു ശരീരബലവും, ആരോഗതയും ഉണ്ടാകുന്നു. അതിദൂരെയല്ലാത്ത ഒരു ഭൂതകാലത്തിൽ ഇവ നേടിയവരാണ് ഇപ്പോൾ നമ്മുടെ രാജ്യത്തിലെ ജീവിതകാൎയ്യങ്ങളെല്ലാം നടത്തുന്നതു. ഭാവിയിൽ ഒരു കാലത്തിൽ ഇന്നു വിദ്യാൎത്ഥികളായിരിക്കുന്നവരാണ് ആ കാൎയ്യങ്ങൾ നിൎവ്വഹിക്കേണ്ടതു്. പരമ്പരയായി വിദ്യ, സ്വഭാവഗുണം, ആരോഗ്യം എന്നിവ വൎദ്ധിച്ചുവന്നാലെ രാജ്യത്തിനു മേൽക്കുമേൽ ക്ഷേമമുണ്ടാകയുള്ളു. അതിനുവേണ്ടിയാണ് വിദ്യാലയങ്ങൾ. നല്ലവണ്ണം പഠിച്ച് അറിവു സമ്പാദിക്കുന്നതും, സ്വഭാവഗുണവും കായബലവും നേടുന്നതും ബാലപൌരന്മാരുടെ ചുമതലയാണ്.

viii) താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥന്മാർ:—നമ്മുടെ രാജ്യത്തിലെ മുതലെടുപ്പിൽ സ്ഥിരമായും, പ്രധാനമായുമുള്ള ഒരുഭാഗം നിലനികുതിയാകുന്നു. ഭൂമിയുടെ അലംഘ്യവും ശാശ്വതവുമായ അവകാശം ഗവൎമ്മേണ്ടിലേക്കാണ്. അതിൽ അധികഭാഗവും പ്രജകൾക്കും ദേവസ്വങ്ങൾക്കുമായി പഴയ കാലംമുതൽക്കു ഗവൎമ്മേണ്ടു പതിച്ചുകൊടുക്കുകയും, കൈവശംവെച്ചുവരുന്നവർ വിളവിൽ ചിലവുകഴിച്ചുള്ള ആദായത്തിൽ മൂന്നിൽ ഒരുഭാഗം നിശ്ചിതവിലപ്രകാരം, രാജഭോഗം അല്ലെങ്കിൽ നികു

തിയായി അടക്കുകയുംചെയ്യുന്നു. ഒരു താലൂക്കിലെ നികുതി മുഴുവനും വില്ലേജു പാർവ്വത്യക്കാരന്മാരെക്കൊണ്ടു പിരിപ്പിച്ചു ഖജാനയിൽ അടപ്പിക്കേണ്ട ചുമതല താസിൽദാർക്കാണു്. താലൂക്കിലെ ഖജാനമൂലമാണല്ലോ ഗവൎമ്മേണ്ടു സംബന്ധിച്ചു് ആ പ്രദേശത്തിലെ വരവുചിലവുകളെല്ലാം നടക്കുന്നതു്. ഖജാനയുടെ ചുമതലയും, താലൂക്കിൽ ജനനമരണങ്ങൾക്കു് എടുപ്പിക്കുന്ന ചുമതലയും താസിൽദാർക്കുതന്നെ. ഗവൎമ്മേണ്ടു പുറമ്പോക്കുസ്ഥലങ്ങളെ കയ്യേററംകൂടാതെ നോക്കുന്നതും ഭൂസ്വത്തിൻെറ കൈമാററങ്ങളിൽ വേണ്ടതു പ്രവൎത്തിക്കുന്നതും, അദ്ദേഹത്തിൻെറ കൃത്യങ്ങളിൽ ചേൎന്നതാണു്. താസിൽദാരുടെ കീഴിൽ താലൂക്കാപ്പീസ്സിലെ ഗുമസ്ഥന്മാരും, വില്ലേജുകൾ കൂട്ടിച്ചേൎത്ത ഫക്കെളിലെ റവന്യൂ ഇൻസ്പെക്ടർമാരും, വില്ലേജ് പാർവ്വത്യം, മേനോൻ എന്നിവരും ഉണ്ടു്- താലൂക്കിലെ ഒന്നാമത്തെ ഉദ്യോഗസ്ഥൻ താസിൽദാർതന്നെ.

താലൂക്കിലെ മററു പ്രധാനഉദ്യോഗസ്ഥന്മാർ മജിസ്ത്രേട്ടു്, മുൻസീപ്പു്, ഓവർസിയർ, കൃഷി ഇൻസ്പെക്ടർ, സാനിട്ടറി ഇൻസ്പെക്ടർ എന്നിവരാകുന്നു. താലൂക്കിലെ സമാധാനരക്ഷയ്ക്കും, ക്രിമിനൽ നിയമപ്രകാരം കുററംചെയ്തവരെ വിചാരണചെയ്തു ശിക്ഷിക്കുവാനുമാണു് മജിസ്ത്രേട്ടു്. താലൂക്കിലെ ജനങ്ങളുടെ ഇടയിൽ മുതൽസംബന്ധമായ സിവിലന്യായങ്ങൾ വിചാരണ ചെയ്യുന്നതു മുൻസിപ്പാണു്: ഓവർസിയർ താലൂക്കിൽ ഗവൎമ്മേണ്ടു മരാമത്തുപ


ണികൾ കണിശമായി നോക്കുക, റോഡുകൾ ശരിയാംവണ്ണം കല്ലുവിരിപ്പിച്ചു നന്നാക്കിക്കുക, ഗവമ്മേണ്ടുകെട്ടിടങ്ങളെ പരിശോധിക്കുക മുതലായവ നടത്തുന്നു. താലൂക്കിലെ കൃഷിപരിശോധനയും, കൃഷിക്കൂട്ട്, വിത്തു്, വളമിടൽ മുതലായ കൃഷിസംബന്ധമായ വിഷയങ്ങളെപ്പററി കൃഷിക്കാക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കുകയുമാണു് കൃഷി ഇൻസ്പെക്ടർ ചെയ്യുന്നതു്. താലൂക്കു് ശുചീകരണം, പകച്ച്വവ്യാധികളുടെ അഭാവം വരുത്തുക എന്ന കായ്യങ്ങളെയാണു് സാനിട്ടറി ഇൻസ്പെക്ടർ ശ്രദ്ധിക്കുന്നതു്.

ix) **മഹാരാജാവു് തിരുമനസ്സുകൊണ്ടു്:** കൊച്ചിരാജ്യം വാണരുളുന്ന ശ്രീ രാമവമ്മ മഹാരാജാവുതിരുമനസ്സുകൊണ്ടു് **1123**_ാമാണ്ടിൽ രാജ്യഭാരം തുടങ്ങി. നമ്മുടെ രാജകുടുംബം പാരമ്പയ്യംമറിയാത്ത പുരാതനമായ ഒരുൽകൃഷ്ടക്ഷത്രിയവംശവും, വീയ്യപരാക്രമങ്ങളും, പാണ്ഡിത്യവും പ്രജാവാത്സല്യവും, മനോനിമ്മലതയും, ദൈവഭക്തിയും പരമ്പരയായി ഉള്ളതുമാണു്. ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സിലെ പ്രജാക്ഷേമതല്പരതയും പരിശുദ്ധജീവിതവും, ആത്മശുദ്ധിയും, മഹാമനസ്കതയും, ദൈവഭക്തിയും, പരിപൂണ്ണ പാണ്ഡിത്യവും പ്രജകൾക്കെല്ലാം അവിടത്തെ ഒരാദശമാക്കിത്തീത്തിട്ടുണ്ടു്. ഭരണകായ്യങ്ങളിൽ അവിത്തെ മാതൃക സ്ഥാനത്യാഗം ചെയ്തു നാടുനീങ്ങിയ പൊന്നുതമ്പുരാൻ തിരുമേനിയാണു്.



കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു്.

മഹാരാജാവു തിരുമനസ്സിലെ രാജ്യഭരണം സംബന്ധിച്ചുള്ള പൂണ്ണാധികാരത്തേയും ഇന്ത്യൻ ഡൊമിനിയനുമായുള്ള ബന്ധത്തേയും, തിരുമനസ്സിലെ മന്ത്രിമാർ മുതലായ വലിയ ഉദ്യോഗസ്ഥന്മാരുടെ അധികാരസീമയേയുംപററി ഏതാനുംസംഗതികൾ നിങ്ങൾ കീഴ്ക്ലാസ്സിൽ പഠിച്ചിട്ടുണ്ടല്ലൊ. 1118-ൽ അന്നത്തെ മഹാരാജാവു തിരുമനസ്സിൽനിന്നു് ഒരു പുതിയ "കൊച്ചിരാജ്യഭരണനിയമം" കല്പിച്ചു പാസ്സാക്കി, ചില വിശിഷ്ടമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. അതുപ്രകാരം ദിവാൻജി അവർ




ബഹു. പ്രധാനമന്ത്രി ശ്രീ ഇ. ഇക്കണ്ടവാരിയർ അവർകൾ.

കളുടെ അധികാരങ്ങളെ കൃത്യപ്പെടുത്തുകയും, എറണാകുളം ചീഫ്‌കോടതിയെ ഒരു ബഹുമാനപ്പെട്ട ഹൈക്കോടതി ആക്കിത്തീൎക്കുകയും ചെയ്തു. ഇതിന്നും പുറമെ വിദ്യാഭ്യാസവും, അറിവും, പ്രാപ്തിയും വൎദ്ധിച്ചിരിക്കുന്ന പ്രജകളെ ഭരണകാൎയ്യത്തിൽ കൂടുതൽ പങ്കുകൊള്ളിക്കുവാൻ നിയമസഭയെ സംബന്ധിച്ചു ചില വലിയ മാററങ്ങളും വരുത്തി. ഈ നിയമപ്രകാരം വോട്ടവകാശം വളരെ അധികം ജനങ്ങൾക്കു കിട്ടുകയും നിയമസഭയിൽ ജനപ്രതിനിധികളുടെ തലവനെ ജനക്ഷേമത്തെ പ്രത്യേകം സംബന്ധിക്കു




ബഹു. മന്ത്രി ശ്രീ. പി. ഗോവിന്ദമേനോൻ അവർകൾ.

ന്ന വകുപ്പുകളെ ഭരിക്കുവാൻ ഒരു മന്ത്രിയായി കല്പിച്ചു നിയമിക്കുകയും ചെയ്തുതുടങ്ങി. ഈ മാററം ഉത്തരവാദിത്വഭരണത്തിൻെറ അടിപ്പടവാണ്. തീപ്പെട്ട മഹാരാജാവു തിരുമനസ്സിലെ സ്ഥാനാരോഹണം സംബന്ധിച്ചുണ്ടായ ഡർബാർസമ്മേളനാവസരത്തിൽ തിരുമനസ്സുകൊണ്ടു് പ്രഖ്യാപനംചെയ്ത വിളംബരപ്രകാരം ഒരു മന്ത്രിസ്ഥാനംകൂടി കല്പിച്ചു നിയമിച്ചു. ദിവാൻജി അർകളുടെ ഭരണാധികാരത്തിൽ നിലനിന്നിരുന്ന ചില വകുപ്പുകളേയും കൂടി ജനകീയദ്രുഷ്ട്യാ ഭരിക്കുവാൻവേണ്ടിയാണ്



ബഹു. മന്ത്രി ശ്രീ. സി. എ. ഔസേപ്പ് അവർകൾ.

ഈ ദ്വിതീയ മന്ത്രിപദം സൃഷ്ടിച്ചതു്. അതിനും പുറമെ ഇയ്യിടെയായി ഭരണവകുപ്പുകൾ എല്ലാം മന്ത്രിപ്രവരന്മാൎക്കു വിട്ടുകൊടുത്തിരിക്കുന്നു. ഇതുകൊണ്ടു് കൊച്ചിരാജ്യത്തു പൂൎണ്ണ ഉത്തരവാദിത്വഭരണം നടപ്പിലായിട്ടുണ്ടു്. ഇപ്പോഴത്തെ മന്ത്രിമാർ ബഹുമാനപ്പെട്ട ഇക്കണ്ടവാരിയർ അവർകൾ, ബഹു: സി. എ. ഔസേപ്പ് അവർകൾ, ബഹു: പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ, ബഹു: കെ. അയ്യപ്പൻ അവർകൾ എന്നിവരാകുന്നു. ഇവരെല്ലാം നിയ



ബഹു. മന്ത്രി ശ്രീ. കെ. അയ്യപ്പൻ അവർകൾ.

മസഭയിലുള്ള ജനപ്രതിനിധികളാകുന്നു. മാത്രമല്ല, നിയമസഭാദ്ധ്യക്ഷനേയും ഇപ്പോൾ സഭതന്നെയാണു് വോട്ടുചെയ്തു തിരഞ്ഞെടുക്കുന്നതു്.

മഹാരാജാവു് തിരുമനസ്സുകൊണ്ടു നീണാൾ വാണരുളട്ടെ എന്നു നിങ്ങൾ സൎവ്വാത്മനാ പ്രാൎത്ഥിക്കുവിൻ!



Printed at the Vidya Vinodini Press, Trichur.

P-R